# സന്താന പരിപാലനം

തയ്യാറാക്കിയത്:
**മുഹമ്മദ്ബ്നു ജമീൽ സൈനു**
വിവർത്തനം:
സയ്യിദ് സഅ്ഫർ സ്വാദിഖ്

# كيف نربي أولادنا

## وما هو واجب الآباء والأبناء

**إعداد: محمد بن جميل زينو**

**ترجمة: سيد سعفر صادق**

**الطبعة الأولى: ١٤٢٨هـ**

islamhouse.com

١٤٢٨هـ - ٢٠٠٧م

المكتب التعاوني للدعوة وتوعية الجاليات بالربوة
Islamic Propagation Office in Rabwah
P.O.Box 29465 RIYADH 11457 – TEL 4454900 – 4916065
FAX: 4970126 - E-Mail: rabwah@islamhouse.com
http://www.islamhouse.com

## വിവർത്തക കുറിപ്പ്

സന്താനങ്ങൾ ഐഹിക ലോകത്തെ സൗന്ദര്യവും, വിഭവങ്ങളുമാകുന്നു. വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഐഹിക വിഭവങ്ങളായ സന്താനങ്ങളെ ഇസ്‌ലാമിക നിയമങ്ങൾക്കനുസരിച്ച് വളർത്തേണ്ടത് അവരുടെ ബാധ്യതയാകുന്നു. തിരുനബിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഒരാൾ മരിച്ച് കഴിഞ്ഞാൽ അവന് ഉപകാരപ്പെടുന്ന കാര്യങ്ങളുടെ കൂട്ടത്തിൽ തിരുമേനി എണ്ണിയതിൽ മരിച്ച വ്യക്തിക്ക്‌വേണ്ടി പ്രാർത്ഥിക്കുന്ന സദ്‌വൃത്തരായ സന്താനങ്ങളെയും നമുക്ക് കാണാവുന്നതാണ്. അത്കൊണ്ട് തന്നെ നാം വളരെയധികം ശ്രദ്ധയോടെ വളർത്തുകയും, വളർച്ചയുടെ ഓരോ ഘട്ടങ്ങളും അതി സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്യുന്ന നമ്മുടെ സന്താനങ്ങൾ സദ്‌വൃത്തരായ സന്താനങ്ങളായി തീരേണ്ടതുണ്ട്. നാം മരിച്ച് കഴിഞ്ഞാലും നമ്മുടെ സന്താനങ്ങൾ നമുക്ക്‌വേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നവരാകണം. അതിന് നാം അവരെ ഇസ്‌ലാമിക ശിക്ഷണം നൽകി വളർത്തേണ്ടതുണ്ട്. ഒരു മുസ്‌ലിം തൻെറ സന്താനങ്ങളെ എങ്ങിനെ വളർത്തണം,

കൂടുതൽ പ്രാധാന്യം ഏത് വിഷയത്തിനാണ് നൽകേണ്ടത് എന്നുമെല്ലാം വിശദമാക്കുകയാണ് സഊദീ അറേബ്യയിലെ അറിയപ്പെടുന്ന പണ്ഡിതനും, ഗ്രന്ഥകാരനുമായ മുഹമ്മദ്ബ്നു ജമീൽ സൈനു ഈ കൃതിയിലൂടെ ചെയ്യുന്നത്. മാതാപിതാക്കൾക്ക് മക്കളോടുള്ള ബാധ്യതയും, സന്താനങ്ങൾക്ക് രക്ഷിതാക്കളോടുള്ള ബാധ്യതയും ഈ കൃതിയിൽ പ്രതിപാദിക്കുന്നുണ്ട്. സന്താനങ്ങളെ വളർത്തേണ്ട രക്ഷിതാക്കൾ ഏത് മാർഗത്തിലാണോ അവരെ വളർത്തേണ്ടത് ആ മാർഗം ആദ്യം പഠിക്കണം. അത്കൊണ്ട് തന്നെ ഓരോ രക്ഷിതാക്കളും ഇസ്ലാമിക നിയമനിർദ്ദേശങ്ങൾ പഠിക്കുകയും തങ്ങളുടെ ജീവിതത്തിൽ പകർത്തുകയും ചെയ്യേണ്ടതുണ്ട്. കാരണം സന്താനങ്ങൾ രക്ഷിതാക്കളുടെ ഓരോ ചലനങ്ങളും നോക്കുകയും പിൻപറ്റുകയും ചെയ്യുന്നതിനാൽ രക്ഷിതാക്കൾ മാതൃകകളാകേണ്ടതുണ്ട്. തിരുമേനി പറഞ്ഞല്ലോ; "ഒരോ മനുഷ്യകുഞ്ഞും ജനിച്ച് വീഴുന്നത് ശുദ്ധപ്രകൃതിയോടെയാണ്. പിന്നെ അവൻെറ മാതാപിതാക്കളാണ് അവനെ ജൂതനോ, ക്രൈസ്തവനോ, അഗ്നിയാരാധകനോ ആക്കുന്നത്" (ഹദീസ്). രക്ഷിതാക്കളായ നമ്മുടെ പ്രവർത്തനം കൊണ്ടോ, ഇടപെടൽ കൊണ്ടോ, പെരുമാറ്റം മുഖേനയോ ഒരു കുഞ്ഞ് അവൻെറ ശുദ്ധപ്രകൃതിയിൽ നിന്നും തെറ്റിപ്പോയാൽ നാം പരലോകത്ത് അല്ലാഹുവിൻെറ മുന്നിൽ മറുപടി പറയേണ്ടി വരുമെന്ന ബോധം എപ്പോഴും മനസ്സിൽ സൂക്ഷിക്കേണ്ടതുണ്ട്. അതുകൊണ്ട് തന്നെ സന്താന പരിപാലനമെന്നുള്ള വിഷയം വളരെ ഗൗരവമുള്ളതാണ്. അത് നാം അതർഹിക്കുന്ന ഗൗരവത്തിൽ തന്നെ ഉൾകൊള്ളുകയും ചെയ്യണം. അറബിയിൽ നിന്ന് മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്യുമ്പോഴുള്ള പ്രശ്നങ്ങൾ ഈ വിവർത്തന കൃതിയിലും നിങ്ങൾക്ക് കാണാൻ കഴിഞ്ഞേക്കാം, അത്കൊണ്ട് തന്നെ വന്ന പിഴവുകൾ സഹോദര ബുദ്ധ്യാ ഉണർത്തണമെന്ന് അപേക്ഷിക്കു

കയാണ്. ഈ ഗ്രന്ഥം രചിക്കുകയും, വിവർത്തനം പുറത്തിറക്കുകയും പരിഭാഷ പരിശോധിച്ച് തെറ്റുകൾ തിരുത്തി തരികയും ചെയ്തവർക്കും അല്ലാഹു അർഹമായ പ്രതിഫലം നൽകുമാറാവട്ടെ. ഇരുലോകത്തും അവർക്ക് അല്ലാഹു സൗഭാഗ്യം നൽകുമാറാവട്ടെ. നമ്മൾ മരിച്ചാലും നമ്മുടെ സന്താനങ്ങളെ നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്ന സദ്വൃത്തരായ സന്താനങ്ങളാക്കി വളർത്തുവാൻ അല്ലാഹു നമുക്കെല്ലാം തൗഫീഖ് നൽകുമാറാവട്ടെ. ആമീൻ.

നിങ്ങളുടെ സഹോദരൻ
സയ്യിദ് സഅ്ഫർ സ്വാദിഖ്.
ജുബൈൽ.

പ്രവാചകൻ ﷺ പറയുന്നു:
(നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ നിങ്ങളുടെ സന്താനങ്ങൾക്കിടയിൽ നീതി പാലിക്കുക)
(തിർമിദി)

## സമർപ്പണം:

- തങ്ങളുടെ സന്താനങ്ങൾക്ക് സൗഭാഗ്യം ഉദ്ദേശിക്കു ന്ന മുഴുവൻ മാതാപിതാക്കൾക്കും.
- വിദ്യാർത്ഥികൾക്ക് മാതൃകകളായ മുഴുവൻ അധ്യാ പക അധ്യാപികമാർക്കും.
- വിജയം ആഗ്രഹിക്കുന്ന മുഴുവൻ പഠിതാക്കൾക്കും.
- സർവ്വ രക്ഷിതാക്കളിലേക്കും, സന്താനങ്ങളിലേക്കും.

ഈ ഗ്രന്ഥം വായിക്കുന്നവർക്ക് ഉപകാരപ്രദമാവ ട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

മുഹമ്മദ് ബ്നു ജമീൽ സൈനു.

بسم الله الرحمن الرحيم

إن الحمد لله نحمده ونستعينه ونستغفره، ونعوذ بالله من شرور أنفسنا وسيئات أعمالنا من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لاإله إلاالله وحده لاشريك له، وأشهد أن محمدا عبده ورسوله. أما بعد...

സന്താനപരിപാലനം എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാകുന്നു. ഇതിലൂടെയാണ് മാതാപിതാക്കളുടെയും സമൂഹത്തിന്റെയും സമുദായത്തിന്റെയും നന്മ കുടികൊള്ളുന്നത്. ഇത്കൊണ്ടാണ് ഇഹലോകത്തും പരലോകത്തും സന്താനങ്ങൾക്ക് സൗഭാഗ്യത്തിനുള്ള നിർദ്ദേശങ്ങൾ നൽകിയ അവരുടെ വഴികാട്ടിയും അധ്യാപകനും പരിപാലകരുടെ നേതാവുമായ മുഹമ്മദ്(ﷺ)യും ഇസ്ലാമും ഈ വിഷയത്തിന് വളരെയധികം പ്രാധാന്യം നൽകുവാൻ കാരണം.

നമ്മുടെ വിജയവും, നന്മയുമായ വിശുദ്ധ ഖുർആനിൽ ലുഖ്മാനുൽ ഹകീം തന്റെ കുഞ്ഞുമകന് നൽകുന്ന വളരെ പ്രധാനപ്പെട്ടതും ഉപകാരപ്രദവുമായ ഉപദേശ

ങ്ങളുടെ ചരിത്രം നമുക്ക് കാണാനാവും. റസൂലുള്ളാഹി(ﷺ) തൻെറ പിതൃവ്യപുത്രനായ അബ്ദുല്ലാഇബ്നു അബ്ബാസിؓൻെറ മനസ്സിൽ വളരെ ചെറുപ്പത്തിൽ തന്നെ വിശ്വാസപരമായ കാര്യങ്ങൾ ഊട്ടിയുറപ്പിക്കുവാനുള്ള കാരണവും ഇതു തന്നെയാണ്. സന്താനങ്ങളോടുള്ള മാതാപിതക്കളുടെ കടമകളും, സന്താനൾക്ക് തങ്ങളുടെ രക്ഷിതാക്കളോടുള്ള കടമകളും ഈ പുസ്തകത്തിൽ കാണാവുന്നതാണ്.

ഈ പുസ്തകം വായിക്കുന്നവർക്ക് ഉപകാരപ്പെടട്ടേയെന്നും, അല്ലാഹുവിൻെറ പ്രീതി ഉദ്ദേശിച്ചു കൊണ്ടുള്ള ഒരു പ്രവർത്തനമാക്കട്ടെ ഇതെന്നും അല്ലാഹുവോട് പ്രാർത്ഥിക്കുന്നു.

മുഹമ്മദ്ബ്നു ജമീൽ സൈനു.

## وصايا لقمان الحكيم لإبنه
## ലുഖ്മാനുൽ ഹകീം
## <u>മകനു നൽകുന്ന ഉപദേശങ്ങൾ</u>

അല്ലാഹു പറയുന്നു:

**(وإذْ قَالَ لُقْمانُ لِإبنِهِ وهو يعظُه )**

**"ലുഖ്മാൻ തൻെറ മകന് സദുപദേശം നൽകിക്കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു):" (ലുഖ്മാൻ:13)**

**ഈ ഉപദേശം വളരെ പ്രധാനപ്പെട്ടതും, ഉപകാരമുള്ളതുമാണ്. ലുഖ്മാനുൽ ഹകീം പറയുന്നതായി അല്ലാഹു പറയുന്നു:**

1- **(يابني لاَ تشرك بِاللهِ إن الشرك لَظُلْم عظِيم) (لقمان:١٣)**

**"എൻെറ കുഞ്ഞു മകനെ, നീ അല്ലാഹുവോട് പങ്ക് ചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്ക്ചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു" (ലുഖ്മാൻ:13)**

**അല്ലാഹുവിൽ പങ്ക് ചേർക്കുന്നതിനെ നീ സൂക്ഷിക്കുക, മരിച്ചവരോട് പ്രാർത്ഥിക്കൽ പോലെയുള്ള ആരാധനകളിലുള്ള ശിർക്കിനെ നീ ഭയപ്പെടുക.**

പ്രവാചകൻ(ﷺ) പറയുകയുണ്ടായി:

**(الدعــــــــاءُ هو العِبــــــــادةُ) (ترمذي)**

"പ്രാർത്ഥന അത് തന്നെയാണ് ആരാധന" (തിർമിദി)

താഴെ വരുന്ന വചനം അല്ലാഹു അവതരിപ്പിച്ചപ്പോൾ

**(الذِين آمنوا ولَم يلْبِسوا إيمانهم بِظُلْمٍ) (الأنعام:٨٢)**

“വിശ്വസിക്കുകയും, തങ്ങളുടെ വിശ്വാസത്തിൽ അന്യായം കൂട്ടിക്കലർത്താതിരിക്കുകയും ചെയ്തവരാരോ ...” (അൻആം:82) മുസ്‌ലീങ്ങൾക്ക് മനഃപ്രയാസമുണ്ടായി, അവർ പറഞ്ഞു: ആരാണ് നമ്മിൽ സ്വയം തന്നെ അക്രമം പ്രവർത്തിക്കാത്തത്? അപ്പോൾ പ്രവാചകൻ(ﷺ) പറഞ്ഞു: “അതല്ല ശിർക്കാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. ലുഖ്മാൻ തന്റെ മകനോട് പറയുന്നത് നിങ്ങൾ കേട്ടിട്ടില്ലേ?:

(يابني لا تشرك بالله إن الشرك لظلم عظيم) (لقمان:١٣)

“എന്റെ കുഞ്ഞു മകനെ, നീ അല്ലാഹുവോട് പങ്ക് ചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്ക്ചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു” (ലുഖ്മാൻ :13) (മുത്തഫകുൻ അലൈഹി)

2- അല്ലാഹു പറയുന്നു:

(ووصينا الإنسان بوالديه حملته أمه وهنا على وهن وفصاله في عامين أن اشكر لي ولوالديك إلي المصير) (لقمان:١٤)

“മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു. -ക്ഷീണത്തിനു മേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്നു നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ട് വർഷം കൊണ്ടുമാണ്- എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം” (ലുഖ്മാൻ:14)

അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്ന വസ്വിയ്യത്തിന് ശേഷം പറഞ്ഞത് മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന വസ്വിയ്യത്താകുന്നു. ഇത് അതിന്റെ പ്രാധാന്യത്തെയാണ് കാണിക്കുന്നത്. ഉമ്മ തന്റെ കുഞ്ഞിനെ വളരെ പ്രയാസം സഹിച്ച് ഗർഭം ചുമന്നു, പിതാവ് അവന്

വേണ്ടി ചിലവഴിക്കുകയും ചെയ്തു. അതുകൊണ്ട് തന്നെ അവൻ അല്ലാഹുവിന് നന്ദി ചെയ്യണം, തൻെറ മാതാപി താക്കൾക്കും നന്ദി ചെയ്യണം.

3- അല്ലാഹു പറയുന്നു:

**(وإنْ جاهداك على أنْ تشرك بي ما ليس لك به عِلْم فَلا تطِعهما وصاحِبهما فِي الدنيا معروفًا واتبِع سبِيلَ من أناب إلي ثُم إلي مرجِعكُم فَأنبئُكُم بِما كُنتم تعملُونَ) (لقمان:١٥)**

“നിനക്ക് യാതൊരറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിൻെറ മേൽ നിർബ്ബന്ധം ചെലുത്തുന്ന പക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് അവരോട് നീ നല്ല നിലയിൽ സഹവസിക്കുകയും, എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക. പിന്നെ എൻെറ അടുത്തേക്കാകുന്നു നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.” (ലുഖ്മാൻ:15)

ഈ ആയത്തിനെ വിശദീകരിച്ച് കൊണ്ട് ഇമാം ഇബ്നുകഥീർ(റ) പറയുന്നു: “നിൻെറ മാതാപിതാക്കൾ ഇസ്ലാമിന്ന് വിരുദ്ധമായി അവരുടെ മതത്തിൻെറ കാര്യത്തിൽ നിന്നെ നിർബ്ബന്ധിക്കുകയാണെങ്കിൽ നീ അവരിൽ നിന്ന് അത് സ്വീകരിക്കുവാൻ പാടില്ല, എന്നാൽ ഇഹലോകത്ത് അവർക്ക് നന്മ ചെയ്യുന്നതിൽ നിന്ന് ഇത് നിന്നെ തടയുവാനും പാടില്ല. നീ സത്യവിശ്വാസികളുടെ പാതയാണ് പിൻപറ്റേണ്ടത്”

ഞാൻ (ഗ്രന്ഥകർത്താവ്) പറയുന്നു: ഈ കാര്യം തന്നെയാണ് പ്രവാചകൻ(ﷺ)യുടെ വചനങ്ങളിൽ നിന്ന് മനസിലാകുന്നത്:

**( لاَ طَاعةَ فِي معصِيةِ اللهِ إنما الطاعةُ فِي الْمعروفِ ) (مسلم)**

"അല്ലാഹുവിനെ ധിക്കരിക്കുന്നതിൽ ആരെയും അനുസരി ക്കുവാൻ പാടില്ല, തീർച്ചയായും അനുസരണം നന്മയിൽ മാത്രമാകുന്നു" (മുസ്‌ലിം)

4- അല്ലാഹു പറയുന്നു:

**(يابني إِنها إِنْ تكُن مِثْقَالَ حبةٍ مِن خردلٍ فَتكُن فِي صخرةٍ أَو فِي السمواتِ أَو فِي الأَرضِ يأتِ بِها الله إِن الله لَطِيف خبِير) (لقمان:١٦)**

"എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത്(കാര്യം) ഒരു കടുക്മണിയുടെ തൂക്കമുള്ളതായിരുന്നാലും, എന്നിട്ടത് ഒരു പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെ തന്നെ ആയാലും അല്ലാഹു അത് കൊണ്ടുവരു ന്നതാണ്. തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മ ജ്ഞനുമാകുന്നു" (ലുഖ്മാൻ:16)

ഇമാം ഇബ്നുകഥീർ(റ) പറയുന്നു: "അക്രമവും തെറ്റും എത്രതന്നെ ചെറുതാണെങ്കിലും അല്ലാഹു പ്രതിഫ ല നാളിൽ തൂക്കികണക്കാക്കുവാൻ അത്കൊണ്ട് വരുന്ന താണ്. നന്മയാണെങ്കിൽ അതിന് പ്രതിഫലവും, തിന്മയാ ണെങ്കിൽ അതിന് ശിക്ഷയുമുണ്ടായിരിക്കും".

5- അല്ലാഹു പറയുന്നു:

**(يابني أَقِم الصلاةَ) (لقمان:١٧)**

"എന്റെ കുഞ്ഞുമകനെ, നീ നമസ്കാരം മുറ പോലെ നിർവ്വഹിക്കുക" (ലുഖ്മാൻ:17)

നമസ്കാരം അതിന്റെ നിയമങ്ങളും, ഫർളുകളും മറ്റും കൃത്യമായി പൂർത്തീകരിച്ച് അതിന്റെ സമയത്ത് നിർവ്വഹിക്കുക.

6- അല്ലാഹു പറയുന്നു:

(وأمر بالمعروف وانه عن المنكر) (لقمان:١٧)

“നീ സദാചാരം കൽപിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുക” (ലുഖ്മാൻ:17)

നല്ല രൂപത്തിൽ നിനക്ക് സാധിക്കുന്ന വിധത്തിൽ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക.

7- അല്ലാഹു പറയുന്നു:

(واصبر على ما أصابك) (لقمان:١٧)

“നിനക്ക് ബാധിച്ച വിഷമങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക” (ലുഖ്മാൻ:17)

നന്മ കൽപിക്കുന്നതും, തിന്മ വിരോധിക്കുന്നതും ജനങ്ങളിൽ നിന്ന് ഉപദ്രവം നേരിടുന്ന കാര്യമാണെന്നത് നിസ്സംശയമാണ്. അത്കൊണ്ടാണ് ക്ഷമിക്കണമെന്ന് ഇവിടെ പ്രത്യേകം ഉപദേശിക്കുന്നത്.

പ്രവാചകൻ(ﷺ) പറയുന്നു:

(المؤمن الذي يخالط الناس ويصبر على أذاهم أعظم أجرا من المؤمن الذي لا يخالط الناس ولا يصبر على أذاهم ) (أحمد)

“ജനങ്ങളുമായി ഇടപഴകുകയും, അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയും ചെയ്യുന്ന സത്യവിശ്വാസിക്കാണ് ജനങ്ങളുമായി ഇടപഴകാതിരിക്കുകയും, അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കാതിരിക്കുകയും ചെയ്യുന്ന സത്യവിശ്വാസിയേക്കാൾ കൂടുതൽ പ്രതിഫലമുള്ളത്” (അഹ്മദ്)

അല്ലാഹു പറയുന്നു:

(إن ذلك من عزم الأمور) (لقمان:١٧)

“തീർച്ചയായും ഖണ്ഡിതമായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്” (ലുഖ്മാൻ:17)

അതായത് ജനങ്ങളുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയെന്നത് പ്രധാനപ്പെട്ട കാര്യമാകുന്നു.

8- അല്ലാഹു പറയുന്നു:

(ولاَ تصعر خدكَ لِلناس) (لقمان:١٨)

"നീ (അഹങ്കാരത്തോടെ) മനുഷ്യരുടെ നേർക്ക് നിന്റെ കവിൾ തിരിച്ചുകളയരുത്" (ലുഖ്മാൻ:18)

നീ ജനങ്ങളുമായി സംസാരിക്കുമ്പോഴോ, അവർ നിന്നോട് സംസാരിക്കുമ്പോഴോ നീ നിന്റെ മുഖത്തെ അഹങ്കാരത്താൽ തിരിച്ച് കളയരുത്. നീ അവരോട് സൗമ്യമായി പെരുമാറുകയും, അവരിലേക്ക് നിന്റെ മുഖത്തെ തിരിക്കുകയും ചെയ്യുക.

പ്രവാചകൻ(ﷺ) പറയുന്നു:

(ولَو أنْ تلْقَى أخاك و وجهك إِليهِ منبسِطٌ ، وإياك وإسبالَ الإزار فَإنها مِن الْمخِيلَةِ ، و الْمخِيلَةَ لاَ يحِبها الله) (أحمد )

"പ്രസന്ന മുഖത്തോടെ നിന്റെ സഹോദരനെ കണ്ടുമുട്ടുന്നത് പോലും (നിസ്സാരമായി) കാണരുത്, നീ വസ്ത്രം നെരിയാണിക്ക് താഴെ താഴ്ത്തിയിടരുത്, കാരണമത് അഹങ്കാരത്തിൽ പെട്ടതാണ്. അഹങ്കാരം അല്ലാഹു ഇഷ്ടപ്പെടുകയില്ല" (അഹ്മദ്)

നബി(ﷺ) പറയുന്നു:

( قَالَ رسولُ اللهِ صلى الله عليهِ وسلم : تبسمك فِي وجهِ أخِيك لَك صدقَةٌ ) (ترمذي)

"നിന്റെ സഹോദരനോടുള്ള നിന്റെ പുഞ്ചിരിക്കുന്ന മുഖം സ്വദഖയാകുന്നു" (തിർമിദി)

9- അല്ലാഹു പറയുന്നു:

(ولاَ تمش فِي الأَرض مرحا) (لقمـان:١٨)

"ഭൂമിയിലൂടെ നീ പൊങ്കച്ചം കാട്ടി നടക്കുകയും അരുത്" (ലുഖ്മാൻ:18)

അതായത് നീ പൊങ്കച്ചം കാണിച്ച്, അഹങ്കാരത്തോടെ, ദുരഭിമാനിയായി നടക്കരുത്. അങ്ങനെ ചെയ്യുകയാണെങ്കിൽ അല്ലാഹു നിന്നോട് കോപിക്കുന്നതാണ്.

10- ഇത് കൊണ്ടാണ് അല്ലാഹു പറയുന്നത്:

(إن اللـه لاَ يحِـب كُـل مختـالٍ فَخـورٍ) (لقمـان:١٨)

"ദുരഭിമാനിയും പൊങ്ങച്ചക്കാരനുമായ യാതൊരാളെയും അല്ലാഹു ഇഷ്ടപ്പെടുകയില്ല (ലുഖ്മാൻ:18)

അതായത് സ്വയം തന്നെ പൊങ്ങച്ചം നടിച്ച് അൽഭുതം കൂറുകയും, മറ്റുള്ളവരോട് ദുരഭിമാനം നടിക്കുകയും ചെയ്യുകയെന്നത് അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.

11- അല്ലാഹു പറയുന്നു:

(واقْصِد فِي مشيِك) (لقمان:١٩)

"നിൻെറ നടത്തത്തിൽ നീ മിതത്വം പാലിക്കുക" (ലുഖ്മാൻ: 19)

നീ നടക്കേണ്ടത് മധ്യമ നിലയിലുള്ള നടത്തമാകുന്നു, തീരെ സാവധാനമല്ല, വേഗതയിലുമല്ല. മറിച്ച് മിതമായി മധ്യമ നിലയിലുള്ള നടത്തമാണ് നടക്കേണ്ടത്.

12- അല്ലാഹു പറയുന്നു:

(واغْضض مِن صوتك) (لقمان:١٩)

"നിൻെറ ശബ്ദം നീ ഒതുക്കുകയും ചെയ്യുക" (ലുഖ്മാൻ:19)

നീ സംസാരത്തിൽ അതിര് കവിയരുത്, അത്പോലെ ശബ്ദം ഉയർത്തി സംസാരിക്കുകയുമരുത്. ഇത് കൊണ്ടാണ് അല്ലാഹു അടുത്തതായി ഇങ്ങനെ പറയുവാൻ കാരണം:

13- അല്ലാഹു പറയുന്നു:

**(إِنَّ أَنكَرَ الْأَصْوَاتِ لَصَوْتُ الْحَمِيرِ) (لقمان:١٩)**

“തീർച്ചയായും ശബ്ദങ്ങളുടെ കൂട്ടത്തിൽ ഏറ്റവും വെറുപ്പുളവാക്കുന്നത് കഴുതയുടെ ശബ്ദമത്രെ” (ലുഖ്മാൻ:19)

ഇമാം മുജാഹിദ്(റ) പറയുന്നു: ഏറ്റവും മോശമായ ശബ്ദം കഴുതയുടെ ശബ്ദമാകുന്നു. അതായത് ശബ്ദം കൂട്ടി സംസാരിക്കുന്നതിനെ അതിൻെറ ശബ്ദത്തിലും മറ്റും കഴുതയോടാണ് സാമ്യപ്പെടുത്തിയിട്ടുള്ളത്. അതോടൊപ്പം തന്നെ അല്ലാഹുവിൻെറ കോപത്തിന് വിധേയവുമാണ്. കഴുതയോട് ഉപമിച്ചിരിക്കുന്നതിൽ നിന്നും നമുക്ക് മനസിലാക്കുവാനുള്ളത് അങ്ങിനെ ശബ്ദം കൂട്ടി സംസാരിക്കുകയെന്നത് നിഷിദ്ധവും, നിന്ദ്യവുമായ കാര്യവുമാണെന്നാണ്. കാരണം പ്രവാചകതിരുമേനി(ﷺ) പറയുന്നു:

**( قَالَ النبي صلى الله عليه وسلم لَيس لَنا مَثَلُ السوءِ الذِي يعود فِي هِبتِهِ كَالْكَلْبِ يرجِع فِي قَيئِهِ ) (بخاري)**

“താൻ ഛർദ്ദിച്ചതിലേക്ക് തന്നെ മടങ്ങി വരുന്ന നായയെ പോലെയാകുന്നു തൻെറ സമ്മാനം മടക്കി വാങ്ങുന്നവൻ. അതത്രെ നമ്മുടെ അടുത്തുള്ള ഏറ്റവും ചീത്ത ഉദാഹരണം” (ബുഖാരി)

( أن النبي صلى الله عليه وسلم قالَ إذَا سمِعتم صِياح الديكَةِ فَاسألوا الله مِن فَضلِهِ فَإنها رأت ملَكًا وإذَا سمِعتم نهيق الحِمارِ فَتعوذُوا بِاللهِ مِن الشيطَانِ فَإنه رأى شيطَانا ) (بخاري)

പ്രവാചകതിരുമേനി(ﷺ) പറയുന്നു: “നിങ്ങൾ കോഴി കൂവുന്നത് കേട്ടാൽ അല്ലാഹുവിനോട് അവനിൽ നിന്നുള്ള അനുഗ്രഹം ചോദിക്കുക, കാരണമത് മലക്കിനെ കണ്ടിരിക്കുന്നു. എന്നാൽ കഴുതയുടെ ശബ്ദം കേട്ടാൽ നിങ്ങൾ അല്ലാഹുവിനോട് പിശാചിൽ നിന്നും ശരണം തേടുക, കാരണമത് പിശാചിനെ കണ്ടിരിക്കുന്നു” (ബുഖാരി)
(കൂടുതൽ വിശദീകരണത്തിന് തഫ്സീർ ഇബ്നുകഥീർ വാള്യം:3/ പേജ്: 711 നോക്കുക.)

## ആയത്തുകളിൽ നിന്നുള്ള പാഠങ്ങൾ

1- ഇരുലോകത്തും ഉപകാരപ്പെടുന്ന കാര്യങ്ങൾ മാതാപിതാക്കൾ തങ്ങളുടെ സന്താനങ്ങളോട് ഉപദേശിക്കണം.
2- തുടങ്ങേണ്ടത് തൗഹീദ് കൊണ്ടായിരിക്കണം, അതോടൊപ്പം കർമ്മങ്ങളെ മുഴുവനും നിശ്ഫലമാക്കി കളയുന്ന ശിർക്കിനെ സംബന്ധിച്ച് താക്കീത് നൽകുകയും ചെയ്യണം.
3- അല്ലാഹുവിന് നന്ദി ചെയ്യൽ അനിവാര്യമാണ്. അതുപോലെ മാതാപിതാക്കൾക്കും നന്ദി ചെയ്യുകയും അവർക്ക് നന്മയും, അവരോട് നല്ലനിലയിൽ വർത്തിക്കുകയും ചെയ്യൽ നിർബ്ബന്ധമാണ്.

4- അല്ലാഹുവിനെ ധിക്കരിക്കുന്ന കാര്യത്തിൽ ഒഴിച്ച് ബാക്കി മുഴുവൻ കാര്യങ്ങളിലും മാതാപിതാക്കളെ അനുസരിക്കൽ നിർബ്ബന്ധമാണ്. കാരണം തിരുമേനി(ﷺ) പറയുന്നു:

(لاَطَاعَةَ فِي معصِيةِ اللهِ إنما الطاعةُ فِي الْمعروفِ) (متفق عليه)

“അല്ലാഹുവിനെ ധിക്കരിക്കുന്നതിൽ ആരെയും അനുസരിക്കുവാൻ പാടില്ല, തീർച്ചയായും അനുസരണം നന്മയിൽ മാത്രമാകുന്നു” (ബുഖാരി, മുസ്ലിം)

5- തൗഹീദുൾകൊണ്ട സത്യവിശ്വാസികളുടെ മാർഗം പിൻപറ്റൽ നിർബ്ബന്ധമാണ്, അതുപോലെ ബിദ്അത്തിൻെറ ആളുകളുടെ മാർഗം പിൻപറ്റൽ നിഷിദ്ധവുമാണ്.

6- അല്ലാഹു രഹസ്യവും പരസ്യവും കാണുന്നു, നന്മയും തിന്മയും എത്ര ചെറുതാണെങ്കിലും അതിനെ നിസ്സാരവൽക്കരിക്കാതിരിക്കുക.

7- നമസ്കാരം അതിൻെറ റുക്നുകളും, വാജിബുകളും, മറ്റും സമ്പൂർണമായി അടക്കത്തോടെ നിലനിർത്തൽ നിർബ്ബന്ധമാകുന്നു.

8- സദുപദേശത്തോടെയും, ഗുണകാംക്ഷയൊടെയും കഴിവും അറിവുമനുസരിച്ച് പരമാവധി നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യൽ നിർബ്ബന്ധമാകുന്നു.

തിരുമേനി(ﷺ) പറയുന്നു:

( من رأى مِنكُم منكَرا فَلْيغيره بِيدِهِ فَإِنْ لَم يستطِع فَبِلسانِهِ فَإِنْ لَم يستطِع فَبِقَلْبِهِ وذَلِك أضعف الإيمان )(مسلم)

“നിങ്ങളിൽ ആരെങ്കിലും, ഒരു തിന്മ കണ്ടാൽ അതിനെ നിങ്ങൾ നിങ്ങളുടെ കൈകൾ കൊണ്ട് തടയുക, അതിന് സാധിച്ചില്ലായെങ്കിൽ നിങ്ങളുടെ നാവ് കൊണ്ടതിനെ തടയുക, അതിനും സാധിച്ചില്ലായെങ്കിൽ നിങ്ങളുടെ ഹൃദയം

കൊണ്ടതിനെ വെറുക്കുക, അതാണ് വിശ്വാസത്തിൽ ഏറ്റ വും ദുർബ്ബലമായത്" (മുസ്ലിം)

9- നന്മ കൽപിക്കുകയും, തിന്മ വിരോധിക്കുകയും ചെയ്യു മ്പോഴുണ്ടാകുന്ന ഉപദ്രവങ്ങളിലും, പ്രയാസങ്ങളിലും നിങ്ങ ൾ ക്ഷമ അവലംബിക്കുക. ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

10- നടത്തത്തിൽ അഹങ്കാരവും, ദുരഭിമാനവും നടിക്കൽ നിഷിദ്ധമാണ്.

11- നടത്തത്തിൽ മിതത്വം പാലിക്കൽ നിയമമാക്കപ്പെട്ടി രിക്കുന്നു. വളരെ ധൃതി കൂട്ടാനോ, സാവകാശം കാണി ക്കുവാനോ പാടില്ല.

12- ആവശ്യത്തിലധികം ശബ്ദം ഉയർത്താതിരിക്കുക, കാരണമത് കഴുതയുടെ സ്വഭാവമാകുന്നു.

13- എല്ലാ കാര്യങ്ങളിലും മിതത്വം പാലിക്കുക.

وصايا نبوية مهمة

## ചില പ്രവാചക വസ്വിയ്യത്തുകൾ

**عن ابن عباسٍ رضي الله عنهما قَالَ: كُنت خلْف رسول اللهِ صلى الله عليهِ وسلم يوما فَقَالَ لي: يا غُلَام إِنـي أُعلمـك كَلِماتٍ:**

അബ്ദുല്ലാബ്നു അബ്ബാസി(ﷺ)ൽ നിന്ന് നിവേദനം, അദ്ദേഹം പറയുന്നു: പ്രവാചകൻെറ പിന്നിൽ യാത്ര ചെയ്ത് കൊണ്ടിരിക്കെ ഒരു ദിവസം പ്രവാചകൻ(ﷺ) എന്നോട് പറഞ്ഞു: "അല്ലയോ കുട്ടീ, നിനക്ക് ഞാൻ ചില വാചകങ്ങൾ പഠിപ്പിച്ച് തരാം.

1- **احفَظِ الله يحفَظْك**

"നീ അല്ലാഹുവിനെ സൂക്ഷിക്കുക, എന്നാൽ അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്."

നീ അല്ലാഹുവിൻെറ കൽപനകൾ ജീവിതത്തിൽ പകർത്തുകയും, വിരോധങ്ങളിൽ നിന്ന് വിട്ട് നിൽക്കുകയും ചെയ്യുക, എങ്കിൽ അല്ലാഹു നിന്നെ ഇഹലോകത്തും പരലോകത്തും സംരക്ഷിക്കുന്നതാണ്

2- **احفَظِ الله تجِده تجاهك (أمامك)**

"നീ അല്ലാഹുവിനെ സൂക്ഷിച്ചാൽ നിനക്ക് അവനെ നിൻെറ മുമ്പിൽ കാണാവുന്നതാണ്"

അല്ലാഹുവിൻെറ നിയമങ്ങൾ നീ സൂക്ഷിക്കുക, അല്ലാഹുവിന് നൽകേണ്ട അവകാശങ്ങൾ നീ അവന് ന

ൽകുക. എങ്കിൽ അല്ലാഹു നിന്നെ സഹായിക്കുകയും, അനുഗ്രഹിക്കുകയും ചെയ്യുന്നതാണ്.

3- **إذَا سألت فَاسأل الله وإذَا استعنت فَاستعِن بِاللهِ**

"നീ വല്ലതും ചോദിച്ചാൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക,"

"ഇഹലോകത്തെയും പരലോകത്തെയും വല്ല കാര്യങ്ങളിലും സഹായം ആവശ്യമായാൽ നീ അല്ലാഹുവിനോട് സഹായം തേടുക, പ്രത്യേകിച്ച് അല്ലാഹുവിനല്ലാതെ മറ്റാർക്കും നൽകുവാൻ സാധിക്കാത്ത കാര്യങ്ങളിൽ. രോഗം സുഖപ്പെടുത്തുക, ഉപജീവനം നൽകുക പോലെയുള്ളവയെല്ലാം അല്ലാഹുവിനു മാത്രം ചെയ്യുവാൻ സാധിക്കുന്ന കാര്യമാകുന്നു.)

4- **واعلم أن الأمةَ لو اجتمعت على أنْ ينفَعوك بِشيءٍ لم ينفَعوك إلا بِشيءٍ قَد كَتبه الله لَك ولو اجتمعوا على أنْ يضروك بِشيءٍ لَم يضروك إلا بِشيءٍ قَـد كَتبـه اللـه عليـك**

"നീ മനസ്സിലാക്കുക: സമൂഹം ഒന്നടങ്കം ഒരുമിച്ച് നിനക്ക് വല്ല ഉപകാരവും ചെയ്യുവാൻ ഉദ്ദേശിച്ചാലും അല്ലാഹു നിനക്ക് വിധിച്ചതല്ലാതെ യാതൊരു ഉപകാരവും ചെയ്യാൻ അവർക്കു സാധിക്കുകയില്ല. അത്പോലെ നിനക്ക് വല്ല ഉപദ്രവവും വരുത്തുവാൻ വേണ്ടി അവർ മുഴുവനും ഒരുമിച്ചാലും നിനക്ക് അല്ലാഹു വിധിച്ചതല്ലാതെ ഒരുപദ്രവത്തിനും അവർക്ക് സാധ്യമല്ല തന്നെ, അതായത് നന്മയും തിന്മയുമായ മുഴുവൻ കാര്യങ്ങളും അല്ലാഹുവിൽ നിന്നാണെന്ന ഖദ്റിൽ വിശ്വസിക്കുക)

5- رفعتِ الأقْلَام وجفتِ الصحف (رواه الترمذي قَالَ هذَا حدِيثٌ حـسن صحِيح)

"പേനകൾ ഉയർത്തുകയും, പേജുകൾ ഉണങ്ങുകയും ചെയ്തിരിക്കുന്നു" (തിർമിദി).

കാരണങ്ങൾ സ്വീകരിച്ചു കൊണ്ട് അല്ലാഹുവിൽ ഭരമേൽപിക്കുകയാണ് വേണ്ടത്. കാരണം തിരുമേനി(ﷺ) ഒട്ടകത്തിൻെറ ഉടമസ്ഥനോട് പറയുന്നു:

( اعقِلْها وتوكلْ ) (ترمذي)

"നീ അതിനെ കയറ് കൊണ്ട് ബന്ധിക്കുകയും അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യുക" (തിർമിദി)
തിർമിദിയുടേതല്ലാത്ത മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെ കൂടിയുണ്ട്:

6- تعرف إِلَى الله فِي الرخاءِ يعرفْك فِي الشدةِ

"ഐശ്വര്യമുള്ളയവസരത്തിൽ നീ അല്ലാഹുവിനെ ഓർത്താൽ വിഷമഘട്ടങ്ങളിൽ അല്ലാഹു നിന്നെയും ഓർക്കും." അതായത് ഐശ്വര്യ സമയത്ത് അല്ലാഹുവിൻെറയും, ജനങ്ങളുടെയും അവകാശങ്ങൾ നീ നൽകുക, എങ്കിൽ വിഷമങ്ങളുള്ള സമയത്ത് നിനക്ക് രക്ഷ ലഭിക്കുന്നതാണ് എന്ന് സാരം.

7- واعلم أن ما أخطأك لم يكن ليصيبك، وما أصابك لم يكن ليخطئك،

"നീ മനസ്സിലാക്കുക, നിനക്ക് പിഴവ് പറ്റിയത് ശരിയാക്കാൻ കഴിയുമായിരുന്നില്ല. നിനക്ക് ശരി സംഭവിച്ചത് പിഴക്കുകയുമില്ലായിരുന്നു"
(അല്ലാഹു നിനക്ക് വല്ലതും തടയുകയാണെങ്കിൽ അത് നിന്നിലേക്ക് ഒരിക്കലും എത്തുകയില്ല, അല്ലാഹു നിനക്ക്

വല്ലതും നൽകിയാൽ അതിനെ ആരും തന്നെ തടയുക യുമില്ല)

8- واعلَم أن النصر مع الصبر

" അറിയുക, സഹായം ക്ഷമ യോടൊപ്പമാകുന്നു"
(ശത്രുക്കൾക്കെതിരിലും, ശരീരത്തിനെതിരിലുമുള്ള സഹായം ക്ഷമയുടെമേൽ നൽകപ്പെട്ടിരിക്കുന്നു)

9- وأن الفَرج مع الكَربِ

"ആശ്വാസം പ്രയാസത്തോടൊപ്പമാണ് ലഭിക്കുക"
(സത്യവിശ്വാസിക്ക് വല്ല ദു:ഖവും വന്നാൽ അതിനോടൊപ്പം അതിൽ നിന്നുള്ള രക്ഷയുമുണ്ടായിരിക്കും)

10- وأن مع العسر يـسرا

"എളുപ്പം പ്രയാസത്തോടൊപ്പമാണ് ഉണ്ടാവുക"
(**جامع الأصول** - ന്റെ കർത്താവ് ഇത് ഹസനാക്കിയിട്ടുണ്ട്)
(മുസ്‌ലിമിന് വന്ന് ഭവിക്കുന്ന പ്രയാസത്തോടൊപ്പം തന്നെ എളുപ്പവും വരുന്നതാണ്)

## ഹദീസിൽ നിന്നുള്ള പാഠങ്ങൾ

1- തിരുമേനി(ﷺ) കുട്ടികളെ വളരെയധികം സ്നേഹിച്ചിരുന്നു, ഇബ്നു അബ്ബാസിനെ തന്റെ പിന്നിൽ ഇരുത്തിയതിന് ശേഷം 'അല്ലയോ കുട്ടി' എന്ന് അഭിസംബോധന

ചെയ്തതിന് ശേഷം മഹത്തായ ആശയങ്ങൾ ഉൾകൊള്ളുന്ന ചില പദങ്ങൾ പഠിപ്പിച്ച് കൊടുക്കുകയാണ്.

2- അല്ലാഹുവിനെ അനുസരിക്കുവാനും, അവനെ ധിക്കരിക്കാതിരിക്കുവാനും കുട്ടികളോട് കൽപിച്ചിരുന്നു, അങ്ങിനെ അവർക്ക് ഇഹത്തിലും പരത്തിലും സൗഭാഗ്യം നേടാനാകുന്നതാണ്.

3- ഐശ്വര്യത്തിലും, ആരോഗ്യത്തിലും, സന്തോഷത്തിലും അല്ലാഹുവിനും, ജനങ്ങൾക്കും നൽകേണ്ട അവകാശങ്ങൾ നൽകിയാൽ അല്ലാഹു സത്യവിശ്വാസിയെ വിഷമ ഘട്ടത്തിൽ സഹായിക്കുന്നതാണ്.

4- അല്ലാഹുവിനോട് മാത്രം ചോദിക്കേണ്ട സഹായങ്ങളും, കാര്യങ്ങളും അവനോട് മാത്രം ചോദിക്കുകയെന്ന തൗഹീദിലധിഷ്ഠിതമായ വിശ്വാസം കുട്ടികളുടെ ഇളം മനസ്സിൽ തന്നെ ഊട്ടിയുറപ്പിക്കേണ്ടത് മാതാപിതാക്കളുടെയും, രക്ഷിതാക്കളുടെയും ബാധ്യതയാകുന്നു.

5- നന്മയും തിന്മയുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിൻെറ വിധി നിർണ്ണയത്തിൽ പെട്ടതാണെന്നുള്ള വിശ്വാസം കുട്ടികളെ പഠിപ്പിക്കൽ അനിവാര്യമാണ്.

6- ഭാവി ജീവിതം പ്രതീക്ഷയോടെ, ആത്മധൈര്യത്തോടെ അഭിമുഖീകരിക്കുവാനും, തനിക്കും സമുദായത്തിനും ഉപകാരമുള്ളതുമാക്കി തീർക്കുവാനായി കുട്ടികളെ കർമനിരതരാക്കേണ്ടതുണ്ട്.

7- നബി(ﷺ) തൻെറ സമുദായത്തെ ക്ഷമ കൈ കൊള്ളുവാൻ പഠിപ്പിക്കുന്നു. കാരണം ക്ഷമയെന്നത് സഹായം ലഭിക്കുവാനുള്ള മഹത്തരമായ ഒരു കാര്യമാകുന്നു.

8- പ്രയാസങ്ങളോടൊപ്പം എന്തായിരുന്നാലും മോചനമുണ്ടാകുമെന്ന് പ്രവാചകൻ(ﷺ) മാർഗ ദർശനം നടത്തുന്നു. പ്രത്യേകിച്ച് പ്രാർത്ഥന കൂടിയുണ്ടെങ്കിൽ.

9- സത്യവാനിൽ സത്യവാനായ തിരുമേനി(ﷺ) അറിയിക്കുകയാണ്, തീർച്ചയായും പ്രയാസത്തോടൊപ്പം എളുപ്പമുണ്ടായിരിക്കുമെന്നത്.

## أركان الإسلام

## ഇസ്ലാം കാര്യങ്ങൾ

തിരുമേനി(ﷺ) അരുളിയിരിക്കുന്നു: "ഇസ്ലാം അഞ്ച് തൂണുകളിലാണ് പടുത്തുയർത്തപ്പെട്ടിട്ടുള്ളത്:

1- شهادةِ أنْ لاَ إِلَهَ إلا الله وأن محمدا رسولُ اللهِ

"അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും, മുഹമ്മദ് അവന്റെ പ്രവാചകനാണെന്നുമാള്ള സത്യം സാക്ഷ്യപ്പെടുത്തുക"

(ആരാധനക്കർഹനായി യഥാർത്ഥത്തിൽ അല്ലാഹുവല്ലാതെ ആരുമില്ലെന്ന് സാക്ഷ്യപ്പെടുത്തുക. അല്ലാഹുവിന്റെ മതത്തിൽ മുഹമ്മദ്(ﷺ)യെ അനുസരിക്കൽ നിർബ്ബന്ധവുമാകുന്നു)

2- وإقَـامِ الـصلاةِ

"നമസ്കാരം നിലനിർത്തുക"

(ഭയ ഭക്തിയോടെ, റുക്നുകളും, മറ്റു നിർബ്ബന്ധ ഘടകങ്ങളും എല്ലാം കൃത്യമായി പാലിച്ച് നമസ്കാരം നിലനിർത്തുക)

3- وإيتاء الزكاة

"സകാത്ത് നൽകുക"

(ഒരു മുസ്ലിം 85 ഗ്രാം സ്വർണമോ, അതിന് സമാനമായ കറൻസിയോ ഉടമപ്പെടുത്തുന്നുവെങ്കിൽ അതിന് ഒരു വർഷത്തിന് ശേഷം രണ്ടര ശതമാനം സകാത്തായി നൽകേണ്ടതാണ്. അതുപോലെ മറ്റുള്ള സമ്പത്തുകൾക്ക് കൃത്യമായ കണക്കും തോതുമുണ്ട്)

4- والحج البيت

"കഅബയിൽ പോയി ഹജ്ജ്കർമ്മം നിർവ്വഹിക്കുക"

(ആരോഗ്യവും, സമ്പത്തും, നിർഭയത്വവുമുള്ള പ്രായപൂർത്തിയായ ഒരു മുസ്ലിം തന്റെ ആയുസിനിടക്ക് ഒരു പ്രാവശ്യം ഹജ്ജ് ചെയ്യൽ നിർബ്ബന്ധമാകുന്നു)

5- وصوم رمضان

"റമളാൻ മാസത്തിൽ നോമ്പനുഷ്ടിക്കുക" (ബുഖാരിയും മുസ്ലിമും ഉദ്ദരിച്ച ഹദീസ്).

(ആരാധനയുടെ നിയ്യത്തോടെ പ്രഭാതം മുതൽ പ്രദോഷം വരെ സംയോഗം, ഭക്ഷണപാനീയങ്ങൾ കഴിക്കുക പോലെയുള്ള നോമ്പ് മുറിയുന്ന മുഴുവൻ കാര്യങ്ങളിൽ നിന്നും വിട്ട് നിൽക്കുക)

## ഹദീസിൽ നിന്നുള്ള പാഠങ്ങൾ

1- അല്ലാഹുവിനെയല്ലാതെ നാം മറ്റാരെയും ആരാധിക്കുവാൻ പാടില്ല, അവനോടല്ലാതെ മറ്റാരോടും നാം പ്രാർത്ഥിക്കുവാനും പാടില്ല. അവൻ നിയമമാക്കിയ രൂപത്തിലല്ലാതെ അവനെ ആരാധിക്കുവാൻ പാടില്ല, വിശുദ്ധഖുർ

ആനും തിരുസുന്നത്തും അനുസരിച്ചുള്ള നിയമങ്ങൾ നട പ്പിലാക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം 'അല്ലാഹുവല്ലാതെ യഥാർത്ഥത്തിൽ ആരാധനക്കർഹനായി ആരുമില്ലെ'ന്ന സാക്ഷ്യ വചനത്തിൻെറ അർത്ഥത്തിൽ ഉൾകൊള്ളുന്നുണ്ട്.

2- നബി(ﷺ) കൽപിച്ച കാര്യങ്ങളിൽ അദ്ദേഹത്തെ അനു സരിക്കുക, അദ്ദേഹം അറിയിച്ച് തന്ന കാര്യങ്ങളിൽ അദ്ദേ ഹത്തെ സത്യപ്പെടുത്തുക, വിരോധിച്ച കാര്യങ്ങളിൽ നിന്ന് വിട്ട്നിൽക്കുക. തിരുമേനിയെ അനുസരിക്കുന്നത് അല്ലാഹുവിനെ അനുസരിക്കലാകുന്നു. തുടങ്ങിയ കാര്യ ങ്ങൾ 'തീർച്ചയായും മുഹമ്മദ് അല്ലാഹുവിൻെറ റസൂലാ ണെന്ന' സാക്ഷ്യവചനം ഉൾകൊള്ളുന്നുണ്ട്.

## أركان الإيمان
## വിശ്വാസ കാര്യങ്ങൾ

നബി(ﷺ) അരുൾ ചെയ്യുന്നു: വിശ്വാസം എന്ന് പറ ഞ്ഞാൽ:

1- **أنْ تؤمنَ باللهِ**

"നീ അല്ലാഹുവിൽ വിശ്വസിക്കുക"

(ആരാധനയിലും, നാമ-ഗുണവിശേഷണങ്ങളിലും, സത്തയി ലുമുള്ള അല്ലാഹുവിൻെറ ഏകത്വം അംഗീകരിക്കുക)

2- **وملائكتِهِ**

"അവൻെറ മലക്കുകളിൽ വിശ്വസിക്കുക"

(അല്ലാഹുവിൻെറ കൽപനകൾ നടപ്പിലാക്കുവാനായി പ്ര കാശത്താൽ സൃഷ്ടിക്കപ്പെട്ട അല്ലാഹുവിൻെറ സൃഷ്ടിക ളാണ് മലക്കുകൾ)

3- وكُتبِــه

“അവൻെറ വേദഗ്രന്ഥങ്ങളിൽ വിശ്വസിക്കുക”
(തൗറാത്ത്, ഇഞ്ചീൽ, സബൂർ, അവസാന വേദഗ്രന്ഥമായ ഖുർആൻ)

4- ورسلِــه

“അവൻെറ പ്രവാചകന്മാരിലും വിശ്വസിക്കുക”
(അവരിൽ ആദ്യത്തെ റസൂൽ നൂഹും, അവസാനത്തേതും, ശ്രേഷ്ടരും മുഹമ്മദ്(ﷺ)യുമാകുന്നു)

5- واليوم الآخِــر

“അന്ത്യ ദിനത്തിൽ വിശ്വസിക്കുക”
(ജനങ്ങളുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുന്ന ദിവസത്തിൽ)

6- تؤمن بالقَدر خيره وشــره

“നന്മയും തിന്മയുമായ മുഴുവൻകാര്യങ്ങളും അല്ലാഹു വിൻെറ വിധി നിർണ്ണയത്തിൽ പെട്ടതാണെന്ന് വിശ്വ സിക്കുക” (മുസ്ലിം)
(വിധി നന്മയായാലും, തിന്മയായാലും തൃപ്തിപ്പെടുകയും, കാരണങ്ങൾ സ്വീകരിക്കുകയും ചെയ്യുക)

## ഹദീസിൽ നിന്നുള്ള പാഠങ്ങൾ

1- അല്ലാഹുവിൽ ഉള്ള വിശ്വാസം: ശാന്തിയും സമാധാന വും നിറഞ്ഞ പുനർ ജീവിതവും, സ്വർഗ പ്രവേശനവും സാധ്യമാക്കുന്നു.
2- മലക്കുകളിലുള്ള വിശ്വാസം: സൽകർമ്മങ്ങളിലേക്ക് ന യിക്കുകയും, അവ രേഖപ്പെടുത്തുകയും ചെയ്യുന്നു.
3- വേദഗ്രന്ഥങ്ങളിലും, പ്രവാചകന്മാരിലുമുള്ള വിശ്വാസം: വിജ്ഞാനത്തിനും, പ്രവർത്തനത്തിനും, സന്മാർഗത്തിനും സഹായിക്കുന്നു.
4- അവസാന നാളിലുള്ള വിശ്വാസം: കർമ്മങ്ങൾ ചെയ്യു വാനും, സ്വയം തന്നെ ആത്മ വിചാരണ നടത്തുവാനും പ്രേരണ നൽകുന്നു.
5- ഖദ്റിലുള്ള വിശ്വാസം: നന്മയായാലും തിന്മയായാലും അല്ലാഹുവിൻെറ വിധിയിൽ വിശ്വസിക്കുവാൻ പ്രേരണ ന ൽകുന്നു.

## الله فوق العرش

## അല്ലാഹു സിംഹാസനത്തിന് മുകളിൽ

വിശുദ്ധഖുർആനും, സ്വഹീഹായ ഹദീസുകളും, സുരക്ഷിതമായ ബുദ്ധിയും, ശുദ്ധപ്രകൃതിയും വ്യക്തമാക്കു ന്നത് അല്ലാഹു സിംഹാസനത്തിന് മുകളിലാകുന്നുവെ ന്നാണ്.

1- അല്ലാഹു പറയുന്നു:

**(الرحمن على العرش استوى) (طه:5)**

“പരമ കാരുണികൻ സിംഹാസനസ്ഥനാകുന്നു” (ത്വാഹാ:5)

2- പ്രവാചകൻ(ﷺ) തന്റെ ഹജ്ജത്തുൽ വിദാഇൽ അറഫ യിൽ വച്ച് പ്രസംഗിക്കുകയുണ്ടായി:

فَقَالَ بِإِصبعِهِ السبابةِ يرفَعها إِلى السماءِ وينكُتها إِلى الناسِ اللهم اشهد اللهم اشهد ثَلاثَ مراتٍ ) (مسلم)

“ആകാശത്തേക്ക് തന്റെ ചൂണ്ട്വിരൽ ഉയർത്തിപ്പിടിച്ച് ജ നങ്ങളിലേക്ക് തിരിഞ്ഞ് കൊണ്ട് പറയുകയുണ്ടായി: “അല്ലാഹുവെ നീ സാക്ഷി, അല്ലാഹുവെ നീ സാക്ഷി എന്ന് മൂന്ന് പ്രാവശ്യം ആവർത്തിച്ചു” (മുസ്ലിം)

3- നമസ്കരിക്കുന്നവൻ തന്റെ സുജൂദിൽ പറയുന്നു: (سبحان ربي الأعلى) “ഉന്നതനായ എന്റെ റബ്ബ് എത്ര പരിശു ദ്ധൻ!”. അതുപോലെ പ്രാർത്ഥിക്കുമ്പോൾ കൈകൾ ഉയർ ത്തുന്നതും ആകാശത്തേക്കാകുന്നു.

4- പിഞ്ചു പൈതങ്ങളോട് അല്ലാഹു എവിടെയെന്ന് ചോ ദിച്ചാൽ അവർ അവരുടെ ശുദ്ധ പ്രകൃതിയോടെ പറയുന്ന ത് അവൻ ആകാശത്താകുന്നുവെന്നാണ്.

5- അല്ലാഹു പറയുന്നു:

(وهو الله فِي السمواتِ) (سورة الأنعام: ٣)

“അല്ലാഹു ആകാശത്തിലാകുന്നു” (അൻആം:3)

ഈ ആയത്തിനെ വിശദീകരിച്ച് കൊണ്ട് ഇമാം ഇബ്നു കഥീർ(റ) പറയുന്നു: ‘വഴി പിഴച്ച ജഅ്മിയാക്കൾ പറയു ന്നത് പോലെ അല്ലാഹു എല്ലാ സ്ഥലത്തും ഉണ്ടെന്ന് നാം പറയില്ല. അവർ പറയുന്നതിൽ നിന്നും അല്ലാഹു ഉന്നത നാകുന്നു!!”.

അല്ലാഹു ഭൂമിയിലും ആകാശത്തിലുമാണെന്ന് പറഞ്ഞാൽ അതിന്റെ ഉദ്ദേശം അല്ലാഹു നമ്മെ കാണു ന്നു, അറിയുന്നു, കേൾക്കുന്നു, അവൻ സിംഹാസനാരോ ഹിതനാണെന്നാണ്.

## വിസ്മയിപ്പിക്കുന്ന, ഉപകാരമുള്ള കഥ

عن معاويةَ ابنِ الْحكَمِ السلَمِي قَالَ:( وكَانت لِي جارِيةٌ ترعى غَنما لِي قِبلَ أُحدٍ والْجوانِيةِ فَاطلَعت ذَات يومٍ فَإِذَا الذئب قَد ذَهب بِشاةٍ مِن غَنمِها وأَنا رجلٌ مِن بنِي آدم آسف كَما يأسفُونَ لَكِني صككْتها صكةً فَأَتيت رسولَ اللهِ صلى الله علَيهِ وسلم فَعظم ذَلِك علَي قُلْت يا رسولَ اللهِ أَفَلا أُعتِقُها قَالَ ائْتِنِي بِها فَأَتيته بِها فَقَالَ لَها أَين الله؟ قَالَت: فِي السماءِ، قَالَ: من أَنا؟ قَالَت: أَنت رسولُ اللهِ ، قَالَ: أَعتِقْها فَإِنها مؤمِنةٌ ) (مسلم)

“മുആവിയ്യബ്നു ഹകമുസ്സുലമി(ﷺ)യിൽ നിന്ന് നിവേദനം: അദ്ദേഹം പറയുന്നു: എനിക്ക് ആടുകളെ നോക്കുന്ന ഒരു അടിമ സ്ത്രീ ഉണ്ടായിരുന്നു. ഒരു ദിവസം ചെന്നായ ഒരു ആടിനെ പിടിക്കുകയുണ്ടായി. മനുഷ്യസഹജമായി എനിക്ക് സങ്കടം വന്നു, മാത്രമല്ല ഞാൻ അവളെ അടിക്കുകയും ചെയ്തു. അതിന് ശേഷമാണ് ഞാൻ ചെയ്തത് ഒരു വലിയ പാതകമാണെന്ന് എനിക്ക് ബോധ്യമായത്. അത് കാരണത്താൽ ഞാൻ പ്രവാചകൻ(ﷺ)യടുത്ത് പോയി കാര്യം പറഞ്ഞു. അല്ലയോ തിരുദൂതരെ, ഞാനവളെ മോചിപ്പിക്കട്ടേയോ. അപ്പോൾ തിരുമേനി പറഞ്ഞു: “നീ അവളെയും കൊണ്ട് വരൂ” അങ്ങിനെ ഞാൻ അവളെയും കൊണ്ട് വന്നു. അപ്പോൾ പ്രവാചക തിരുമേനി(ﷺ) അവളോട് ചോദിച്ചു: “അല്ലാഹു എവിടെയാണ്?” അവൾ പ്രതിവചിച്ചു:

"ആകാശത്തിൽ" ഞാൻ ആരെണെന്ന് പ്രവാചകൻ(ﷺ) വീണ്ടും ചോദിച്ചു? അവൾ പറഞ്ഞു: "താങ്കൾ അല്ലാഹുവിന്റെ പ്രവാചകനാണ്" അപ്പോൾ നബി(ﷺ) എന്നോട് പറയുകയുണ്ടായി: "നീ അവളെ മോചിപ്പിക്കുക, അവൾ സത്യവിശ്വാസിനിയാണ്". (മുസ്‌ലിം)

## കഥയിൽ നിന്നുള്ള ഗുണപാഠങ്ങൾ

1- തങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അത് എത്ര ചെറുതായിരുന്നാലും അതിൽ അല്ലാഹുവിന്റെ വിധി യെന്താണെന്ന് അറിയുവാൻ സ്വഹാബികൾ പ്രവാചകൻ(ﷺ)യുടെ അടുത്ത് വന്നിരുന്നു.

2- മതത്തിൽ വല്ല സംശയവും വന്നാൽ അതിന് പരിഹാരം തേടുവാനായി വിശുദ്ധഖുർആനെയും പ്രവാചകചര്യയേയും സമീപിക്കുക. അല്ലാഹു പറയുന്നു:

**(فَلاَ وربك لاَ يؤمِنونَ حتى يحكموك فِيما شجر بينهم ثُم لاَ يجِدوا فِي أنفُسِهم حرجا مِما قَضيت ويسلموا تسلِيما) (النساء:٦٥)**

"ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർ ക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധി കർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല" (നിസാഅ്:65)

3- അടിമകളെ അടിക്കുവാൻ പാടില്ല, അത് വലിയ പാപമാണെന്ന് പ്രവാചകൻ(ﷺ) തന്റെ സ്വഹാബിയെ പഠിപ്പിക്കുന്നു.

4- അടിമയെ മോചിപ്പിക്കുമ്പോൾ മുഅ്മിനായ അടിമയെ മോചിപ്പിക്കുക, അവിശ്വാസിയെ മോചിപ്പിക്കരുത്. ഇവിടെ അടിമ സ്ത്രീയെ വിശ്വാസിയാണെന്നറി ഞ്ഞപ്പോഴാണ് പ്രവാചകൻ(ﷺ) മോചിപ്പിക്കാൻ പറഞ്ഞത്. അവൾ അവിശ്വസിനിയായിരുന്നെങ്കിൽ അവളെ മോചിപ്പിക്കാൻ തിരുമേനി കൽപിക്കുമായിരുന്നില്ല.

5- തൗഹീദിനെ സംബന്ധിച്ച് ചോദിക്കൽ നിർബ്ബന്ധമാണ്, അതിൽ പെട്ടത് തന്നെയാണ് അല്ലാഹു സിംഹാസനാരോഹിതണെന്നത്. ഇത് മനസിലാക്കൽ അനിവാര്യമാകുന്നു.

6- അല്ലാഹു എവിടെയാണുള്ളതെന്ന ചോദ്യം മതത്തിൽ പെട്ടതാണ്. അത് നബി ചര്യയിൽ പെട്ടതാണ്. കാരണം പ്രവാചകൻ(ﷺ) ഇവിടെ അടിമ സ്ത്രീയോട് അങ്ങിനെ ചോദിച്ചിരിക്കുന്നു.

7- അല്ലാഹു ആകാശത്താണ് (ഉപരിലോകത്ത്) എന്ന് പറയൽ ഇസ്ലാമിക ശരീഅത്തിൽ പെട്ടതാകുന്നു. കാരണം ഇവിടെ അടിമസ്ത്രീ അല്ലാഹു ആകാശത്താണെന്ന് പറഞ്ഞപ്പോൾ തിരുമേനി അംഗീകരിച്ചിട്ടുണ്ട്. ഇത് തന്നെയാണ് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നതും. അല്ലാഹു പറയുന്നു:

**(أأمنتم من في السماء أن يخسف بكم الأرض)**

"<u>ആകാശത്തുള്ളവൻ</u> നിങ്ങളെ ഭൂമിയിൽ ആഴ്ത്തിക്കളയുന്നതിനെപ്പറ്റി നിങ്ങൾ നിർഭയരായോ?" (മുൽക്:17)

ഈ ആയത്തിനെ വിശദീകരിച്ച് കൊണ്ട് ഇബ്നു അബ്ബാസ്(رضي الله عنه) പറയുന്നു: "ഇവിടെ ആകാശത്തുള്ളവൻ എന്ന് പറഞ്ഞത് കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു ആകുന്നു" (തഫ്സീർ ഇബ്നുൽ ജൗസി)

8- വിശ്വാസം ശരിയാണെന്നതിനുള്ള തെളിവാണ് അല്ലാഹു ഉപരിലോകത്താണെന്ന് വിശ്വസിക്കൽ. അല്ലാഹു

ഉപരിലോകത്താണെന്ന് വിശ്വസിക്കൽ ഓരോ സത്യവിശ്വാസിയുടെയും ബാധ്യതയാകുന്നു.

9- മുഹമ്മദ്(ﷺ)യുടെ രിസാലത്തിൽ വിശ്വസിച്ചാൽ മാത്രമാണ് വിശ്വാസം ശരിയാവുന്നത്.

10- അല്ലാഹു അവന്റെ ഉൺമയോടെ എല്ലാ സ്ഥലത്തുമുണ്ടെന്ന വിശ്വാസം ഇവിടെ തിരുത്തുകയാണ്, യഥാർത്ഥത്തിൽ അല്ലാഹു അവന്റെ ഉൺമയോടെയല്ല, മറിച്ച് അവന്റെ അറിവ്കൊണ്ടാണ് നമ്മോടൊപ്പമുള്ളതെന്നതാണ് ശരിയായ വിശ്വസം.

11- അടിമ സ്ത്രീയെ പരീക്ഷിക്കാനായി പ്രവാചകൻ(ﷺ) ആവശ്യപ്പെട്ടുള്ളതിൽ നിന്നും നമുക്ക് മനസിലാക്കുവാൻ സാധിക്കുന്നത് പ്രവാചകന് മറഞ്ഞ കാര്യം അറിയില്ല എന്നതാണ്. റസൂലുല്ലാക്ക് അദൃശ്യം അറിയുമെന്ന് വാദിക്കുന്നവർക്കുള്ള മറുപടിയാണ് ഇതിലൂടെ പ്രവാചകൻ(ﷺ) പ്രകടിപ്പിക്കുന്നത്. ഇത്കൊണ്ടാണ് അല്ലാഹു പ്രവാചകനോട് ജനങ്ങളോടായി പറയുവാനായി കൽപിക്കുന്നത്:

**(قُلْ لاَ أَمْلِكُ لِنَفْسِي نَفْعًا وَلاَ ضَرًّا إِلاَّ مَا شَاءَ اللَّهُ وَلَوْ كُنْتُ أَعْلَمُ الْغَيْبَ لاَسْتَكْثَرْتُ مِنَ الْخَيْرِ وَمَا مَسَّنِيَ السُّوءُ إِنْ أَنَا إِلاَّ نَذِيرٌ وَبَشِيرٌ لِقَوْمٍ يُؤْمِنُونَ) (الأعراف: ١٨٨ )**

"(നബിയെ), പറയുക: എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്" (അഅ്റാഫ്:18

نصائح نبوية للآباء والأبناء

## മാതാപിതാക്കൾക്കും, സന്താനങ്ങൾക്കുമുള്ള <u>പ്രവാചകന്റെ ഉപദേശങ്ങൾ</u>

1- പ്രവാചകൻ(ﷺ) പറയുന്നു:

**قَالَ رسولُ اللهِ صلى الله عليهِ وسلم : ( كُلُكُم راعٍ و مـسئُولٌ عن رعِيتِهِ فالْإمام راعٍ ومسئُولٌ عن رعِيتِهِ والرجلُ راعٍ فِي أهلِهِ وهو مسئُولٌ عن رعِيتِهِ والمرأةُ راعِيةٌ فِي بيتِ زوجِها ومـسئُولةٌ عن رعِيتها والخادِم راعٍ فِي مال سيدِهِ ومسئُولٌ عـن رعِيتـهِ ) (متفق عليه)**

“നിങ്ങളെല്ലാവരും ഭരണ കർത്താക്കളാകുന്നു. തങ്ങളുടെ പ്രജകളെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നവരുമാണ്. നേതാവ് ഭരണകർത്താവാണ്, തന്റെ പ്രജകളെ സംബന്ധിച്ച് അവൻ ചോദ്യം ചെയ്യപ്പെടും. ഒരു പുരുഷൻ തന്റെ വീട്ടിലെ ഭരണകർത്താവാണ്, തന്റെ കീഴിൽ ജീവിക്കുന്നവരെ സംബന്ധിച്ച് അവൻ ചോദ്യം ചെയ്യപ്പെടും, ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ വീട്ടിലെ ഭരണകർത്താവാകുന്നു, അവളുടെ ഭരണീയരെ സംബന്ധിച്ചവൾ ചോദ്യം ചെയ്യപ്പെടുന്നതാണ്, വേലക്കാരൻ തന്റെ യജമാനന്റെ സമ്പത്തിക മേൽനോട്ടക്കാരനാണ്, അവൻ ത

ൻെറ കീഴിലുള്ളവരെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്" (ബുഖാരി, മുസ്ലിം)

2- അബ്ദുല്ലാഇബ്നു മസ്ഊദ്(റ) പറയുന്നു:

**عن عبدِاللهِ بن مسعود قُلْت: يا رسول الله أي الذنبِ أعظَـم ؟ قَالَ: (أنْ تجعلَ لِلهِ نِدا وهو خلَقَك ) قُلْت ثُم أي؟ قَالَ: ( وأنْ تقْتلَ ولَدك تخاف أنْ يطْعم معك) قُلْت: ثُم أي ؟ قَـالَ: ( أنْ تزانِي حلِيلَةَ جارِك ) (متفق عليه)**

ഒരിക്കൽ ഞാൻ (അബ്ദുല്ലാഹ്ഇബ്നു മസ്ഊദ്) പ്രവാചക തിരുമേനിﷺയോട് ചോദിക്കുകയുണ്ടായി: "ഏറ്റവും വലിയ പാപമേതാണ്? നബിﷺ പറഞ്ഞു: അല്ലാഹു നിന്നെ സൃഷ്ടിച്ചിരിക്കെ അവനിൽ പങ്ക് ചേർക്കലാകുന്നു. ഞാൻ വീണ്ടും ചോദിച്ചു: പിന്നെയെന്താണ്? തിരുമേനി മൊഴിഞ്ഞു: നിന്നോടൊപ്പം ഭക്ഷിക്കുമല്ലോയെന്ന ഭയത്താൽ നീ നിൻെറ സന്താനത്തെ വധിക്കുക, ഞാൻ വീണ്ടും ചോദിച്ചു: പിന്നെയെന്താണ്? തിരുമേനി അരുളി: നീ നിൻെറ അയൽവാസിയുടെ ഭാര്യയെ വ്യഭിചരിക്കലാകുന്നു" (ബുഖാരി, മുസ്ലിം)

3- പ്രവാചകൻ(ﷺ) പറയുന്നു:

**قَالَ رسولُ اللهِ صلى الله عليِه وسلم : اتقُوا الله واعدِلُوا فِـي أولاَدِكُم ) (متفق عليه)**

"നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, നിങ്ങൾ നിങ്ങളുടെ സന്താനങ്ങൾക്കിടയിൽ നീതി പാലിക്കുക" (ബുഖാരി, മുസ്ലിം)

നിങ്ങൾ സന്താനങ്ങൾക്കിടയിൽ സമ്മാനം കൊടുക്കുമ്പോഴും, സമ്പത്ത് നൽകുമ്പോഴും, മറ്റെല്ലാ കാര്യങ്ങളിലും നീതി പാലിക്കുക.

4- പ്രവാചകൻ(ﷺ) പറയുന്നു:

**قَالَ النبي صلى الله علىِهِ وسلم: كُل مولُودٍ يولد على الْفِطْـرةِ فَأبواه يهودانِهِ أو ينصرانِهِ أو يمجسانِهِ كَمثَل الْبهيمةِ تنتج الْبهيمةَ هلْ ترى فِيها جدعاءَ ) (بخاري)**

"എല്ലാ കുഞ്ഞുങ്ങളും ജനിക്കുന്നത് ശുദ്ധ പ്രകൃതിയോടെയാണ്. പിന്നീടവനെ ജൂതനോ, ക്രൈസ്തവനോ, അഗ്നിയാരാധകനോ ആക്കുന്നത് അവൻെറ മാതാപിതാക്കളാകുന്നു. ഒരു മൃഗത്തെപോലെ, മൃഗം തൻെറ കുഞ്ഞിന് ജന്മം നൽകുന്നു, അതിന് വല്ല ന്യൂനതയും നിങ്ങൾ കാണുന്നുണ്ടോ" (ബുഖാരി)

അതായത് ശുദ്ധ പ്രകൃതിയോടെ ജനിച്ചതിന് ശേഷമാണ് ഒരാളെ ജൂതനോ മറ്റു മതവിശ്വാസിയോ ആക്കുന്നത്, ഒരു മൃഗം നല്ല രൂപത്തിൽ ജനിച്ചതിന് ശേഷം അതിൻെറ കാതിനോ മറ്റോ മനുഷ്യർ ന്യൂനത വരുത്തുന്നത്പോലെ. (ഫത്ഹുൽ ബാരി നോക്കുക)

5- പ്രവാചകൻ(ﷺ) പറയുന്നു:

**قال رسولُ اللهِ صلى الله علىِهِ وسلم: ( مِن الْكَبائِرِ شتم الرجل والِديهِ، قَالُوا: يا رسولَ اللهِ وهلْ يشتِم الرجلُ والِديهِ قَالَ نعـم يسب أبا الرجل فَيسب أباه ويسب أمه فَيسب أمه ) ( مسلم)**

"തൻെറ മാതാപിതാക്കളെ ചീത്ത പറയുന്നത് വൻ പാപത്തിൽ പെട്ടതാകുന്നു. അപ്പോൾ സ്വഹാബികൾ ചോദിച്ചു:

പ്രവാചകരെ, ഒരാൾ തൻെറ മാതാപിതാക്കളെ ചീത്ത പറയുകയോ, അപ്പോൾ തിരുമേനി തുടർന്നു, അതെ, ഒരാൾ മറ്റൊരാളുടെ പിതാവിനെ ചീത്ത പറയുന്നു, അപ്പോൾ അവൻ ഇവൻെറ പിതാവിനെ ചീത്ത പറയുന്നു, ഒരാൾ മറ്റൊരാളുടെ ഉമ്മയെ ചീത്ത പറയുമ്പോൾ അയാൾ അവൻെറ ഉമ്മയേയും ചീത്ത പറയുന്നു" (ബുഖാരി, മുസ്‌ലിം)

6- ഒരു ഹദീസ് ശ്രദ്ധിക്കുക:

**جاءَ رجلٌ إلى رسول اللهِ صلى الله عليهِ وسلم فَقَالَ: يا رسولَ اللهِ، من أحق الناسِ بحسنِ صحابتي؟ قَالَ: أمك ، قَالَ: ثُم من ؟ قَالَ : ثُم أمك ، قَالَ: ثُم من ؟ قَالَ: ثُم أمك، قَالَ: ثُم من؟ قَالَ ثُم أبوك ) (متفق عليه)**

പ്രവാചകൻെറ അടുത്ത് ഒരാൾ വന്ന്കൊണ്ട് ചോദിച്ചു, അല്ലയോ തിരുദൂതരെ, ജനങ്ങളിൽ വെച്ച് ഏറ്റവും കൂടുതൽ ഞാൻ നന്മ ചെയ്യേണ്ടത് ആർക്കാണ്? അപ്പോൾ തിരുമേനി(ﷺ) അരുളി: നിൻെറ ഉമ്മ, വീണ്ടും ചോദിച്ചു: പിന്നെ ആരാണ്? അപ്പോൾ തിരുമേനി(ﷺ) അരുളി: നിൻെറ ഉമ്മ, വീണ്ടും ചോദിച്ചു: പിന്നെ ആ രാണ്? അപ്പോൾ നബി(ﷺ) പറഞ്ഞു: നിൻെറ ഉമ്മ, വീണ്ടും ചോദിച്ചു: പിന്നെ ആരാണ്? തിരുമേനി അരുളി: നിൻെറ ഉപ്പ" (ബുഖാരി, മുസ്‌ലിം)

## അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഉത്തരവാദിത്വം

അല്ലാഹു പറയുന്നു:

(ياأيها الذين آمنوا قوا أنفسكم وأهليكم نارا) (التحريم:٦)

"സത്യവിശ്വാസികളെ, നിങ്ങൾ നിങ്ങളെയും, നിങ്ങളുടെ കുടുംബത്തെയും നരകത്തിൽ നിന്ന് സൂക്ഷിക്കുക" (തഹ്‌രീം:6)

സന്താനങ്ങളാകുന്ന ഭാവി തലമുറയെ സംബന്ധിച്ച് പരലോകത്ത് ചോദ്യം ചെയ്യപ്പെടുന്നവരാണ് മാതാപിതാക്കളും, അധ്യാപകരും, സമൂഹവും. നല്ല രൂപത്തിൽ അവരെ പരിപാലിക്കുന്നവരാണെങ്കിൽ അവർ ഇരുലോകത്തും സൗഭാഗ്യ വാന്മാരായിത്തീരാം, എന്നാൽ അതിനെ അവഗണിക്കുകയാണെങ്കിൽ ദൗർഭാഗ്യകരമായിരിക്കും ഫലം, അതിലൂടെ അവരുടെ പാപങ്ങളും രക്ഷിതാക്കളും, അധ്യാപകരും വഹിക്കേണ്ടതായി വരുന്നു.

അതുകൊണ്ടാണ് ഹദീസിൽ ഇപ്രകാരം വന്നിരിക്കു ന്നത്:

قَالَ رسولُ اللهِ صلى الله عليه وسلم : ( كُلُكُم راعٍ و مسئولٌ عن رعِيتِهِ) (متفق عليه)

"നിങ്ങളെല്ലാവരും ഭരണകർത്താക്കളാകുന്നു. തങ്ങളുടെ പ്രജകളെ സംബന്ധിച്ചവർ ചോദ്യം ചെയ്യപ്പെടുന്നവരാണ്" (ബുഖാരി, മുസ്‌ലിം).

അധ്യാപകരെ നിങ്ങൾക്ക് പ്രവാചകതിരുമേനി(ﷺ)യിൽ നിന്നുമുള്ള സന്തോഷ വാർത്ത കേൾക്കുക:

**قَالَ رسولَ اللهِ صلى الله عليهِ وسلم ( فَواللهِ لأَنْ يهدِي الله بِك رجلاً واحِدا خير لَك مِن حمر النعمِ) (بخاري ومسلم)**

പ്രവാചകതിരുമേനി(ﷺ) പറയുന്നു: "അല്ലാഹു തന്നെയാണ് സത്യം! നീ മുഖേന അല്ലാഹു ആർക്കെങ്കിലും സന്മാർഗം നൽകിയാൽ അതാണ് നിനക്ക് ഒരു ചുവന്ന ഒട്ടകം ലഭിക്കുന്നതിനേക്കാൾ ഉത്തമം" (ബുഖാരി, മുസ്‌ലിം) (പൗരാണിക കാലത്തെ അറബികളുടെ അമൂല്യ സമ്പത്തായിരുന്നു ചുവന്ന ഒട്ടകം)

അല്ലയോ മാതാപിതാക്കളെ നിങ്ങൾക്ക് പ്രവാചകനിൽ നിന്നും ലഭിക്കുന്ന സന്തോഷവാർത്ത ശ്രദ്ധിക്കുക:

**قَالَ رسولَ اللهِ صلى الله عليهِ وسلم: إِذَا مات الإِنسانُ انقَطَع عنه عملُه إِلا مِن ثَلاثَةٍ إِلا مِن صدقَةٍ جارِيةٍ أَو عِلْمٍ ينتفَع بِهِ أَو ولَدٍ صالِحٍ يدعو لَه) (مسلم)**

പ്രവാചകതിരുമേനി(ﷺ) പറയുന്നു: "മനുഷ്യൻ മരിച്ച് കഴിഞ്ഞാൽ അവന്റെ കർമ്മങ്ങൾ അവസാനിച്ചു, മൂന്ന് കാര്യങ്ങൾ ഒഴിച്ച്: മുറിഞ്ഞ്പോകാത്ത സ്വദഖകൾ, ഉപകാരപ്പെടുന്ന വിജ്ഞാനങ്ങൾ, അവന്വേണ്ടി പ്രാർത്ഥിക്കുന്ന സ്വാലിഹീങ്ങളായ സന്താനങ്ങൾ എന്നിവയാണത്" (മുസ്‌ലിം)

എല്ലാത്തിനും മുൻപ് നീ നിന്റെ ശരീരത്തെ നന്നാക്കുക, സന്താനങ്ങൾക്കും, വിദ്യാർത്ഥികൾക്കും മുമ്പിൽ നിങ്ങൾ സമർപ്പിക്കുന്ന നിങ്ങളുടെ പെരുമാറ്റങ്ങളായിരിക്കും ഏറ്റവും ശ്രേഷ്ഠമായ പരിപാലനവും, ശിക്ഷണവും. അതുകൊണ്ട് സ്വയം തന്നെ മാതൃകയായി ജീവിക്കുക.

## അധ്യാപകരുടെയും പരിപാലകരുടെയും നിർബ്ബന്ധ ബാധ്യത.

1- കുട്ടികളെ " لا إله الا الله محمد رسـول الله " എന്ന വചനം ഉച്ചരിക്കുവാൻ പഠിപ്പിക്കുക. കുട്ടി വലുതാവു ന്നതിന നുസരിച്ച് അതിന്റെ യാഥാർത്ഥ അർത്ഥവും പഠിപ്പിക്കുക. "لامعبود بحـق إلا الله" “യഥാർത്ഥത്തിൽ ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല”

2- കുട്ടിയുടെ ഹൃദയത്തിൽ അല്ലാഹുവിനോടുള്ള സ്നേഹവും അവനിലുള്ള വിശ്വാസവും ഊട്ടിയുറപ്പിക്കുക. കാരണം നമ്മുടെ സ്രഷ്ടാവും, അന്ന ദാതാവും, മഴ നൽകുന്നവനും അവനാകുന്നു, അവന് യാതൊരു പങ്കാളിയുമില്ല.

3- അല്ലാഹുവിന് മാത്രം സാധിക്കുന്ന കാര്യത്തിൽ അവനോട് മാത്രം ചോദിക്കുവാനും, അവനോട് മാത്രം സഹായം അഭ്യർത്ഥിക്കുവാനും കുട്ടികളെ ശീലിപ്പിക്കുക. കാരണം തിരുമേനി(ﷺ) തന്റെ പിതൃവ്യ പുത്രനായ ഇബ്നു അബ്ബാസിനെ അതാണ് പഠിപ്പിക്കുന്നത്.

(إذَا سـألت فَاسـأل اللـه وإذَا اسـتعنت فَاسـتعِن بِاللـهِ)

“നീ വല്ലതും ചോദിച്ചാൽ അല്ലാഹുവിനോട് ചോദിക്കുക, നീ സഹായം തേടുകയാണെങ്കിൽ അല്ലാഹുവിനോട് സഹായം തേടുക,” (തിർമിദി)

## നിഷിദ്ധങ്ങളെ തൊട്ട് താക്കീത് നൽകുക

1- നന്ദികേട്, വഴക്ക്, ശാപം, നീച വാക്കുകൾ തുടങ്ങിയവയെ തൊട്ട് കുട്ടികളെ താക്കീത് നൽകുക. കുഫ്ർ(നന്ദികേട്) നരകത്തിൽ പ്രവേശിപ്പിക്കുന്നതിന്റെ

യും, തീരാ നഷ്ടത്തിൻെറയും കാരണമാണെന്ന് വളരെ വിനയത്തോടെ അവരെ ഉണർത്തുകയും ചെയ്യുക. അതു കൊണ്ട് തന്നെ കുട്ടികളുടെ മുന്നിൽ വെച്ച് അവർക്ക് മാതൃകയാവാനായി നമ്മുടെ നാവിനെ നാം സൂക്ഷിക്കൽ അനിവാര്യവുമാകുന്നു.

2- അല്ലാഹുവിൽ പങ്ക്ചേർക്കുന്നതിനെ തൊട്ട് കുട്ടികളെ താക്കീത് നൽകുക. ഇതിൽ പെട്ടതാണ് അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിക്കുക, അത് മരിച്ചവരാകട്ടെ അല്ലാത്തവരാകട്ടെ, ഇത് ശിർക്കാണെന്ന് അവരെ പഠിപ്പിക്കുക. അല്ലാഹുവല്ലാത്തവർ അവൻെറ അടിമകളാണ് അവർക്ക് ഉപകാരം ചെയ്യുവാനോ ഉപദ്രവം ചെയ്യാനോ സാധ്യമല്ല തന്നെ. അല്ലാഹു പറയുന്നു:

**(ولاَ تدع مِن دون اللهِ ما لاَ ينفَعك ولاَ يضرك فَإِنْ فَعلْتَ فَإنك إِذًا مِن الظَالِمِين) ( يونس:١٠٦)**

“അല്ലാഹുവിനു പുറമെ നിനക്ക് ഉപകാരം ചെയ്യാത്തതും, നിനക്ക് ഉപദ്രവം ചെയ്യാത്തതുമായ യാതൊന്നിനോടും നീ പ്രാർത്ഥിക്കരുത്. നീ അപ്രകാരം ചെയ്യുന്ന പക്ഷം തീർച്ചയായും നീ അക്രമികളുടെ കൂട്ടത്തിലായിരിക്കും” (യൂനുസ്: 106)

3- ചൂതാട്ടം പോലെയുള്ള കളികളെ സംബന്ധിച്ച് അവരെ താക്കീത് നൽകുക. അത് ലോട്ടറിയാവട്ടെ മറ്റുവല്ലതുമാവട്ടെ എല്ലാത്തിൻെറയും ഗൗരവത്തെ സംബന്ധിച്ച് അവരെ ബോധവാന്മാരാക്കുക. കാരണം അതൊക്കെ പിന്നെ സാവധാനം ചൂതാട്ടത്തിലേക്കും മറ്റും വഴി നടത്തുന്നതാണ്. അങ്ങിനെ പരസ്പരം പകയും, ശത്രുതയും, സാമ്പത്തിക നഷ്ടവും, സമയ നഷ്ടവും ഉണ്ടാക്കുന്നതും, നമസ്കാരം വരെ പാഴായി പോകുവാൻ ഇടനൽകുകയും ചെയ്യുന്നതാണ്.

4- ചീത്ത മാഗസിനുകൾ വായിക്കുന്നതിൽ നിന്ന് കുട്ടികളെ തടയുക. നഗ്ന ഫോട്ടോകൾ കാണുന്നതും, വികാരം ഇളക്കി വിടുന്ന ലേഖനങ്ങളും, കഥകളും വായിക്കുന്നതും വിലക്കുക. ഭാവിയേയും, സ്വഭാവത്തെയും താറുമാറാക്കുന്ന സിനിമ, ടി.വി പോലുള്ളവ കാണുന്നതിൽ നിന്നും അവരെ തടയുകയും ബോധവാന്മാരാക്കുകയും ചെയ്യൽ അനിവാര്യമാണ്.

5- പുകവലിയെ കുറിച്ച് കുട്ടികളെ താക്കീത് നൽകുക. മുഴുവൻ ഭിഷഗ്വരന്മാരും അത് ശരീരത്തിന് ഹാനികരമാണെന്നും, ക്യാൻസർ ഉണ്ടാക്കുന്നതും, പല്ലുകളെ നശിപ്പിക്കുന്നതും, ചീത്ത വാസനയുള്ളതും ഹൃദയത്തെ നശിപ്പിക്കുന്നതുമാണെന്ന് വിധിയെഴുതിയ കാര്യം അവരെ ഉണർത്തുക. അതുപോലെ അതിൽ യാതൊരു ഉപകരവുമില്ലായെന്നും അവരെ പഠിപ്പിക്കുക. അതിന് പകരം വല്ല പഴങ്ങളോ, മധുര പലഹാരങ്ങളോ കഴിക്കാൻ അവരെ ഉപദേശിക്കുകയും ചെയ്യുക.

6- വാക്കിലും പ്രവർത്തിയിലും സത്യസന്ധത പുലർത്തുവാൻ ശിലിപ്പിക്കുക. അതുകൊണ്ട് തന്നെ നാം കുട്ടികളോട് താമശക്ക് പോലും കളവ് പറയരുത്. നാം അവരോട് വല്ല കരാറും ചെയ്തിട്ടുണ്ടെങ്കിൽ അത് വീട്ടുക. ഹദീസിൽ നമുക്ക് ഇങ്ങനെ കാണാവുന്നതാണ്:

**(آيةُ المنافِق ثَلاثٌ إذَا حدثَ كَذَب وإذَا وعد أخلَف وإذَا اؤتمِن خانَ ) (بخاري)**

“കപട വിശ്വാസിയുടെ ലക്ഷണം മൂന്നാണ്. സംസാരിച്ചാൽ കളവ് പറയുക, കരാർ ചെയ്താൽ ലംഘിക്കുക, വിശ്വസിച്ചാൽ ചതിക്കുക” (ബുഖാരി)

7- ദൗർഭാഗ്യത്തിനും, തെറ്റുകൾ ചെയ്യുവാനും കാരണമാകുന്ന പലിശ, കൈകൂലി, കളവ് മുതൽ പോലെയുള്ള

നിഷിദ്ധ ധനത്തിൽ നിന്ന് നാം നമ്മുടെ സന്താനങ്ങളെ ഭക്ഷിപ്പിക്കാതിരിക്കുക.
8- ദേഷ്യം കൊണ്ട് സന്താനങ്ങളുടെ നാശത്തിനോ മറ്റോ പ്രാർത്ഥിക്കാതിരിക്കുക. കാരണം പ്രാർത്ഥന നന്മയാണെങ്കിലും, തിന്മയാണെങ്കിലും ഉത്തരം ലഭിക്കുന്നതാണ്. അങ്ങിനെ അവർക്കെതിരിൽ പ്രാർത്ഥിച്ചാൽ അതവർക്ക് വഴികേട് തന്നെയായിരിക്കും വർദ്ദിപ്പിക്കുക. അതുകൊണ്ട് സന്താനങ്ങളോട് നാം പറയേണ്ടത് അല്ലാഹു നിന്നെ നന്നാക്കട്ടെ, അല്ലാഹു നിന്നെ സന്മാർഗത്തിലാക്കട്ടെയെന്നാണ്.

## നമസ്കാരം ശീലിപ്പിക്കൽ അനിവാര്യം

1- ഭാവിയിൽ സ്ഥിരമായി നിർവ്വഹിക്കുവാനായി ചെറുപ്പത്തിൽ തന്നെ കുട്ടികളെ നമസ്കാരം ശീലിപ്പിക്കൽ നിർബ്ബന്ധമാണ്. കാരണം പ്രവാചക തിരുമേനി(ﷺ) പറയുന്നു:

**( قَالَ رسولُ اللهِ صلى الله عليهِ وسلم: مروا أولادَكُم بِالصلاةِ وهم أبناءُ سبعِ سِنِين واضربوهم عليها وهم أبناءُ عشرٍ وفَرِّقُوا بينهم فِي المضاجِعِ ) (أبوداود)**

“നിങ്ങളുടെ സന്താനങ്ങൾക്ക് ഏഴ് വയസ്സാകുമ്പോൾ അവരോട് നമസ്കരിക്കുവാൻ നിങ്ങൾ കൽപിക്കണം, പത്ത് വയസ്സായാൽ നമസ്കരിച്ചില്ലെങ്കിൽ നിങ്ങൾ അവരെ അടിക്കുകയും ചെയ്യുക, അവരുടെ കിടപ്പറ നിങ്ങൾ വേർതിരിക്കുകയും ചെയ്യുക” (അബൂദാവൂദ്)
കുട്ടികൾ കണ്ട് പഠിക്കുവാനായി വുദുവെടുക്കുന്നതും നമസ്കരിക്കുന്നതും അവരുടെ മുന്നിൽ വെച്ചായിരിക്കുക, അതുപോലെ അവരെയും കൊണ്ട് പള്ളിയിലേക്ക് പോവു

കയും ചെയ്യുക. കുടുംബത്തെയും സന്താനങ്ങളെയും നമസ്കാരത്തിൻെറയും വുദുവിൻെറയും വിധികളടങ്ങിയ പുസ്തകങ്ങൾ വായിച്ച് പഠിക്കുവാനായി അവരെ പ്രേരിപ്പിക്കുകയും ചെയ്യുക. ഇത് അധ്യാപകരുടെയും, സന്താന പരിപാലകരുടെയും ബാധ്യതയാണെന്ന് നാം മനസിലാക്കുക. അതിൽ വീഴ്ച വരുത്തിയാൽ നാളെ അല്ലാഹു നമ്മെ ചോദ്യം ചെയ്യുമെന്നും നാം അറിയുക.

2- കുട്ടികളെ ഖുർആൻ പഠിപ്പിക്കുക. ആദ്യം സൂറത്തുൽ ഫാത്വിഹഃയും തുടർന്ന് ചെറിയ ചെറിയ സൂറത്തുകളും പഠിപ്പിക്കുക. അതുപോലെ നമസ്കാരത്തിലെ പ്രാർത്ഥനകളും പഠിപ്പിക്കുക. അതുകൊണ്ട് തന്നെ ഖുർആനും തജ്‌വീദും, ഹദീസും പഠിക്കുവാനായി പ്രത്യേകമായി ഒരു അധ്യാപകനെ തന്നെ തെരെഞ്ഞെടുത്ത് നിയമിക്കുക.

3- പള്ളികളിലെ ജുമുഅ: ജമാഅത്തുകളിൽ പങ്കെടുക്കുവാനായി കുട്ടികളെ പ്രോൽസാഹിപ്പിക്കുക. അങ്ങിനെ വലിയവർക്ക് പിന്നിലായി കുട്ടികളെ പള്ളികളിൽ നമസ്കരിപ്പിക്കുക. അവർ തെറ്റായ രൂപത്തിലാണ് നമസ്കരിക്കുന്നതെങ്കിൽ അവരോട് സൗമ്യമായി പറഞ്ഞ്തെറ്റ് മനസിലാക്കിപ്പിക്കുക. അവരോട് ശബ്ദം ഉയർത്തി കയർക്കുകയാണെങ്കിൽ എന്നേന്നക്കുമായി അവർ പള്ളിയും നമസ്കാരവും ഉപേക്ഷിക്കുവാൻ സാധ്യതയുണ്ട്. പിന്നെ നാം ഖേദിക്കേണ്ടി വരും. അത്കൊണ്ട് വളരെയധികം ശ്രദ്ധിക്കുക.

4- കുട്ടികളെ നമസ്കാരത്തിൻെറ വിധികളും, നിബന്ധനകളും, വാജിബാതുകളും, നമസ്കാരം ദുർബ്ബലപ്പെടുത്തുന്ന കാര്യങ്ങളും, സുന്നത്തുകളും, മര്യാദകളും, പ്രാർത്ഥനകളും പഠിപ്പിക്കുക. പുരുഷന്മാരുടെ സ്വഫ്ഫിൽ ഏറ്റവും ശ്രേഷ്ടതയുള്ളത് ഒന്നാമത്തെ സ്വഫ്ഫാണെന്നും നാം അവരെ പഠിപ്പിക്കുകയും, മുതിർന്നവർക്ക് പിന്നിൽ അവരെ നിറുത്തി പരിശീലിപ്പിക്കുകയും ചെയ്യുക.

5- പ്രായപൂർത്തിയെത്തിക്കഴിഞ്ഞാൽ നിർവ്വഹിക്കാനായി ഏഴാം വയസ്സിൽ തന്നെ നോമ്പനുഷ്ടിക്കുവാൻ പരിശീലിപ്പിക്കുക.

## വസ്ത്രവും, പർദ്ദയും

1- ഭാവിയിൽ സ്വയം തന്നെ പതിവാക്കാനായി ചെറുപ്പത്തിൽ തന്നെ പെൺകുട്ടികളെ വസ്ത്രം ധരിക്കേണ്ട രൂപം നാം പഠിപ്പിക്കുക. അവരെ ചെറുതും ഇടുങ്ങിയതുമായ വസ്ത്രം ധരിപ്പിക്കാതിരിക്കുക. അമുസ്ലീങ്ങളോടും പുരുഷന്മാരോടും സാദൃശ്യമുള്ളതും, ഫിത്നയിലേക്കും, നശീകരണതയിലേക്കും നയിക്കുന്നതുമായ പാൻറ്സും ഷർട്ടും മാത്രമായി ധരിപ്പിക്കാതിരിക്കുക. ഏഴ് വയസ്സായാൽ തന്നെ തല മറക്കുവാനുള്ള സാഹചര്യം നാം ഒരുക്കുകയും, അതിന് നിർബ്ബന്ധിപ്പിക്കുകയും ചെയ്യുക. കഴിയുന്നതും സ്ത്രീയുടെ സൗന്ദര്യത്തിൻെറ നിറകുടമായ മുഖം മറക്കുവാനും, ശരീരത്തിൻെറ ആകൃതിയോ, നിറമോ വെളിവാകാത്തതും ലൂസമുള്ള പർദ്ദ ധരിക്കുവാൻ നാം അവരെ ചെറുപ്പത്തിൽ തന്നെ ശീലിപ്പിക്കുക. അതിലൂടെ മാത്രമെ സ്ത്രീക്ക് മാന്യതയും, ചാരിത്ര്യവും സംരക്ഷിക്കാനാവൂ. അല്ലാഹു പറയുന്നു:

(يأيها النبي قُلْ لأزواجك وبناتك ونساءِ المؤمنين يدنين عليهن من جلابيبهن ذَلك أدنى أنْ يعرفْن فَلا يؤذَين) (الأحزاب:٥٩)

“നബിയെ, നിൻെറ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്” (അഹ്സാബ്:59)

അഴിഞ്ഞാടുന്നതും, സൗന്ദര്യ പ്രകടനം നടത്തുന്നതും വിശുദ്ധഖുർആൻ വിലക്കുന്നത് കാണുക:

**(ولاَ تبرجن تبرج الجاهِلِيةِ الأُولَى) (الأحزاب:٣٣)**

"പഴയ അജ്ഞാന കാലത്തെ സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്" (ആഹ്സാബ്:33)

2- സ്ത്രീയെ പുരുഷനിൽ നിന്നും, പുരുഷനെ സ്ത്രീയിൽ നിന്നും വേർതിരിച്ച് മനസിലാക്കുവാൻ സാധിക്കുന്ന രൂപത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുവാൻ സന്താനങ്ങളെ ഉപദേശിക്കുക. അതുപോലെ പാശ്ചാത്യരുടെ വസ്ത്രങ്ങൾ ധരിക്കുന്നതിൽ നിന്നും അവരെ വിലക്കുകയും ചെയ്യുക. പ്രത്യേകിച്ച് ഇറുകിയതും, ഇടുങ്ങിയതുമായ പാൻറ്സ് പോലെയുള്ള വസ്ത്രങ്ങൾ. ഫിത്നയും, ഉപദ്രവവും ഉണ്ടാകുന്ന നാട്ടാചാരങ്ങളും മറ്റും ഉപേക്ഷിക്കുവാനും, അതിൽ സഹകരിക്കാതിരിക്കുവാനും അവരെ ഉപദേശിക്കുക. സ്വഹീഹായ ഹദീസിൽ നമുക്ക് ഇങ്ങനെ കാണാം:

**(لَعن رسولُ اللهِ صلى الله عليهِ وسلم: المتشبهين مِن الرجـال بِالنساءِ والمتشبهاتِ مِن النساءِ بِالرجالِ و لَعن المخنـثِين مِـن الرجالِ والمترجلاتِ مِن النساءِ)**

"സ്ത്രീകളോട് സാദൃശ്യം പുലർത്തുന്ന പുരുഷന്മാരേയും, പുരുഷന്മാരോട് സാദൃശ്യം പുലർത്തുന്ന സ്ത്രീകളെയും പ്രവാചകൻ(ﷺ) ശപിച്ചിരിക്കുന്നു. പുരുഷ വേഷം കെട്ടുന്ന സ്ത്രീകളെയും, സ്ത്രീ വേഷം കെട്ടുന്ന പുരുഷന്മാരെയും തിരുമേനി(ﷺ) ശപിച്ചിരിക്കുന്നു" (ബുഖാരിയിലെ രണ്ട് ഹദീസുകൾ)

( قَالَ رسولُ اللهِ صلى الله علَيهِ وسلم :من تشبه ِبقَومٍ فَهو ِمنهم ) (أبوداود)

പ്രവാചകൻ(ﷺ) പറയുന്നു: "ആരെങ്കിലും ഒരു സമുദായത്തോട് സാദൃശ്യപ്പെടുകയാണെങ്കിൽ അവൻ അവരിൽ പെട്ടവനായി തീരുന്നതാണ്" (അബൂദാവൂദ്)

## സ്വഭാവങ്ങളും മര്യാദകളും

1- ആർക്കെങ്കിലും വല്ല സാധനങ്ങളും കൊടുക്കുകയോ, ആരിൽ നിന്നെങ്കിലും വാങ്ങുകയോ ചെയ്യുമ്പോൾ വലത് കൈ കൊണ്ട് കൊടുക്കാനും വാങ്ങാനും കുട്ടികളെ ശീലിപ്പിക്കുക. അതുപോലെ ഭക്ഷണം കഴിക്കലും, പാനീയം കുടിക്കലും വലതു കൈകൊണ്ടാവാനും, ഇരുന്നിട്ട് ഭക്ഷണം കഴിക്കാനും, തുടക്കത്തിൽ 'بسم الله' (അല്ലാഹുവിന്റെ നാമത്തിൽ) എന്ന് പറയുവാനും, അവസാനം 'الحمد لله' (അല്ലാഹുവിന് സർവ്വ സ്തുതിയും) എന്ന് പറയുവാനും കുട്ടികളെ പരിശീലിപ്പിക്കുക.

2- ശുദ്ധിയെ സംബന്ധിച്ച് കുട്ടിളെ പരിശീലിപ്പിക്കുക. നഖം മുറിക്കുവാനും, ഭക്ഷണം കഴിക്കുന്നതിന് മുൻപ് കൈ കഴുകുവാനും പഠിപ്പിക്കുക. വിസർജി ക്കുകയാണെങ്കിൽ വെള്ളം കൊണ്ട് ശൗച്യം ചെയ്യുവാനുള്ള മര്യാദകളും നാം അവരെ ശീലിപ്പിക്കുക.

3- അവരോട് ഉപദേശിക്കുമ്പോൾ മൃദുല സമീപനം സ്വീകരിക്കേണ്ടതുണ്ട്. അവർ വല്ല തെറ്റും ചെയ്യുകയാണെങ്കിൽ അവരെ കളിയാക്കുകയോ വഷളാക്കുകയോ ചെയ്യുവാൻ പാടില്ല. കുട്ടികൾ അവരുടെ തെറ്റുകളിൽ തന്നെ ഉറച്ച് നിൽക്കുകയാണെങ്കിൽ അവരെ നാം വീണ്ടും വീണ്ടും ഉപദേശിക്കുക.

4- ബാങ്ക് കേൾക്കുമ്പോൾ അത് ശ്രദ്ധിക്കുവാനും, അതിന് മറുപടി പറയുവാനും, ശേഷം തിരുമേനി(ﷺ)യുടെ പേരിൽ സ്വലാത്തും സലാമും ചൊല്ലുവാനും ശേഷം താഴെ വരുന്ന പ്രാർത്ഥന പ്രാർത്ഥിക്കുവാനും കുട്ടികളെ പരിശീലിപ്പിക്കുക.

**(اللهم رب هذِهِ الدعوةِ التامةِ والصلاةِ القَائِمــةِ آتِ محمــدا الْوسِيلَةَ والْفَضِيلَةَ وابعثْه مقَاما محمودا الذِي وعدته ) (بخاري)**

"നിർവ്വഹിക്കുവാൻ പോകുന്ന ഈ നമസ്കാരത്തിന്റെയും പരിപൂർണമായ പ്രാർത്ഥനയുടെയും രക്ഷിതാവായ അല്ലാഹുവെ, നീ മുഹമ്മദിന് വസീലയും ഫളീലയും (പ്രവാചകന് പരലോകത്ത് അല്ലാഹു നൽകുന്ന രണ്ട് ഉന്നത സ്ഥാനങ്ങളാണ് വസീലയും, ഫളീലയും) നൽകേണമേ, നീ തിരുമേനിക്ക് വാഗ്ദത്തം നൽകിയ സ്തുത്യർഹമായ സ്ഥാനവും നൽകേണമേ" (ബുഖാരി)

5- ഓരോ കുട്ടിക്കും സാധിക്കുമെങ്കിൽ ഉറങ്ങുവാൻ പ്രത്യേകം പ്രത്യേകം വിരിപ്പുകൾ തയ്യാറാക്കുക. സാധിക്കുമെങ്കിൽ പെൺകുട്ടികൾക്ക് പ്രത്യേകം റൂമും, ആൺകുട്ടികൾക്ക് പ്രത്യേകം റൂമും തയ്യാറാക്കലാണ് ഏറ്റവും ശ്രേഷ്ടകരമായത്. അതാണ് അവരുടെ ആരോഗ്യ സ്വഭാവ സുരക്ഷിതത്വത്തിന് ഏറ്റവും അനുയോജ്യമായിട്ടുള്ളത്.

6- പാഴ് വസ്തുക്കളും, ചപ്പു ചവറുകളും റോഡുകളിലും വഴിയോരങ്ങളിലും വലിച്ചെറിയാതെ അതെല്ലാം അത് നിക്ഷേപിക്കേണ്ടുന്ന സ്ഥാനങ്ങളിൽ തന്നെ ഉപേക്ഷിക്കുവാൻ നാം നമ്മുടെ കുട്ടികളെ പരിശീലിപ്പിക്കുക.

7- ചീത്ത കൂട്ടുകാരെ തെരെഞ്ഞെടുക്കുന്നതിൽ നിന്ന് നാം അവർക്ക് താക്കീത് നൽകുകയും, റോഡുകളിലും കടകളിലും, മറ്റു അവർ സമയം ചിലവഴിക്കുമ്പോൾ അവരെ

നാം നിരീക്ഷിക്കുകയും, അതിനനുസരിച്ച് ഉപദേശിക്കുകയും ചെയ്യുക.
8- വീട്ടിൽ വെച്ചും റോഡിൽ വെച്ചും, ക്ലാസുകളിൽ വെച്ചും കുട്ടികളോട് സലാം പറയുകയും അതവരെ ശീലിപ്പിക്കുകയും ചെയ്യുക. നാം പറയേണ്ടത്:

**(السلام عليكم ورحمة الله وبركاته)** എന്നാകുന്നു.

9- അയൽവാസികൾക്ക് നന്മ ചെയ്യുവാനും, അവരെ ഉപദ്രവിക്കാതിരിക്കുവാനും കുട്ടികളെ പഠിപ്പിക്കുക.
10- അതിഥികളെ ആദരിക്കുവാനും, അവരെ ബഹുമാനിക്കുവാനും, അവർക്ക് വേണ്ട കാര്യങ്ങൾ നൽകുവാനും നാം കുട്ടികളെ സജ്ജരാക്കുക.

## ധീരതയും, ധർമ്മ സമരവും

1- കുടുംബത്തോടൊപ്പം ഇരിക്കുവാനും, കാര്യങ്ങൾ ചർച്ച ചെയ്യുവാനും നാം സമയം കണ്ടെത്തണം. കുടുംബത്തോടൊപ്പം ഇരിക്കുമ്പോൾ പ്രവാചകൻ(ﷺ)യുടെയും സ്വഹാബാക്കളുടെയും ചരിത്രങ്ങളും, അവർ ഇസ്ലാമിന് വേണ്ടി അർപ്പിച്ച സേവനങ്ങളും നാം വായിക്കുകയും, ചർച്ച ചെയ്യുകയും ചെയ്യുക. പ്രവാചകൻ ഇസ്ലാമിന് വേണ്ടി അർപ്പിച്ച ത്യാഗങ്ങളും, നയിച്ച യുദ്ധവും, അതുപോലെ തിരുമേനി(ﷺ)യും സ്വഹാബികളായ അബൂബക്കർ, ഉമർ, ഉഥ്മാൻ, അലി, മുആവിയ(رضي الله عنهم) പോലെയുള്ള സ്വഹാബികളുടെ വിശ്വാസത്തെ സംബന്ധിച്ചും, അവരുടെ പ്രബോധന ചരിത്രവും, അവർ ഇസ്ലാമിന് വേണ്ടി നേടിയിട്ടുള്ള വിജയവും മറ്റും നാം ചർച്ച ചെയ്ത് കൊണ്ട് കുട്ടികളിൽ ധീരതയും, ആത്മ ധൈര്യവും, ഇസ്ലാമിക പ്രബോധനത്തിൻെറ പ്രാധാന്യവും ഉണ്ടാക്കിയെടുക്കുക. പ്രവാചകനും

സ്വഹാബികളുമാണ് നമുക്ക് ഹിദായത്ത് (ഇസ്ലാം) എത്തിച്ച് തന്നതെന്നും, വിശ്വാസവും, വിശുദ്ധഖുർആനും തിരുസുന്നത്തുമനുസരിച്ചുള്ള അവരുടെ ജീവിതവുമാണ് അവർക്ക് സഹായം ലഭിക്കാൻ കാരണമെന്നും നാം കുട്ടികളെ ബോധ്യപ്പെടുത്തുക.

2- ഏത് പ്രശ്നങ്ങൾ വരുമ്പോഴും അതിനെ യുക്തിയോടെയും, വിചാരത്തോടെയും അഭിമുഖീകരിക്കുവാനുള്ള മനഃക്കരുത്ത് നാം കുട്ടികളിൽ വളർത്തിയെടുക്കുക. നന്മ കൽപിക്കുന്നതിലും, തിന്മ വിരോധിക്കുന്നതിലും അല്ലാഹുവിനെയല്ലാതെ മറ്റാരെയും ഭയപ്പെടാതിരിക്കുവാനും നാം അവരെ ശീലിപ്പിക്കുക. പ്രബോധന മേഖലയിൽ പ്രബോധിതരിൽ കെട്ടുകഥകളും, ഊഹാപോഹങ്ങളും, അന്ധവിശ്വാസങ്ങളും പ്രചരിപ്പിക്കാതെ പ്രമാണങ്ങളിലെ തെളിവുകൾ മാത്രം ഉദ്ദരിക്കുവാൻ നാം അവരെ പ്രേരിപ്പിക്കുക.

3- മുസ്ലീങ്ങൾ യഥാർത്ഥ ഇസ്ലാമിക അധ്യാപനങ്ങളിലേക്കും അല്ലാഹുവിൻെറ മാർഗത്തിലെ ധർമ്മ സമരത്തിലേക്കും മടങ്ങുകയാണെങ്കിൽ അവർക്ക് നഷ്ടമായിട്ടുള്ള സ്ഥാനവും, പ്രതാപവും, അവരുടെ ഫലസ്തീൻ പോലെയുള്ള പുണ്യസ്ഥലങ്ങളും അല്ലാഹുവിൻെറ അനുമതിയോടുകൂടി വീണ്ടെടുക്കാൻ സാധിക്കുമെന്നും നാമവരെ ബോധവാന്മാരാക്കുക.

4- വിശുദ്ധഖുർആനിലെ ചരിത്ര കഥകൾ, പ്രവാചക ചരിത്രം, സ്വഹാബികളുടെ ജീവ ചരിത്രം, സദ്വൃത്തരായ സത്യവിശ്വാസികളുടെയും ചരിത്രം പോലെയുള്ളവയും, അതോടൊപ്പം തന്നെ സന്താന പരിപാലനത്തിന് ഉപയുക്തമായ കാര്യങ്ങളും ഉൾകൊള്ളുന്ന പുസ്തകങ്ങൾ വാങ്ങി കുട്ടികൾക്ക് വായിക്കുവാൻ നൽകുക.

## സന്താനങ്ങൾക്കിടയിൽ നീതി പാലിക്കുക

1- നുഅ്മാന്ബ്നു ബഷീർﷺൽ നിന്ന് നിവേദനം:

**( عن النعمان بن بشير قَالَ تصدق علي أبي ببعض ماله، فَقَالَت أمي عمرة بنت رواحةَ: لاَ أرضى حتى تشهد رسولَ اللهِ صلى الله عليه وسلم فَانطلَق أبي إلى النبي صلى الله عليه وسلم ليشهده على صدقتي فَقَالَ له رسـولُ اللهِ صلى الله عليه وسلم: أفَعلت هذَا بولَدك كُلهم ، قَالَ: لاَ قَالَ اتقُـوا الله واعدلُوا في أولاَدكُم فَرجع أبي فَرد تلْك الصدقَةَ ) (مسلم)**

"എൻെറ പിതാവ് അദ്ദേഹത്തിൻെറ ധനത്തിൽ നിന്ന് എനിക്ക് ചിലത് ദാനമായി തന്നു. അപ്പോൾ എൻെറ ഉമ്മ അംറാബിൻത് റവാഹ പറഞ്ഞു: നിങ്ങൾ നൽകിയ ധനത്തിന് പ്രവാചകതിരുമേനി(ﷺ) സാക്ഷ്യം വഹിക്കാതെ ഞാനതിനെ തൃപ്തിപ്പെടുകയില്ല. അങ്ങിനെ എൻെറ പിതാവ് എനിക്ക് നൽകിയ ദാനത്തിന് സാക്ഷി നിൽക്കുവാനായി തിരുമേനി(ﷺ)യുടെയടുലേക്ക് പോയി, അപ്പോൾ റസൂലുല്ലാഹ്(ﷺ) അദ്ദേഹത്തോട് ചോദിച്ചു: നീ നിൻെറ എല്ലാ മക്കൾക്കും ഇതുപോലെ നൽകിയിട്ടുണ്ടോ? അദ്ദേഹം പ്രതിവചിച്ചു: ഇല്ല. അപ്പോൾ തിരുമേനി(ﷺ) പറയുകയുണ്ടായി: നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിങ്ങൾ നിങ്ങളുടെ സന്താനങ്ങൾക്കിടയിൽ നീതി പാലിക്കുക. അങ്ങിനെ എൻെറ പിതാവ് മടങ്ങി. എനിക്ക് നൽകിയിരുന്ന സ്വത്ത് തിരിച്ചെടുക്കുകയും ചെയ്തു" (മുസ്ലിം)

മറ്റൊരു റിപ്പോർട്ടിലുള്ളത്:

**قَالَ فَلاَ تشهدني إذًا فَإني لاَ أشهد على جورٍ ) (مسلم)**

"എങ്കിൽ നീ അതിന് എന്നെ സാക്ഷി നിർത്തരുത്, കാരണം ഞാൻ അനീതിക്ക് സാക്ഷ്യം വഹിക്കുന്നതല്ല" (മുസ്‌ലിം)

2- ഉപദേശിക്കുന്നതിലും, നൽകുന്നതിലും സന്താനങ്ങൾക്കിടയിൽ നീതി പാലിക്കുക. നിൻെറ അനന്തരാവകാശ സ്വത്തിൽ നിന്ന് നീ ആരെയും തടയരുത്. നിനക്ക് അല്ലാഹു നിർബ്ബന്ധമാക്കിയതിൽ നീ തൃപ്തിയടയുകയും, അതുപോലെ വീതിക്കുകയും ചെയ്യുക. നിൻെറ ഇഛക്കും, തൃപ്തിക്കുമനുസരിച്ച് ഇഷ്ടപ്പെടുന്നവർക്ക് നൽകുകയും ഇഷ്ടപ്പെടാത്തവർക്ക് നൽകാതിരിക്കുകയും ചെയ്യരുത്. അങ്ങനെയാണെങ്കിൽ അതിന് നരക ശിക്ഷ അനുഭവിക്കേണ്ടി വന്നേക്കും. എത്രയെത്ര വ്യക്തികളാണ് തങ്ങളുടെ അനന്തരവകാശം ചില സന്താനങ്ങൾക്ക് മാത്രം എഴുതി വെക്കുകയും, അതുമുഖേന സന്താനങ്ങൾക്കിടയിൽ വിദ്വേഷവും, പകയും മറ്റും ഉണ്ടാകുകയും ചെയ്തിരിക്കുന്നത്. അങ്ങിനെ എത്ര പേരാണ് അവരുടെ സമ്പത്തുകൾ ജഡ്ജിമാർക്കിടയിലും, കേസ് വാദിക്കുന്നവർക്കിടയിലും പാഴാക്കി കളഞ്ഞത്. അത്കൊണ്ട് ഈ കാര്യം നാം പ്രത്യേകിച്ച് ശ്രദ്ധിക്കുക.

## യുവാക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കുക

യുവാക്കളുടെ പ്രശ്നങ്ങളിൽ ഏറ്റവും ശ്രേഷ്ടമായത് സാധിക്കുമെങ്കിൽ, -മഹ്റ് കൊടുക്കുവാനുള്ള സാമ്പത്തിക ശേഷി കൂടി ഉണ്ടെങ്കിൽ- അവർക്ക് വിവാഹം കഴിപ്പിച്ച് കൊടുക്കുകയെന്നതാണ്. കാരണം പ്രവാചകൻ(ﷺ) പറയുന്നു:

(قَالَ رسولُ اللهِ صلى الله عليهِ وسلم: يا معشر الـشبابِ مـن استطَاع الْباءَةَ فَلْيتزوج فَإِنه أَغَض لِلْبصرِ وأَحصن لِلْفَرجِ ومن لَم يستطِع فَعليهِ بِالصومِ فَإِنه لَه وِجاءٌ ) (بخاري ومسلم)

“അല്ലയോ യവാക്കളെ, ആർക്കെങ്കിലും വിവാഹം കഴിക്കുവാനുള്ള കഴിവുണ്ടായാൽ നിങ്ങൾ വിവാഹം കഴിക്കുക, അതാണ് ദൃഷ്ടികളെ താഴ്ത്തുവാനും, ഗുഹ്യാവയവത്തെ കാത്ത് സൂക്ഷിക്കുവാനും ഏറ്റവും നല്ലത്, അതിന് സാധ്യമല്ലായെങ്കിൽ അവൻ നോമ്പനുഷ്ടിക്കട്ടെ, കാരണം അതവന് സംരക്ഷണം നൽകുന്നതാണ്” (ബുഖാരി, മുസ്ലിം)

വിവാഹം കഴിഞ്ഞത് കൊണ്ട് മാത്രം പഠനം മുടക്കേണ്ടതില്ല, സാധിക്കുമെങ്കിൽ സാമ്പത്തിക ശേഷിയുമുണ്ടെങ്കിൽ പഠനത്തിൽ തുടരുകയാണ് വേണ്ടത്. അതുപോലെ ഭർത്താവോ, പിതാവോ ജോലിയും സാമ്പത്തിക ശേഷിയുമുള്ളവരാണെങ്കിൽ പഠനം തുടരൽ തന്നെയാണ് വിവാഹിതക്കും ഉത്തമം.

പ്രായ പൂർത്തിയെത്തിയ മക്കൾക്ക് വിവാഹം കഴിപ്പിച്ച് കൊടുക്കൽ ഓരോ രക്ഷിതാക്കളുടെയും കടമയാണ്. പ്രത്യേകിച്ച് സാമ്പത്തിക ശേഷിയുള്ളവരാണെങ്കിൽ. അതാണ് തൻെറ വീടും, കുടുംബവും ഫിത്നയിലേക്കും മ്ളേഛ പ്രവർത്തിയിലേക്കും പോകാതിരിക്കുവാൻ ഏറ്റവും അനുപേക്ഷണീയമായിട്ടുള്ളത്. അതല്ലായെങ്കിൽ സന്താനങ്ങൾ ഏതെങ്കിലും ഫിത്നയിൽ അകപ്പെട്ട് ആ കുടുംബത്തിൻെറ സൽപേര് തന്നെ കളങ്കപ്പെടുവാൻ സാധ്യത കൂടുതലാണ്, ആയതിനാൽ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിവാഹം കഴിപ്പിച്ച് കൊടുക്കുവാൻ കഴിയുന്ന രക്ഷിതാക്കളോട് വിവാഹം കഴിപ്പിച്ച് തരണമെന്ന് സന്താ

നങ്ങൾക്ക് ആവശ്യപ്പെടാവുന്നതാണ്. അങ്ങിനെ ആവശ്യപ്പെട്ടാൽ രക്ഷകർത്താവ് വളരെ വിവേകത്തോടെയായിരിക്കണം അതിനെ സമീപിക്കേണ്ടത്. സന്താനങ്ങളോട് നന്മയിലാണ് രക്ഷിതാക്കൾ സഹകരിക്കേണ്ടത്.

ഓരോ മനുഷ്യനും മനസ്സിലാക്കേണ്ട ഒരു കാര്യം ഇവിടെ ശ്രദ്ധേയമാണ്: അല്ലാഹു ഒരു കാര്യം നിഷിദ്ധമാക്കിയിട്ടുണ്ടെങ്കിൽ അതിന് പകരമായി മറ്റൊരു കാര്യം അനുവദിച്ച് നൽകിയിട്ടുണ്ട്. ഉദാഹരണമായി: പലിശ നിഷിദ്ധമാക്കി അതിന് പകരമായി കച്ചവടം അനുവദനീയമാക്കി, വ്യഭിചാരം നിഷിദ്ധമാക്കിയപ്പോൾ അതിന് പകരമായി വിവാഹം അനുവദനീയമാക്കി. ഇതാണ് യുവാക്കളുടെ പ്രശ്നം പരിഹരിക്കുവാനുള്ള ഏറ്റവും ഉത്തമവും അനുവദനീയവുമായ മാർഗം.

വിവാഹം കഴിക്കുവാനുള്ള ശേഷി -അത് മഹ്റാവട്ടെ, ചിലവിനുള്ള സാമ്പത്തികശേഷിയാവട്ടെ- ഇല്ലാത്തവർ പാലിക്കേണ്ട ചില കാര്യങ്ങൾ:

1- ഇസ്ലാമിക ശരീഅത്ത് നിർദ്ദേശിക്കുന്ന നോമ്പനുഷ്ടിക്കട്ടെ. ഇതാണ് ഹദീസിൻെറ അവസാനം പറയുന്നത്:

**(ومن لم يستطِع فَعلَيهِ بِالصومِ فَإنه له وِجاءٌ )**

"അതിന് സാധ്യമല്ലെങ്കിൽ അവൻ നോമ്പനുഷ്ടിക്കട്ടെ, കാരണം അതവന് സംരക്ഷണം നൽകുന്നതാണ്"

അതായത് നോമ്പിന് യുവാക്കളെ സംരക്ഷിക്കുവാൻ സാധിക്കും. നോമ്പ് ലൈംഗിക വികാരത്തെ ലഘൂകരിക്കുന്നു. നോമ്പ് അന്നപദാർത്ഥങ്ങളെ മാത്രമല്ല തടഞ്ഞ് നിറുത്തുന്നത് മറിച്ച് നിഷിദ്ധമായ കാര്യങ്ങൾ ദർശിക്കുന്നതിനെയും, വികാരങ്ങളെ ഇളക്കിവിടുന്ന സിനിമകൾ കാണുന്നതിനെയും, മ്ളേഛ വർത്തമാനങ്ങൾ കേൾക്കുന്നതിൽ നിന്നും, അശ്ളീല ലേഖനങ്ങൾ വായിക്കുന്നതിൽ നിന്നും എല്ലാം തടഞ്ഞു നിറുത്തുന്നു. യുവാക്കൾ സ്ത്രീകളെ നോക്കുന്ന

തിൽ നിന്നും തങ്ങളുടെ കണ്ണുകളെ നിയന്ത്രിക്കേണ്ടതു ണ്ട്. കാരണം പതിവൃതയിലൂടെ മാത്രമെ ആരോഗ്യം നില നിർത്തുവാൻ കഴിയുകയുള്ളൂ, രോഗവും, ദുരന്തങ്ങളും ഇ ഛകൾക്ക് പിന്നാലെ ഓടുമ്പോഴാണ് ഉണ്ടാവുക. അതു കൊണ്ട് വികാരങ്ങളെ തടയുക. വിവാഹമെന്ന മാർഗത്തി ലൂടെയല്ലാതെ അതിലേക്ക് സഞ്ചരിക്കാതിരിക്കുക. അതി ലൂടെ മാത്രമാണ് ഐശ്വര്യമായ ജീവിതവും, സൽപേരും ലഭിക്കുകയുള്ളൂ.

2- മന:ശാസ്ത്രജ്ഞർ പറയുന്നു: വൈകാരികതയുടെ ഹോർമോണുകൾ മനുഷ്യരിൽ വർദ്ധിപ്പിക്കുവാനും കുറ ക്കുവാനും സാധിക്കും. വിവാഹം കഴിക്കുവാൻ സാധിച്ചി ല്ലായെങ്കിൽ മ്ളേഛകാര്യങ്ങളിലേക്ക് പോകരുത്. മറിച്ച് വൈകാരികതയുടെയും, ലൈഗികതയുടെയും ഹേർമോ ണുകൾ കുറക്കുവാൻ സാധ്യമാകുന്നത് ചെയ്യുക. ആത് മാവിനെ ആരാധനാപരമായ കാര്യങ്ങളിലേക്ക് തിരിച്ച് വി ടുക. നമസ്കാരം, നോമ്പ്, ഖുർആൻ പാരായണം, ഹദീ സ് പഠനം, പ്രവാചക ചരിത്ര പഠനം തുടങ്ങിയവയിൽ മു ഴുകുക. അതുപോലെ ജോലിയിൽ ഏർപ്പെടുകയും, എ ന്തെങ്കിലും അന്വേഷിക്കുന്നതിൽ മുഴുകുകയും ചെയ്യുക, അതല്ലെങ്കിൽ പ്രകൃതിയുടെ മനോഹാരിതയായ നദികൾ, മരങ്ങൾ, പർവ്വതങ്ങൾ, മറ്റു പ്രകൃതി സൗന്ദര്യങ്ങൾ തുട ങ്ങിയവ കടലാസ്സുകളിലേക്ക് പകർത്തുവാനും, വരക്കുവാ നും പരിശ്രമിക്കുക, അതുപോലെ സെക്സിൽ നിന്നും മനസിനെ പിന്തിരിപ്പിക്കുന്ന ഇസ്ലാമിക ശരീഅത്ത് അനു വദിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

3- ശാരീരികമായ വ്യായാമങ്ങൾ ചെയ്യുക. ശരീരത്തിന് ഉന്മേഷവും ആരോഗ്യവും നൽകുവാനുതകുന്ന അഭ്യാസ ങ്ങളും, പ്രവർത്തനങ്ങളും ചെയ്യുക. യുവാക്കളും, യുവതി കളും കൂടികലരാത്ത രൂപത്തിൽ കായിക ക്ലബ്ബുകളിലും, മറ്റു ഉല്ലാസ കേന്ദ്രങ്ങളിലും പോയി ഇസ്ലാം അനുവദി

ക്കുന്ന ഉല്ലാസങ്ങളിലും, കളികളിലും, അഭ്യാസങ്ങളിലും ഏർപ്പെടുക. ഇതെല്ലാം തന്നെ യുവാക്കളെ വൈകാരികവും, ലൈകികപരവുമായ കാര്യങ്ങൾ ചിന്തിക്കുന്നതിൽ നിന്ന് തടയുന്നതാണ്. ഇതെല്ലാം തന്നെ മതത്തിനും, ശരീരത്തിനും, സ്വഭാവത്തിനും തന്നെ ബുദ്ധിമുട്ടുണ്ടാക്കുന്ന വ്യഭിചാരത്തിൽ നിന്ന് രക്ഷ നേടാൻ സഹായകമാകുന്ന കാര്യങ്ങളാകുന്നു.

അധികമായി വരുന്ന ഇങ്ങനെയുള്ള വൈകാരികമായ ഹോർമോണുകളും, ചിന്തകളും ലഘൂകരിക്കുവാനുള്ള മാർഗങ്ങൾ തേടുക. അതിൽ പെട്ടതാണ് യുവാക്കൾ ഭാരിച്ച ജോലികളിൽ ഏർപ്പെടുക, അതുപോലെ മൽസരം സങ്കടിപ്പിക്കുക, നീന്തൽ പഠിക്കുക, വൈജ്ഞാനിക മൽസരങ്ങളിൽ പങ്കെടുക്കുക, ചരിത്ര സ്ഥലങ്ങൾ സന്ദർശിച്ച് തന്റെ സൃഷ്ടാവിന്റെ കഴിവും മഹത്വവും മനസിലാക്കുക തുടങ്ങിയ കാര്യങ്ങൾ കൊണ്ടെല്ലാം ലൈംഗിക തൃഷ്ണയെ  സ്വയം നിയന്ത്രിക്കുവാൻ സാധിക്കും.

4- മതപരമായ വൈജ്ഞാനിക ഗ്രന്ഥങ്ങൾ വായിക്കുകയും പഠിക്കുകയും ചെയ്യുക. വിശുദ്ധഖുർആൻ പാരായണം, പഠനം, പ്രവാചക സുന്നത്തുകൾ മനസിലാക്കൽ, വിശുദ്ധഖുർആൻ വിവരണ ഗ്രന്ഥം വായിക്കൽ, ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും കഴിയുന്നത് മനഃപാഠമാക്കൽ, പ്രവാചക ചരിത്രവും, ഖുലഫാഉർറാശിദീങ്ങളുടെ ചരിത്രവും, ചിന്തകന്മാരുടെയും പണ്ഡിതന്മാരുടെയും ഗ്രന്ഥങ്ങൾ വായിക്കുകയും ചെയ്യുക. മതപരവും വൈജ്ഞാനിക ക്ലാസുകളും, വിശദീകരണവും കേൾക്കുക, കാസറ്റുകൾ, സീഡികൾ എന്നിവ ഉപയോഗിച്ച് ഖുർആൻ പാരായണം ശ്രദ്ധിക്കൽ തുടങ്ങിയവയിൽ മുഴുകുക.

ചുരുക്കത്തിൽ യുവാക്കൾക്ക് ഉപകാരപ്രദമായ ചികിൽസ വിവാഹം തന്നെയാകുന്നു. അതിന് സാധ്യമല്ലായെങ്കിൽ

നോമ്പനുഷ്ടിക്കുക, വൈകാരികതയും സെ്ക്സ് ചിന്ത കളും ഇല്ലായ്മ ചെയ്യുക, വ്യായാമം ചെയ്യുക, ഉപകാരപ്ര ദമായ വിജ്ഞാനം തേടുക തുടങ്ങിയവയാണ് സമാധാന വും ശാന്തിയും, ശക്തിയും നൽകുന്ന യാതൊരു ഉപദ്രവ വും നൽകാത്ത കാര്യങ്ങൾ. അതുപോലെ അല്ലാഹു വി രോധിച്ച കാര്യങ്ങളിൽ നിന്ന് കണ്ണുകളെ സൂക്ഷിക്കുക, അല്ലാഹുവിലേക്ക് മടങ്ങുക, പ്രത്യേകിച്ച് രാത്രിയിൽ. വി വാഹം എളുപ്പമാക്കി തരുവാൻ അല്ലാഹുവിനോട് പ്രാർ ത്ഥിക്കുക. (വിവാഹം എളുപ്പമാക്കുവാനുള്ള പ്രാർത്ഥനയിൽ പെട്ട താണ് മഹ്റ് കൊടുക്കുവാനും, കുടുംബത്തിന് ഉപ ജീവനത്തിനുള്ള കാര്യങ്ങൾ എളുപ്പമാക്കുവാനുമുള്ള പ്രാർ ത്ഥന).

## خطر تحديد النسل
## സന്താന നിയന്ത്രണം

1- അല്ലാഹു പറയുന്നു:

**(الْمالُ والْبنونَ زِينةُ الْحياةِ الدنيا) (الكهف:٤٦)**

“സ്വത്തും സന്താനങ്ങളും ഐഹിക ജീവിതത്തിൻെറ അല ങ്കാരമാകുന്നു” (കഅ്ഫ്:46)

സന്താനങ്ങളും, സമ്പത്തും ദൈവിക ദാനമാണ്, അത് ല ഭിക്കുവാനും, സമ്പാദിക്കുവാനുമായി മനുഷ്യൻ പ്രകൃത്യാ തന്നെ പരിശ്രമിക്കുന്നതാണ്. എന്നാൽ മനുഷ്യരിൽ നിന്ന് തന്നെയുള്ള ചില പിശാചുക്കൾ നിങ്ങൾ സന്താന നിയ ന്ത്രണം നടത്തണമെന്ന് പറഞ്ഞ് വാസ്വാസുണ്ടാക്കുന്നു.

എന്നാൽ അവർ സമ്പത്തിനെ നിങ്ങൾ നിയന്ത്രിക്കണമെന്ന് പറയുന്നില്ല. സന്താനവും, സമ്പത്തും നമുക്ക് ഇഹലോകത്തും, പരലോകത്തും ഉപകാരപ്പെടുന്ന കാര്യങ്ങളാണ്. കാരണം പ്രവാചക തിരുമേനി(ﷺ) പറയുന്നു:

**(إِذَا مات الإِنسانُ انقَطَع عملُه إلا مِن ثلاثٍ صدقَةٌ جارِيةٌ وعِلْم ينتفَع بِهِ وولَد صالِح يدعو له ) (مسلم)**

"മനുഷ്യൻ മരിച്ച് കഴിഞ്ഞാൽ അവൻെറ പ്രവർത്തനങ്ങൾ മുറിഞ്ഞ് പോയി മൂന്ന് കാരണങ്ങളൊഴിച്ച്, മുറിഞ്ഞ്പോവാത്ത ദാനധർമ്മങ്ങൾ, ഉപകാരപ്പെടുന്ന വിജ്ഞാനം, അവന് വേണ്ടി പ്രാർത്ഥിക്കുന്ന സദ്വൃത്തരായ സന്താനം" (മുസ്ലിം)

2- കൂടുതൽ സന്താനങ്ങളുണ്ടാകുന്നതിനെ ഇസ്ലാം പ്രോൽസാഹിപ്പിക്കുന്നു. മാത്രമല്ല, ധാരാളം പ്രസവിക്കുന്ന സ്ത്രീയെ വിവാഹം കഴിക്കുവാനും നിർദ്ദേശിക്കുന്നു. പ്രവാചകതിരുമേനി(ﷺ) പറയുന്നു:

**(تزوجوا الْودود الْولُود إِني مكَاثِر الأَنبِياءَ يوم الْقِيامةِ ) (أحمد صحيح)**

"നിങ്ങൾ കൂടുതൽ സ്നേഹിക്കുകയും, കൂടുതൽ പ്രസവിക്കുകയും ചെയ്യുന്ന സ്ത്രീകളെ വിവാഹം ചെയ്യുക, അവസാന നാളിൽ പ്രവാചകന്മാരിൽ ഏറ്റവും കൂടുതൽ അനുയായികളുള്ളവൻ ഞാനായിരിക്കും" (അഹ്മദ്).

3- ഗർഭാസ്ഥശിശുവിനോ, മാതാവിനോ ബുദ്ധിമുട്ടുണ്ടാകുമെന്ന് വിശ്വസ്ഥനായ ഒരു ഡോക്ടർ പറഞ്ഞാലല്ലാതെ ഇസ്ലാം ഒരിക്കലും സന്താന നിയന്ത്രണം അനുവദിക്കുന്നില്ല. ദാരിദ്ര്യം ഭയന്ന്കൊണ്ടോ, സമ്പത്തിന് കുറവ് വരുമെന്ന ഭയത്താലോ, ഉപജീവനം നൽകേണ്ടിവരുമെന്ന പേടിയാലോ സന്താന നിയന്ത്രണം നടത്തുവാൻ പാടില്ല. അല്ലാഹു പറയുന്നു:

(الشيطانُ يعدكُم الفَقْر ويأمركُم بالفَحشاءِ والله يعدكُم مغفِرةً منه وفَضلاً والله واسِع علِيم) (البقرة: ٢٦٨)

"പിശാച് ദാരിദ്ര്യത്തെപ്പറ്റി നിങ്ങളെ പേടിപ്പെടുത്തുകയും, നീചവൃത്തികൾക്ക് നിങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവാകട്ടെ അവൻെറ പക്കൽനിന്നുള്ള മാപ്പും അനുഗ്രഹവും നിങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. അല്ലാഹു വിപുലമായ കഴിവുകളുള്ളവനും (എല്ലാം) അറിയുന്നവനുമാകുന്നു" (അൽബഖറ:268)

## فضل الصلوات والتحذير من تركها

## നമസ്കാരത്തിന്റെ ശ്രേഷ്ടതയും അത് ഉപേക്ഷിച്ചാലുള്ള ശിക്ഷയും

1- അല്ലാഹു പറയുന്നു:

(والذِين هم على صلاتِهم يحافِظُونَ (*) أولَئِك فِي جنات مكْرمونَ) (المعارج: ٣٤- ٣٥)

"തങ്ങളുടെ നമസ്കാരങ്ങൾ നിഷ്ഠയോടെ നിർവഹിക്കുന്നവരും, അത്തരക്കാർ സ്വർഗത്തോപ്പുകളിൽ ആദരിക്കപ്പെടുന്നവരാകുന്നു" (മആരിജ്:34-35)

2- അല്ലാഹു പറയുന്നു:

(قَد أفْلَح المؤمِنونَ (*) الذِين هم فِي صلاتِهم خاشِعونَ) (المؤمنون:١-٢)

"സത്യവിശ്വാസികൾ വിജയിച്ചിരിക്കുന്നു, അവർ അവരുടെ നമസ്കാരത്തിൽ ഭയഭക്തിയുള്ളവരാകുന്നു." (അൽമു അ്മിനൂൻ:1-2)

3- അല്ലാഹു പറയുന്നു:

(وأَقِم الصلاةَ إن الصلاةَ تنهى عن الفَحشاءِ والمنكَر)

(العنكبوت:٤٥)

"നമസ്കാരം മുറപോലെ നിർവ്വഹിക്കുക, തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും, നിഷിദ്ധകർമ്മത്തിൽ നിന്നും തടയുന്നു" (അൻകബൂത്ത്:45)

4- അല്ലാഹു പറയുന്നു:

(فَويلٌ للمصلين (*) الذِين هم عن صلاتِهم ساهونَ)

(الماعون:٤-٥)

"നമസ്കരിക്കുന്നവർക്കാണ് നാശം, അവർ അവരുടെ നമസ്കാരത്തെപ്പറ്റി അശ്രദ്ധയിലാകുന്നു" (മാഊൻ :4-5)

5- അല്ലാഹു പറയുന്നു:

(فَخلَف مِن بعدِهِم خلْف أَضاعوا الصلاةَ واتبعوا الشهواتِ فَسوف يلْقَونَ غَيا) (مريم: ٥٩)

"എന്നിട്ട് അവർക്കുശേഷം അവരുടെ സ്ഥാനത്ത് ഒരു പിൻതലമുറ വന്നു. അവർ നമസ്കാരം പാഴാക്കുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്തു. തന്മൂലം ദുർമ്മാർഗത്തിന്റെ ഫലം അവർ കണ്ടെത്തുന്നതാണ്" (മർയം:59)

6- തിരുമേനി(ﷺ) പറയുന്നു:

(قال رسولَ اللهِ صلى الله عليهِ وسلم : أرأيتم لَو أن نهرا بِبابِ أحدِكُم يغتسِلُ فِيهِ كُل يومٍ خمسا ما تقُولُ ذَلك يبقِي مِن درنِهِ

قَالُوا: لاَ يبقِي مِن درنِهِ شيئًا، قَالَ : فَذَلِك مِثْلُ الصلَواتِ الْخمس يمحو الله بِهِ الْخطَايا ) (متفق عليه)

പ്രവാചകതിരുമേനി(സ) പറയുകയുണ്ടായി: "നിങ്ങളിൽ ആരുടെയെങ്കിലും വീടിൻെറ വാതിലിന് മുന്നിലൂടെ ഒഴുകികൊണ്ടിരിക്കുന്ന ഒരു നദിയിൽ നിന്ന് ആരെങ്കിലും ഒരു ദിവസം അഞ്ചുനേരം കുളിക്കുകയാണെങ്കിൽ അവൻെറ ശരീരത്തിൽ വല്ല അഴുക്കും അവശേഷിക്കുമോ? സ്വഹാബികൾ പറഞ്ഞു: 'ഒരു അഴുക്കും അവശേഷിക്കുകയില്ല'. നബി(ﷺ) തുടർന്നു: അതുപോലെയാണ് അഞ്ച്നേരത്തെ നമസ്കാരം. അത്കൊണ്ട് അല്ലാഹു പാപങ്ങളെല്ലാം കഴുകിക്കളയുന്നു" (ബുഖാരി, മുസ്ലിം)

7- പ്രവാചകൻ(ﷺ) പറയുന്നു:

( قَالَ رسولُ اللهِ صلى الله علَيهِ وسلم: الْعهد الَّذِي بيننا وبينهم الصلاَةُ فَمن تركَها فَقَد كَفَر ) (إبن ماجه. صحيح)

"നമ്മുടെയും അവരുടെയും(അവിശ്വാസികൾ) ഇടയിലുള്ള വ്യത്യാസം നമസ്കാരമാകുന്നു. ആരാണോ അത് ഉപേക്ഷിക്കുന്നത് അവൻ അവിശ്വസിച്ചിരിക്കുന്നു" (ഇബ്നുമാജ)

8- റസൂലുല്ലാഹ്ﷺ പറയുന്നു:

(قَالَ النبِي صلى الله علَيهِ وسلم : إِن بين الرجل وبين الـشركِ والْكُفْرِ ترك الصلاَةِ ) (مسلم)

തിരുമേനി(ﷺ) പറയുന്നു: "ഒരു മനുഷ്യൻെറയും ശിർക്കിൻെറയും കുഫ്റിൻെറയും ഇടയിലുള്ള വ്യത്യാസം നമസ്കാരം ഉപേക്ഷിക്കലാകുന്നു" (മുസ്ലിം)

## വുദൂഉം, തയമ്മുമും

സന്താനങ്ങളെ ചെറുപ്പത്തിൽ തന്നെ വുദൂഉം, തയമ്മുവും പഠിപ്പിക്കേണ്ടതുണ്ട്.

വുദൂഅ്: കൈമുട്ടിന് മുകളിൽ വരെ വസ്ത്രം മാറ്റി വെച്ച്കൊണ്ട് (بسم الله) "അല്ലാഹുവിൻെറ നാമത്തിൽ" എന്നു പറയുക. വുദുവെടുക്കുകയാണെന്ന നിയ്യത്തോ (ഉദ്ദേശത്തോ)ടെ -നിയ്യത്തിൻെറ സ്ഥാനം ഹൃദയമാണ്, അത് നാവ് കൊണ്ട് പറയേണ്ടതില്ല- തുടങ്ങുക.

1- രണ്ട് മുൻകൈകളും മൂന്ന് പ്രാവശ്യം കഴുകുകയും, മൂന്ന് പ്രാവശ്യം വായിൽ വെള്ളം കൊപ്ളിക്കുകയും, മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യുക.

2- മുഖം മൂന്ന് പ്രാവശ്യം കഴുകുക.

3- ആദ്യം വലത് കൈമുട്ട് വരെ മൂന്ന് പ്രാവശ്യവും, തുടർന്ന് ഇടത് കൈമുട്ട് വരെ മൂന്ന് പ്രാവശ്യവും കഴുകുക.

4- തല മുഴുവനും ചെവിയുൾപ്പെടെ ഒരു പ്രാവശ്യം തടവുക.

5- രണ്ട് കാലുകളും ഞെരിയാണിയുൾപ്പെടെ വലതിനെ മുന്തിപ്പിച്ച് മൂന്ന്പ്രാവശ്യം കഴുക. തുടർന്ന് നീ പറയുക:

**(أشهد أنْ لا إله إلا الله ، وأشهد أن محمدا عبده ورسوله)**

"അല്ലാഹുവല്ലാതെ ആരാധനക്കർഹനായി ആരും തന്നെയില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, മുഹമ്മദ് അവൻെറ അടിമയും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു"

**തയമ്മും:** വെള്ളം കിട്ടാതിരിക്കുകയോ, ഉപയോഗിക്കുവാൻ പറ്റാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ ശുദ്ധമായ മണ്ണിൽ രണ്ട് കൈപടങ്ങളും അടിക്കുക. തുടർന്ന് അതുകൊണ്ട് മുഖവും രണ്ട് കൈപടങ്ങളും തടവുക. ഇത് കുളിക്കും, വുദൂവിനും മതിയാവുന്നതാണ്.

വെള്ളം ഉപയോഗിക്കാൻ പറ്റാതിരിക്കുക എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ഉപയോഗിച്ചാൽ ഉപദ്രവമോ, രോഗം കഠിനമാവുകയോ ചെയ്യുക, അതുപോലെ ഉള്ള വെള്ളം തികയാതിരിക്കുകയോ, കുടിക്കാൻ വെള്ളം ഇല്ലാതിരിക്കുകയോ ചെയ്താൽ വുദുവിനും കുളിക്കും പകരം തയമ്മും ചെയ്യാവുന്നതാണ്.

## കുട്ടികളെ നമസ്കാരം പഠിപ്പിക്കുക

കുട്ടികളെ നമസ്കാരം പഠിപ്പിക്കൽ ഓരോ രക്ഷിതാക്കളുടെയും അധ്യാപകരുടെയും നിർബ്ബന്ധ ബാധ്യതയാകുന്നു.

സുബഹി നമസ്കാരം: സുബഹി രണ്ട് റകഅത്താണ് നിർബ്ബന്ധമായിട്ടുള്ളത്. സുബഹി നമസ്കരിക്കുകയാണെന്ന നിയ്യത്ത്(ഉദ്ദേശം) ആവശ്യമാണ്. നിയ്യത്തിൻെറ സ്ഥാനം ഹൃദയമാകുന്നു.

1- ഖിബ്‌ലയിലേക്ക് മുന്നിട്ട് രണ്ട് കൈകളും ചെവിയുടെ നേരെ ഉയർത്തി (الله أكبر) “അല്ലാഹു അക്ബർ” എന്ന് പറയുക.

2- വലത് കൈ ഇടത് കയ്യിന്മേൽ വെച്ച് നെഞ്ചിൽ വെച്ചതിന് ശേഷം ഒന്നാമത്തെ റകഅത്തിൽ താഴെ വരുന്ന പ്രാർത്ഥന ചൊല്ലുക:

(سبحانك اللهم وبحمدِك وتبارك اسمك وتعالى جدك ولا إلـه غَيرك )

“അല്ലാഹുവെ നീ പരിശുദ്ധനാണ്. നിനക്ക് സ്തോത്രം. നിന്റെ നാമം അത്യാനുഗ്രഹീതവും നിന്റെ കഴിവുകൾ അത്യുന്നതങ്ങളുമാണ്. നീയല്ലാതെ ഒരാരാധ്യനുമില്ല” ഇതുപോലെ സുന്നത്തിൽ സ്ഥിരപ്പെട്ട ഏതെങ്കിലും പ്രാർത്ഥനകൾ പതുക്കെ ചൊല്ലുക.

3- തുടർന്ന് അഊദുവും ബിസ്മിയും ചൊല്ലി ഫാത്വിഹഃ സൂറത്ത് പാരായണം ചെയ്യുക.

**أعوذُ بِاللهِ مِن الشيطَانِ الرجِيمِ***

**بِسمِ اللهِ الرحمنِ الرحِيمِ (١) الْحمد لِلــهِ رب الْعــالَمِين (٢) الرحمنِ الرحِيمِ (٣) مالِكِ يومِ الدينِ (٤) إِياك نعبــد وإِيــاك نستعِين (٥) اهدِنا الصراطَ الْمستقِيم (٦) صِراطَ الذِين أنعمــت علَيهم غَيرِ الْمغضوبِ علَيهم ولاَ الضالين (٧) آمِين**

1 **بِسمِ اللهِ الرحمنِ الرحِيمِ.**

“കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ”

2. **الْحمد لِلهِ رب الْعالَمِين**

“ലോകരക്ഷിതാവായ അല്ലാഹുവിന്നാണ് സർവ്വസ്തുതിയും”

3. **الرحمنِ الرحِيمِ**

“പരമകാരുണ്യകനും കരുണാനിധിയുമായവന്”

4. **مالِكِ يومِ الدينِ**

"പ്രതിഫലനാളിന്റെ ഉടമസ്ഥന്"

5. إِيَاكَ نعبد وإِياكَ نستعِين

"നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു.നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു."

6. اهدِنا الصراطَ المستقِيمَ

"ഞങ്ങളെ നീ നേർമാർഗത്തിൽ ചേർക്കേണമേ.."

7. صِراطَ الذِين أنعمت عليهم غير المغضوبِ عليهم ولا الضالين

"അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ, കോപത്തിന്നിരയായവരുടെ മാർഗത്തിലല്ല, പിഴച്ചുപോയവരുടെ മാർഗത്തിലുമല്ല."

ശേഷം അറിയുന്ന ഏതെങ്കിലും സൂറത്ത് പാരായണം ചെയ്യുക:

4- ഉദാഹരണമായി സൂറത്തുൽ ഇഖ്ലാസ്:

أعوذُ بِاللهِ مِن الشيطانِ الرجِيمِ*

بِسمِ اللهِ الرحمنِ الرحِيمِ * قُلْ هو الله أحد (١) الله الـصمد (٢) لم يلِد ولم يولد (٣) ولم يكُن له كُفُوا أحد (٤)

സൂറ:ഇഖ്ലാസ് (ആത്മാർത്ഥത)

1 قُلْ هو الله أحد

(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. (ആരാധ്യതയിൽ അല്ലാഹു ഏകനാണ്. അതിൽ ഒരാൾക്കും പങ്കില്ല.)

2 الله الصمد

അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു.

3 لم يلد ولم يولد

അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല (അവന് മക്കളോ പിതാവോ ഇല്ല)

4 ولم يكن له كفوا أحد

അവന്ന് തുല്ല്യനായി ആരും ഇല്ല താനും. (അവനു തുല്ല്യമായി ഒന്നും തന്നെയില്ല. അവൻെറ നാമങ്ങളിലോ, അസ്ഥിത്വത്തിലോ, ഗുണങ്ങളിലോ, പ്രവർത്തനങ്ങളിലോ സമന്മാരില്ല.)

5- പിന്നെ രണ്ട് കൈകളും പൊക്കുകയും, അല്ലാഹു അക്ബർ എന്ന് പറഞ്ഞ് റുകൂഅ് ചെയ്യുക. രണ്ട് കൈകളും കാൽ മുട്ടിൽ വെക്കുകയും ഇങ്ങനെ പ്രാർത്ഥിക്കുകയും ചെയ്യുക.

(سبحانَ ربي العظيم)

"ഉന്നതനായ എൻെറ രക്ഷിതാവ് പരിശുദ്ധനാകുന്നു" എന്ന് മൂന്ന് പ്രാവശ്യം പറയുക.

6- പിന്നെ തലയും കൈകളും ഉയർത്തുകയും താഴെ വരുന്നത് പറയുകയും ചെയ്യുക:

(سمع الله لمن حمده، ربنا لك الحمد)

"തന്നെ സ്തുതിച്ചവൻെറ സ്തുതി അല്ലാഹു കേട്ടിട്ടുണ്ട്, ഞങ്ങളുടെ രക്ഷിതാവെ, നിനക്കാണ് സ്തുതികളഖിലവും".

7- തുടർന്ന് തക്ബീർ ചൊല്ലി സുജൂദിലേക്ക് പോവുക. സുജൂദിൽ രണ്ട് മുൻകൈകളും, രണ്ട് കാൽമുട്ടുകളും,

നെറ്റിയും മൂക്കും, രണ്ട് കാലുകളുടെയും വിരലുകളുടെ അടിഭാഗം ഖിബ്‌ലക്ക് അഭിമുഖമായി വെക്കുകയും ചെയ്യുക. എന്നിട്ട് മൂന്ന് പ്രാവശ്യം താഴെ വരുന്ന പ്രാർത്ഥന പറയുക:

**(سبحانَ ربي الأعلى)**

"ഉന്നതനായ എൻെറ രക്ഷിതാവ് പരിശുദ്ധനാകുന്നു"
ശേഷം നിനക്ക് സുജൂദിൽ വേണ്ടത് പ്രാർത്ഥിക്കാവുന്നതാണ്. കാരണം സുജൂദിലെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതാണ്.

8- സുജൂദിൽ നിന്ന് 'അല്ലാഹു അക്ബർ' എന്ന് പറഞ്ഞ് ഉയർന്ന് ഇരിക്കുകയും രണ്ട് കൈകളും കാൽ മുട്ടിൽ വെക്കുകയും ചെയ്യുക. എന്നിട്ട്

**(رب اغْفِر لِي وارحمني واهدِني وعافِني وارزقْني )**

"അല്ലാഹുവെ എനിക്ക് നീ പൊറുത്ത് തരേണമേ, എന്നോട് കരുണ കാണിക്കേണമേ, എന്നെ സന്മാർഗത്തിലാക്കേണമേ, എന്നെ സൗഖ്യം നൽകേണമേ, എനിക്ക് ഉപജീവനം നൽകേണമേ"

9- അല്ലാഹു അക്ബർ എന്ന് പറഞ്ഞ് രണ്ടാമതും സുജൂദ് ചെയ്യുക. എന്നിട്ട് നേരത്തെ സുജൂദിൽ ചൊല്ലിയ പ്രാർത്ഥന വീണ്ടും പ്രാർത്ഥിക്കുക.

**(سبحانَ ربي الأعلى)**

"ഉന്നതനായ എൻെറ രക്ഷിതാവ് പരിശുദ്ധനാകുന്നു"
തുടർന്ന് ഉദ്ദേശിക്കുന്നത് പ്രാർത്ഥിക്കുക.

**രണ്ടാമത്തെ റകഅത്ത്:**

1- രണ്ടാമത്തെ റകഅത്തിലേക്ക് അല്ലാഹു അക്ബർ എന്ന് പറഞ്ഞ് എഴുന്നേൽക്കുക. തുടർന്ന് അഊദുവും, ബിസ്മിയും പതുക്കെ ചൊല്ലി സൂറത്തുൽ ഫാതിഹയും, ഖുർ

ആനിൽ നിന്ന് അറിയുന്ന സൂറത്തോ, ആയത്തുകളോ പാരായണം ചെയ്യുക.

2- റുകൂഉം, സുജൂദും പഠിച്ച രൂപത്തിൽ നിർവ്വഹിക്കുക. അങ്ങിനെ രണ്ടാമത്തെ സുജൂദിന് ശേഷം ഇരുന്ന് വലത് കൈ വിരലുകൾ ചുരുട്ടി പിടിച്ച് ചൂണ്ട് വിരൽ ചൂണ്ടി പിടിച്ച് കാൽമുട്ടിൽ വെക്കുകയും താഴെ വരുന്ന പ്രാർത്ഥന ചൊല്ലുകയും ചെയ്യുക.

**(التحيات لله، والصلوات والطيبات، السلام عليك أيها النبي ورحمةُ الله وبركاته، السلام علينا وعلى عِبادِ الله الصالحين، أشهد أنْ لا إله إلا الله ، وأشهد أن محمدا عبده ورسولُه)**

“എല്ലാ അഭിവാദ്യങ്ങളും അല്ലാഹുവിനാകുന്നു. എല്ലാ പ്രാർത്ഥനകളും എല്ലാ സൽകർമ്മങ്ങളും അല്ലാഹുവിന് തന്നെ. അല്ലാഹുവിൻെറ കാരുണ്യവും അനുഗ്രഹങ്ങളും നബിയേ അങ്ങയുടെ മേൽ വർഷിക്കുമാറാകട്ടെ. നമുക്കും നല്ലവരായ എല്ലാ ദൈവദാസന്മാർക്കും അല്ലാഹുവിൻെറ രക്ഷയുണ്ടാവട്ടെ. അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്നും മുഹമ്മദ് നബി അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു” (ഇതിന് ഹദീസുകളിൽ വേറെയും രൂപങ്ങളുണ്ട്).

**(اللهم صل على محمدٍ وعلى آل محمدٍ كما صليت على إبراهيم وعلى آل إبراهيم إنك حميد مجيد ، اللهم بارك على محمدٍ وعلى آل محمدٍ كما باركْت على إبراهيم وعلى آل إبراهيم إنك حميد مجيد)**

“അല്ലാഹുവെ ഇബ്റാഹീം നബിക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ കരുണ ചെയ്തത്പോലെ മുഹമ്മദ് നബിക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ കരുണ ചൊരിയേണമേ. നീ സ്തുത്യർഹനും ഔദാര്യവാനുമാണ്. അല്ലാഹുവേ ഇബ്രാഹീം നബിക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ അനുഗ്രഹം ചൊരിഞ്ഞതുപോലെ മുഹമ്മദ് നബിക്കും അദ്ദേഹത്തിൻെറ കുടുംബത്തിനും നീ അനുഗ്രഹം ചൊരിയേണമേ. നീ സ്തുത്യർഹനും മഹാനുമാണല്ലോ?”

3- തുടർന്ന് താഴെ വരുന്ന പ്രാർത്ഥന ചൊല്ലുക:

**( اللهم إني أعوذُ بِك مِن عذَابِ جهنم ومِن عذَابِ الْقَبرِ ومِــن فِتنةِ الْمحيا والْمماتِ ومِن شر فِتنةِ الْمسِيحِ الدجال)**

“അല്ലാഹുവെ, നരക ശിക്ഷയിൽ നിന്നും ക്വബ്റിലെ ശിക്ഷയിൽ നിന്നും ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണങ്ങളിൽ നിന്നും ദജ്ജാലിൻെറ കുഴപ്പങ്ങളിൽ നിന്നും ഞാൻ നിന്നോട് കാവൽ തേടുന്നു.”

3- ശേഷം വലത്തോട്ടും, ഇടത്തോട്ടും തിരിഞ്ഞ്

**( السلام عليكم ورحمة الله)** -അല്ലാഹുവിൻെറ രക്ഷയും കാരുണ്യവും നിങ്ങൾക്കുണ്ടാവട്ടെ- എന്ന് പറഞ്ഞ് സലാം വീട്ടുക.

## നമസ്കാരങ്ങളുടെ റകഅത്തുകളുടെ എണ്ണം

**നിർബ്ബന്ധ നമസ്കാരത്തിന് മുമ്പും ശേഷവും സുന്നത്ത് നമസ്കാരങ്ങളുണ്ട്.**

| നമസ്കാരം | മുമ്പുള്ള സുന്നത്ത് | നിർബ്ബന്ധമായത് | ശേഷമുള്ള സുന്നത്തുകൾ |
|---|---|---|---|
| സുബഹി | 2 | 2 | --- |
| ളുഹർ | 2+ 2 | 4 | 2+ 2 |
| അസ്വർ | 2+ 2 | 4 | --- |
| മഗ്‌രിബ് | 2 | 3 | 2 |
| ഇശാഅ് | 2- തഹിയ്യത്ത് | 4 | 2+ വിത്ർ 3 |
| ജുമുഅ: | 2- തഹിയ്യത്ത് | 2 | വീട്ടിൽ വെച്ച് 2ഉം, പള്ളിയിൽ വെച്ച് 2+ 2ഉം |

## നമസ്കാരത്തിന്റെ വിധികളിൽ ചിലത്

**1- നമസ്കാരത്തിൽ സാവകാശം കാണിക്കുക. സുജൂദിൻെറ സ്ഥാനത്തേക്ക് നോക്കുക, തിരിഞ്ഞ് നോക്കാതിരിക്കുക.**

**2- പതുക്കെ ഓതി നമസ്കരിക്കുന്ന നമസ്കാരത്തിലെ ആദ്യത്തെ റണ്ട് റകഅത്തിൽ ഫാത്വിഹ: സൂറത്തും, സൂറത്തും പതുക്കെ ഓതുക. ഉറക്കെ ഓതി നമസ്കരിക്കുന്ന**

നമസ്കാരത്തിൽ ഇമാമിനെ മുൻകടക്കാതെ ഫാത്വിഹ: പാരായണം ചെയ്യുക.

3- നിർബ്ബന്ധമായ ജുമുഅ: നമസ്കാരം രണ്ട് റകഅ ത്താകുന്നു. അത് പള്ളികളിൽ ഖുതുബക്ക് ശേഷമാണ് നമസ്കരിക്കേണ്ടത്.

4- മഗ്രിബ് മൂന്ന് റകഅത്താണ്. സുബഹി നമസ്കരിച്ച ത് പോലെ രണ്ട് റകഅത്ത് നമസ്കരിക്കുക, അങ്ങിനെ അത്തഹിയ്യാത്ത് കഴിഞ്ഞതിന് ശേഷം സലാം വീട്ടാതെ മൂ ന്നാമത്തെ റകഅത്തിലേക്ക് രണ്ട് കൈകളും ചുമലിന് നേരെ ഉയർത്തി അല്ലാഹു അക്ബർ എന്ന് പറഞ്ഞ് എഴു ന്നേൽക്കുക. തുടർന്ന് ഫാത്വിഹ: മാത്രം പാരായണം ചെ യ്ത് മുമ്പ് വിവരിച്ചത്പോലെ ബാക്കി പൂർത്തിയാക്കു കയും, രണ്ട് ഭാഗത്തേക്കും സലാം വീട്ടുകയും ചെയ്യുക.

5- ളുഅറും, അസ്വറും, ഇശാഉം നാല് റകഅത്ത് വീതം നമസ്കരിക്കുക. സുബഹി നമസ്കരിച്ചത്പോലെ നമസ് കരിക്കുകയും രണ്ടാമത്തെ റകഅത്തിൽ ശേഷം ഇരുത്ത ത്തിൽ അത്തഹിയ്യാത്ത് പാരായണം ചെയ്തതിന് ശേഷം മൂന്നാമത്തെ റകഅത്തിലേക്ക് എഴുന്നേൽക്കുക, പിന്നെ നാലാമത്തെ റകഅത്തിലേക്കും എഴുന്നേൽക്കുക, അതിൽ ഫാത്വിഹ: ഓതിയതിന് ശേഷം നമസ്കാരം പൂർത്തിയാ ക്കുകയും ഇടതും വലതും സലാം വീട്ടുകയും ചെയ്യുക.

6- വിത്റ് മൂന്ന് റകഅത്താകുന്നു. ആദ്യം രണ്ട് റകഅത്ത് നമസ്കരിക്കുകയും സലാം വീട്ടുകയും ചെയ്യുക, വീണ്ടും ഒരു റകഅത്ത് നമസ്കരിച്ച് സലാം വീട്ടുക.

7- ഇമാമോട് കൂടി നമസ്കരിക്കുകയാണെങ്കിൽ നി ൽക്കുകയും പിന്നെ അല്ലാഹു അക്ബർ എന്ന് പറഞ്ഞ് കൈകെട്ടുകയും തുടർന്ന് ഇമാമിനെ പിൻതുടരുകയും ചെയ്യുക. ഇമാമിനോടൊപ്പം നിനക്ക് റുകൂഅ് കിട്ടിയാൽ ആ റകഅത്ത് ലഭിച്ചു, ഇല്ലായെങ്കിൽ ആ റകഅത്ത് ലഭിച്ചില്ല.

8- ഇമാമിനോടൊപ്പം ഒരു റകഅത്തോ അതിലധിക മോ നഷ്ടപ്പെടുകയാണെങ്കിൽ ഇമാമിനോടൊപ്പം തുടരുകയും ഇമാം സലാം വീട്ടുമ്പോൾ സലാം വീട്ടാതെ നഷ്ടപ്പെട്ട് പോയത് വീണ്ടെടുക്കുവാനായി എഴുന്നേറ്റ് നമസ്കരിക്കു കയും ചെയ്യുക.

9- നമസ്കാരത്തിൽ വേഗത കൂട്ടുന്നത് ശ്രദ്ധിക്കുക. കാരണം വേഗതയിൽ നമസ്കരിക്കുന്നത് നമസ്കാരം തന്നെ നിരർത്ഥകമാവാൻ കാരണമാകുന്നതാണ്. വേഗ ത്തിൽ നമസ്കരിക്കുന്നവനെ കണ്ട പ്രവാചകൻ(ﷺ) പറയു കയാണ്:

عن أبي هريرةَ أن رسولَ اللهِ صلى الله عليـهِ وسـلم دخـلَ المسجِد فَدخلَ رجلٌ فَصلى فَسلم على النبِي صلى اللـه عليـهِ وسلم فَرد وقَالَ ارجِع فَصل فَإِنك لَم تصل فَرجع يصلي كَمـا صلى ثُم جاءَ فَسلم على النبِي صلى الله عليهِ وسلم فَقَالَ ارجِع فَصل فَإِنك لَم تصل ثَلاثًا فَقَالَ والذِي بعثَك بِالْحق ما أُحـسِن غَيره فَعلمنِي فَقَالَ إِذَا قُمت إِلَى الصلاةِ فَكَبر ثُم اقْرأْ ما تيـسر معك مِن الْقُرآنِ ثُم اركَع حتى تطْمئِن راكِعا ثُم ارفَع حتى تعدِلَ قَائِما ثُم اسجد حتى تطْمئِن ساجِدا ثُم ارفَع حتى تطْمئِن جالِـسا وافْعلْ ذَلِك فِي صلاتِك كُلِّها) (بخاري)

അബൂഹുറൈറ(رضي الله عنه)വിൽ നിന്ന് “പ്രവാചകതിരുമേനി(ﷺ) പ ള്ളിയിൽ പ്രവേശിച്ചു. അപ്പോൾ തന്നെ ഒരാൾ പള്ളിയിൽ പ്രവേശിക്കുകയും രണ്ട് റഅത്ത് നമസ്കരിച്ച് പ്രവാചക

നോട് സലാം പറയുകയും ചെയ്തു. തിരുമേനി സലാം മടക്കി പറയുകയുണ്ടായി: 'നീ നമസ്കരിക്കുക, കാരണം നീ നമസ്കരിച്ചിട്ടില്ല.' അങ്ങിനെ അദ്ദേഹം മടങ്ങി വീണ്ടും നമസ്കരിച്ച് സലാം പറയുകയുണ്ടായി. തിരുമേനി സലാം മടക്കി വീണ്ടും പറഞ്ഞു. നീ മടങ്ങുകയും നമസ്കരിക്കുകയും ചെയ്യുക, കാരണം നീ നമസ്കരിച്ചിട്ടില്ല. അങ്ങിനെ മൂന്ന് പ്രാവശ്യം ആവർത്തിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'സത്യവുമായി താങ്കളെ നിയോഗിച്ചവൻ തന്നെയാണ് സത്യം! എനിക്ക് ഇങ്ങനെയല്ലാതെ നമസ്കരിക്കുവാൻ സാധ്യമല്ല. താങ്കൾ എനിക്ക് പഠിപ്പിച്ച് തന്നാലും. അപ്പോൾ റസൂലുല്ലാഹ് പഠിപ്പിക്കുകയാണ്. നീ നമസ്കാരത്തിലേക്ക് നിന്നാൽ അല്ലാഹു അക്ബർ എന്ന് പറയുകയും, എന്നിട്ട് ഖുർആനിൽ നിന്ന് നിനക്ക് എളുപ്പമുള്ളത് പാരായണം ചെയ്യുകയും ചെയ്യുക. പിന്നെ നീ റുകൂഅ് ചെയ്യുകയും അതിൽ അടങ്ങി താമസിക്കുകയും ചെയ്യുക. പിന്നെ എഴുന്നേൽക്കുക, നേരെ ചൊവ്വേ നിൽക്കുന്നത് വരെ അതിലും സാവകാശം കാണിക്കുക. പിന്നെ സുജൂദ് ചെയ്യുക, സുജൂദ് നേരെയാകും വരെ അതിൽ അടങ്ങി താമസിക്കുകയും ചെയ്യുക. പിന്നെ നീ സുജൂദിൽ നിന്ന് ഉയർന്ന് ഇരിക്കുക, അതിലും സാവകാശം കാണിക്കുക. ഇപ്രകാരം നിൻെറ എല്ലാ നമസ്കാരത്തിലും ചെയ്യുക." (ബുഖാരി)

10- നമസ്കാരത്തിൻെറ ഏതെങ്കിലും ഒരു വാജിബ് (നിർബ്ബന്ധ ഘടകം) നഷ്ടപ്പെടുകയാണെങ്കിൽ ഉദാഹരണമായി രണ്ടാമത്തെ റകഅത്തിന് ശേഷം ഇരിക്കേണ്ട ഇരുത്തം നീ ഇരിക്കാതെ മൂന്നാമത്തെ റകഅത്തിലേക്ക് ഉയർന്നാൽ നമസ്കാരം പൂർത്തിയാക്കുകയും അവസാനം രണ്ട് സുജൂദ് ചെയ്ത് കൊണ്ട് സലാം വീട്ടുകയും ചെയ്യുക. ഇതിന് സുജൂദ് സഹ്വ് (മറവിയുടെ സുജൂദ്) എന്നാണ് പറയുക.

11- നമസ്കാരത്തിൽ അനാവശ്യമായി അനങ്ങുവാനോ, ചലിക്കുവാനോ പാടില്ല. അത് നമസ്കാരത്തിൻെറ ഭയഭക്തി തന്നെ നഷ്ടപ്പെടുവാൻ കാരണമാകും. അനിവാര്യമല്ലാത്ത ചലനങ്ങൾ അധികരിക്കുകയാണെങ്കിൽ നമസ്കാരം തന്നെ നിഷ്ഫലമാകുന്നതാണ്.

12- ഇശാഅ് നമസ്കാരത്തിൻെറ സമയം രാത്രിയുടെ പകുതി ഏകദേശം പന്ത്രണ്ട് മണിയോടെ അവസാനിക്കുന്നതാണ്, നിർബ്ബന്ധ സാഹചര്യത്തിലല്ലാതെ അതിലും പിന്തിപ്പിക്കുവാൻ പാടില്ല.

എന്നാൽ വിത്റ് നമസ്കാരത്തിൻെറ സമയം സുബ്ഹ് വരെയാകുന്നു.

## നമസ്കാരവുമായി ബന്ധപ്പെട്ട ഹദീസുകൾ

1- പ്രവാചകൻ(ﷺ) നമസ്കരിച്ചത്പോലെ നമസ്കരിക്കുക. തിരുമേനി(ﷺ) പറയുന്നു:

**(صلوا كما رأيتموني أصلي ) (بخاري)**

“ഞാൻ നമസ്കരിക്കുന്നതായി കണ്ടത്പോലെ നിങ്ങൾ നമസ്കരിക്കുക” (ബുഖാരി)

2- പള്ളിയിൽ പ്രവേശിച്ചാൽ ഇരിക്കുന്നതിന് മുമ്പ് രണ്ട് റകഅത്ത് നമസ്കരിക്കുക. നബി(ﷺ) പറയുന്നു:

**(إِذَا دخلَ أحدكُم المسجِد فَلْيركَع ركْعتين قَبـلَ أنْ يجلِـس ) (بخاري ومسلم)**

“നിങ്ങളിൽ പെട്ട ആരെങ്കിലും പള്ളിയിൽ പ്രവേശിച്ചാൽ ഇരിക്കുന്നതിന് മുമ്പ് റണ്ട് റകഅത്ത് നമസ്കരിക്കട്ടെ” (ബുഖാരി, മുസ്‌ലിം)

3- ഖബറിന്മേൽ ഇരിക്കുകയോ, അതിലേക്ക് തിരിഞ്ഞ് നമസ്കരിക്കുകയോ ചെയ്യരുത്. ഹദീസിൽ നമുക്ക് കാണാം:

( لاَ تجلسوا على القُبور ولاَ تصلوا إليها ) (مسلم)

“നിങ്ങൾ ഖബറുകളിൽ ഇരിക്കുകയോ, അതിലേക്ക് നമസ്കരിക്കുകയോ ചെയ്യരുത്” (മുസ്‌ലിം)

4- നിർബ്ബന്ധ നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ പിന്നെ സുന്നത്ത് നമസ്കാരങ്ങളില്ല. റസൂലുള്ളാഹി(ﷺ) നമ്മെ പഠിപ്പിക്കുന്നു:

( إذَا أُقيمتِ الصلاةُ فَلاَ صلاةَ إلا المكْتوبةَ ) (مسلم)

“നമസ്കാരത്തിന് ഇഖാമത്ത് വിളിച്ചാൽ നിർബ്ബന്ധ നമസ്കാരമല്ലാതെ മറ്റു നമസ്കാരങ്ങളില്ല.” (മുസ്‌ലിം)

5- നമസ്കരിക്കുമ്പോൾ ധരിച്ചിരിക്കുന്ന വസ്ത്രം ചുറ്റി പൊതിയുവാനോ, തലമുടിയെല്ലാം പിടിച്ച് കെട്ടുവാനോ പാടുള്ളതല്ല. കാരണം തിരുമേനി നമ്മെ പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക:

( أُمِرت أنْ أسجد على سبعةِ أعظُمٍ ولاَ أكُفّ ثَوبا ولاَ شـعرا) (مسلم)

“ഞാൻ ഏഴ് അവയവങ്ങളിൽ സുജൂദ് ചെയ്യുവാൻ കൽപിക്കപ്പെട്ടിരിക്കുന്നു, ഞാൻ വസ്ത്രമോ, മുടിയോ പിടിച്ച് തിരിക്കാതിരിക്കുവാനും” (മുസ്‌ലിം)

6- ജമാഅത്തായി നമസ്കരിക്കുമ്പോൾ അണികൾ (സ്വഫ്ഫുകൾ) വളവില്ലാതെ നേരെ നിക്കുവാനും, മടമ്പു കാലുകൾ അടുപ്പിച്ച് വെച്ച് ശരിയായി നിൽക്കുക. തിരുമേനി നമ്മെ ഓർമ്മപ്പെടുത്തുന്നു:

( أُقيموا صفُوفَكُم وتراصوا ) (بخاري)

“നിങ്ങൾ നിങ്ങളുടെ അണികൾ നേരെയാക്കുകയും, അടുത്ത് നിൽക്കുകയും ചെയ്യുക” (ബുഖാരി)

അനസ്(﵁) പറയുന്നു: “ഞങ്ങൾ നമസ്കരിക്കുമ്പോൾ ത ന്റെ അടുത്ത് നിൽക്കുന്നവന്റെ ചുമലിനോട് ചുമൽ ചേർത്ത് വെക്കുകയും, കാൽപാദത്തോട് കാൽപാദം ചേർ ത്ത് വെക്കുകയും ചെയ്യാറുണ്ടായിരുന്നു”

7- നമസ്കാരത്തിലേക്ക് ഗാംഭീര്യതയോടെ സാവധാനം വരിക, ഓടി കിതച്ചുകൊണ്ട് നമസ്കാരത്തിലേക്ക് വരു വാൻ പാടില്ല. അല്ലാഹുവിന്റെ തിരുദൂതർ(ﷺ) നമ്മെ പഠിപ്പിക്കുന്നു:

**(إِذَا أقيمت الصلاةَ فَلاَ تأتوها وأنتم تسعونَ ، وأتوهـا وأنـتم تمشون، وعلَيكُم السكِينةُ ، فَما أدركْتم فَصلوا وما فَاتكُم فَأَتموا)**

**(متفق عليه)**

“നമസ്കാരത്തിലേക്ക് വിളിക്കപ്പെട്ടാൽ നിങ്ങൾ ഓടി വര രുത്, നിങ്ങൾ നടന്ന്കൊണ്ട് വരിക, നിങ്ങൾ സാവധാന ത്തിൽ വരിക, നിങ്ങൾക്ക് ലഭിച്ചത് നമസ്കരിക്കുകയും, നഷ്ടപ്പെട്ടത് പൂർത്തിയാക്കുകയും ചെയ്യുക” (ബുഖാരി, മുസ്ലിം)

8- സുജൂദ് ചെയ്യുമ്പോൾ രണ്ട് മുൻ കൈകളും ഭൂമിയി ൽ വെക്കുകയും, മുട്ട് കൈകൾ ഭൂമിയിൽ നിന്ന് ഉയർ ത്തിപ്പിടിക്കുകയും ചെയ്യണം. മുട്ട് കൈകൾ ഭൂമിയിൽ പ തിച്ച് വെക്കുവാൻ പാടുള്ളതല്ല. പ്രവാചകൻ(ﷺ) പറയുന്നു:

**(إِذَا سجدت فَضع كَفيك وارفَع مِرفَقَيك ) (مسلم)**

“നീ സുജൂദ് ചെയ്താൽ രണ്ട് മുൻ കൈകളും വെക്കു കയും, നിന്റെ മുട്ടു കൈകൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുക” (മുസ്ലിം)

9- ജമാഅത്തായി നമസ്കരിക്കുമ്പോൾ നമസ്കാരത്തിന് നേതൃത്വം നൽകുന്ന ഇമാമിനെ ഒരു നിലക്കും മുൻ കട

ക്കുവാൻ പാടുള്ളതല്ല. ഇമാം എന്താണോ ചെയ്യുന്നത് അത് നാമും ചെയ്യുക. റസൂലുള്ളാഹി(ﷺ) തൻെറ സ്വഹാബികളോട് പറയുന്നതായി ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്നു:

(إني إمامكم فَلاَ تسبقوني بالركوع ولاَ بالسجود ولاَ بالقيام ولاَ بالإنصراف ) (مسلم)

“ഞാൻ നിങ്ങളുടെ ഇമാമാകുന്നു, നിങ്ങൾ റുകൂഇലോ, സുജൂദിലോ, നിർത്തത്തിലോ, നമസ്കാരത്തിൽ നിന്ന് വിട പറയുന്നതിലോ എന്നെ മുൻകടക്കുവാൻ പാടുള്ളതല്ല” (മുസ്‌ലിം)

10- നമസ്കരിക്കുകയാണെങ്കിൽ ഒരു സുത്‌റത്തി (മറയി) ലേക്ക് തിരിഞ്ഞ് നിന്ന് നമസ്കരിക്കുക. മറക്കും നമസ്ക രിക്കുന്നയാൾക്കുമിടയിലൂടെ ആരും നടക്കുവാനും പാടില്ല. നബി(ﷺ) നമ്മെ പഠിപ്പിക്കുന്നു:

(إذَا صلى أحدكُم إلى سترةٍ فَلْيدنُ منها ما لاَ يقْطَع الـشيطَانُ عليه صلاَته ) (صحيح رواه أحمد)

“ആരെങ്കിലും ഒരു മറയിലേക്ക് നമസ്കരിച്ചാൽ അവൻ ആ മറയിലേക്ക് അടുത്ത് നിൽക്കട്ടെ, അങ്ങിനെ ഒരു പിശാചും അവൻെറ നമസ്കാരത്തെ മുറിക്കുകയില്ല” (അഹ്മദ്, സ്വഹീഹായ ഹദീസ്)

മറയെന്ന് പഞ്ഞാൽ ചുമരോ, തൂണോ, മുന്നിൽ നമ സ്ക രിക്കുന്നവൻെറ മുതുകോ, വടിയോ, ഉയർന്ന് നിൽക്കുന്ന മറ്റെന്തെങ്കിലുമോ പരിഗണിക്കാവുന്നതാണ്.

## ജുമുഅ:യും ജമാഅ:ത്തും നിർബ്ബന്ധം

ജുമുഅ:, ജമാഅത്ത് എന്നീ നമസ്കാരങ്ങൾ പുരുഷന്മാർക്ക് നിർബ്ബന്ധമാണെന്ന് താഴെ വരുന്ന തെളിവുകളാൽ നമുക്ക് മനസിലാക്കാവുന്നതാണ്.

1- അല്ലാഹു പറയുന്നു:

**(ياأيها الذين آمنوا إذا نودي للصلاة من يوم الجمعة فاسعوا إلى ذكر الله وذروا البيع ذلكم خير لكم إن كنتم تعلمون) (الجمعة:٩)**

"സത്യ വിശ്വാസികളെ, വെള്ളിയാഴ്ച നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിലേക്ക് നിങ്ങൾ വേഗത്തിൽ വരികയും, വ്യാപാരം ഒഴിവാക്കുകയും ചെയ്യുക. അതാണ് നിങ്ങൾക്ക് ഉത്തമം, നിങ്ങൾ കാര്യം മനസ്സിലാക്കുന്നുവെങ്കിൽ" (ജുമുഅ: 9)

2- അശ്രദ്ധമായി ജുമുഅ: ഉപേക്ഷിക്കുന്നതിനെ സംബന്ധിച്ച് നബി(ﷺ) മുസ്ലിം സമൂഹത്തെപ്പറ്റി താക്കീത് ചെയ്യുന്നത് നാം ശ്രദ്ധിക്കുക:

**(من ترك ثَلاثَ جمع تهاونا بها طبع الله على قلبه ) (ترمذي)**

"അശ്രദ്ധമായി ആരെങ്കിലും മൂന്ന് ജുമുഅ: ഒഴിവാക്കിയാൽ അല്ലാഹു അവൻെറ ഹൃദയത്തിൽ സീൽ വെക്കുന്നതാണ്" (തിർമിദി)

3- നബി(ﷺ) പറയുന്നു:

**(من اغْتسلَ ثم أتى الجمعةَ فصلى ما قُدر له ثم أنصت حتى يفْرغَ من خطبته ثم يصلي معه غُفِر له ما بينه وبين الجمعة الأخرى وفَضلُ ثَلاثَةِ أيامٍ ) (مسلم)**

"ആരെങ്കിലും കുളിച്ച് ജുമുഅ:ക്ക് വരികയും, അവന് നിശ്ചയിച്ചത് നമസ്കരിക്കുകയും ചെയ്ത് ഇമാം ഖുത്ബയിൽ നിന്ന് വിരമിക്കുന്നതുവരെ നിശ:ബ്ദനായിരിക്കു

കയും ചെയ്താൽ അവന് ആ ജുമുഅ:ക്കും മറ്റൊരു ജുമുഅ:ക്കുമിടയിലുള്ളതും, വേറെ മൂന്ന് ദിവസത്തിൻെറ യും പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്" (മുസ്ലിം)

4- ജമാഅത്ത് നമസ്കാരം പുരുഷന്മാർക്ക് നിർബ്ബന്ധ മാണെന്നതിനുള്ള വ്യക്തമായ തെളിവ് നാം ശ്രദ്ധിക്കുക:

( عن أبي هريرةَ عن النبي صلى الله عليه وسلم قالَ: لقد هممت أنْ آمر بالصلاةِ فتقام ثُم أخالف إلى منازل قوم لا يشهدونَ الصلاةَ فأحرق عليهم ) (بخاري)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: "പ്രവാചകൻ(ﷺ) പറയുകയാണ്; നമസ്കാരത്തിന് കൽപിക്കുവാനും, എന്നി ട്ട് നമസ്കരിക്കുവാൻ സന്നിഹ്തരാവാത്തവരുടെ വീടുകളി ലേക്ക് പോയി അവരുടെ വീടുകൾ ചുട്ടെരിക്കുവാനും ഞാൻ വിചാരിച്ചു പോയി" (ബുഖാരി)

5- ബാങ്ക് കേട്ടിട്ടും പള്ളിയിലേക്ക് നമസ്കാരത്തിന് വരാ ത്തവർ നമസ്കരിച്ചാലും അവർക്ക് നമസ്കാരമില്ലായെ ന്നാണ് തിരുമേനി(ﷺ) പറയുന്നത്:

( عن ابن عباسٍ عن النبي صلى الله عليه وسلم قالَ: من سمع النداءَ فلم يأتِه فلا صلاةَ له إلا من عذْرٍ) (رواه إبن ماجه)

ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്ന് നിവേദനം: "പ്രവാചക ൻ(ﷺ) പറഞ്ഞു: "ആരെങ്കിലും ബാങ്ക് കേട്ടിട്ട് അതിന് വരാ ത്തവർക്ക് ഒഴിവ്കഴിവില്ലാതെ അവൻെറ നമസ്കാരം സ്വീകാര്യമാവില്ല" (ഇബ്നുമാജ) ഒഴിവ് കഴിവ് ഭയമോ, രോഗമോ ആണ്.

6- ഒരു ഹദീസ് നാം പ്രത്യേകം ശ്രദ്ധിക്കുക:

(عن أبي هريرةَ قَالَ أتى النبي صلى الله عليه وسلم رجلٌ أعمى فَقَالَ: يا رسولَ اللهِ إنه ليس لي قَائد يقُودني إلى المسجدِ، فَسأَلَ رسولَ اللهِ صلى الله عليه وسلم: أنْ يرخص له فَيصلي في بيتِه فَرخص له، فَلما ولى دعاه ، فَقَالَ: هلْ تسمع النداءَ بالصلاةِ، قَالَ : نعم، قَالَ: فَأَجِب ) (مسلم)

അബൂഹുറൈറ(ﷺ)വിൽ നിന്ന് നിവേദനം: "പ്രവാചകൻ(ﷺ) യുടെ അടുത്ത് അന്ധനായ ഒരാൾ വന്ന്കൊണ്ട് പറയുകയാണ്; എന്നെ പള്ളിയിലേക്ക് കൊണ്ട് വരുവാൻ ഒരു വഴികാട്ടിയില്ല, അത്കൊണ്ട് എനിക്ക് വീട്ടിൽ വെച്ച് നമസ്കരിക്കുവാൻ വല്ല ഇളവുമുണ്ടോ, നബി(ﷺ) അദ്ദേഹത്തിന് ഇളവ് നൽകി. അങ്ങിനെ അദ്ദേഹം തിരിഞ്ഞ് നടന്നപ്പോൾ അദ്ദേഹത്തെ തിരിച്ച് വിളിച്ച് ചോദിച്ചു: നമസ്കാരത്തിനുള്ള ബാങ്ക് നീ കേൾക്കാറുണ്ടോ? അദ്ദേഹം മറുപടി നൽകി. അതെ, നബി(ﷺ) പറഞ്ഞു: എങ്കിൽ നീ അതിന് മറുപടി നൽകണം, (അതായത്: നീ പള്ളിയിൽ ജമാഅത്തിന് പങ്കെടുക്കണം)" (മുസ്ലിം)

## ജുമുഅ:നമസ്കാരവും, അതിന്റെ മര്യാദകളും

1- വെള്ളിയാഴ്ച കുളിക്കുകയും, നഖം മുറിക്കുകയും, വൃത്തിയുള്ള വസ്ത്രം ധരിക്കുകയും, വുദുവെടുക്കുകയും ചെയ്യുക.
2- വെളുത്തുള്ളിയോ, ഉള്ളിയോ ഭക്ഷിക്കാതിരിക്കുക, പുകവലിക്കാതിരിക്കുകയും, അറാക്ക് കൊണ്ടോ, പേസ്റ്റ് കൊണ്ടോ പല്ലും വായയും ശുദ്ധിയാക്കുക.

3- പള്ളിയിലേക്ക് പ്രവേശിച്ച് കഴിഞ്ഞാൽ രണ്ട് റകഅത്ത് നമസ്കരിക്കുക, ഇമാം മിമ്പറിൽ ഖുത്ബ പറയുകയാണെങ്കിലും രണ്ട് റകഅത്ത് നമസ്കരിക്കുക, അതണ് തിരുമേനി(ﷺ) നമ്മെ പഠിപ്പിക്കുന്നത്.

(إذَا جاءَ أحدكُم يوم الجمعةِ والإمام يخطُب فَلْيركَع ركْعتـين وليتجوز فِيهما) (متفق عليه)

"വെള്ളിയാഴ്ച ഇമാം ഖുതുബ നിർവ്വഹിച്ച് കൊണ്ടിരിക്കെ നിങ്ങളിലാരെങ്കിലും പള്ളിയിൽ വന്നാൽ ലഘുവായി രണ്ട് റകഅത്ത് നമസ്കരിക്കട്ടെ" (ബുഖാരി, മുസ്ലിം)

4- ഇമാം ഖുതുബ പറയുന്നത് ശ്രദ്ധിച്ച് കേൾക്കുകയും, സംസാരിക്കാതിരിക്കുകയും ചെയ്യുക.

5- ഇമാമിനോട് കൂടെ ജുമുഅയുടെ നിർബ്ബന്ധമായ രണ്ട് റകഅത്ത് നമസ്കരിക്കുക. (നിയ്യത്ത് ഹൃദയത്തിൽ കരുതുക).

6- ജുമുഅ:ക്ക് ശേഷം പള്ളിയിൽ വെച്ച് സുന്നത്ത് നമസ്കരിക്കുകയാണെങ്കിൽ നാല് റകഅത്ത് നമസ്കരിക്കുക. വീട്ടിൽ വെച്ചാണ് നമസ്കരിക്കുന്നതെങ്കിൽ രണ്ട് റകഅത്തും നമസ്കരിക്കുക, വീട്ടിൽ വെച്ച് നമസ്കരിക്കലാണ് ഉത്തമം.

7- ജുമുഅ: ദിവസം പ്രവാചകൻ(സ)യുടെ മേൽ സ്വലാത്ത് അധികരിപ്പിക്കുക. അതിന് വർദ്ദിച്ച പ്രതിഫലമുണ്ട്.

8- വെള്ളിയാഴ്ച ധാരാളമായി പ്രാർത്ഥിക്കുക. കാരണം പ്രവാചകൻ(ﷺ) പറയുന്നു:

(إن فِي الجمعةِ لَساعةً لاَ يوافِقُها مسلِم يسألُ الله فِيها خيرا إلا أعطاه إياه ) (متفق عليه)

“വെള്ളിയാഴ്ച ഒരു സമയമുണ്ട്, അതിൽ ഒരു മുസ്ലിം അല്ലാഹുവിനോട് വല്ല നന്മയും ചോദിക്കുകയാണെങ്കിൽ അവനത് നൽകാതിരിക്കില്ല” (ബുഖാരി, മുസ്ലിം)
(വെള്ളിയാഴ്ച പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്ന സമയം അസറിന് ശേഷമാണ് എന്നതാണ് പണ്ഡിതന്മാരുടെ അഭിപ്രായങ്ങളിൽ പ്രബലം)

## حكم الغناء والموسيقي

## പാട്ടിന്റെയും, സംഗീതത്തിന്റെയും
## ഇസ്ലാമിക വിധി

ഗാനങ്ങളും, മ്യൂസിക്കും കേൾക്കുന്നതിനെതിരെ കുട്ടികളെ ബോധവൽകരണം നടത്തേണ്ടത് രക്ഷിതാക്കളുടെയും, പരിപാലകരുടെയും ബാധ്യതയാകുന്നു.

1- അല്ലാഹു പറയുന്നു:

**(ومن الناس من يشتري لهو الحديث ليضل عن سبيل الله بغير علم ويتخذها هزوا أولئك لهم عذاب مهين) (لقمان:٦)**

“യാതൊരറിവുമില്ലാതെ ദൈവമാർഗത്തിൽ നിന്ന് ജനങ്ങളെ തെറ്റിച്ചു കളയുവാനും, അതിനെ പരഹാസ്യമാക്കിത്തീർക്കുവാനും വേണ്ടി വിനോദവാർത്തകൾ വിലയ്ക്കു വാങ്ങുന്ന ചിലർ മനുഷ്യരുടെ കൂട്ടത്തിലുണ്ട്. അത്തരക്കാർക്കാണ് അപമാനകരമായ ശിക്ഷയുള്ളത്” (ലുഖ്മാൻ:6)

ഈ ആയത്തിൽ പരാമർശിക്കപ്പെട്ട 'ലഹ്‌വൽ ഹദീസ്' (വിനോദ വർത്തമാനം) എന്നതിന് അധിക ഖുർആൻ വ്യാഖ്യാതാക്കളും നൽകുന്ന വിശദീകരണം സംഗീതം എന്നാണ്.

ഇബ്നു മസ്ഊദ്(ﷺ) പറയുന്നു: "അതിൻെറ വിവക്ഷ, സംഗീതമാണ്".

ഹസനുൽ ബസ്വരി(റ) പറയുന്നു: "ഈ ആയത്ത് പാട്ടുകളെയും മ്യൂസിക്കിനെയും സംബന്ധിച്ചാണ് ഇറങ്ങിയത്".

2- പിശാചിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

**(واستفزز من استطعت منهم بصوتك) (الإسراء:٦٤)**

"അവരിൽ നിന്ന് നിനക്ക് സാധ്യമായവരെ നിൻെറ ശബ്ദം മുഖേന നീ ഇളക്കി വിട്ടുകൊള്ളുക" (ഇസ്രാഅ്:64)

ഈ ആയത്തിനെ സംബന്ധിച്ച് ഇമാം മുജാഹിദ് (റ) പറയുന്നതായി ഇബ്നുൽ ജൗസി(റ) തൻെറ തഫ്സീറിൽ പറയുന്നത് 'ഇത് പാട്ടും, മ്യൂസിക്കുമാണ്' എന്നാണ്.

3- താഴെ വരുന്ന ഹദീസ് നാം ശ്രദ്ധിക്കുക. പ്രവാചക തിരുമേനി(ﷺ) പറയുന്നു:

**(ليكونن من أمتي أقوام يستحلون الحر والحرير والخمر والمعازف) (بخاري)**

"എൻെറ സമുദയാത്തിൽ ഒരു വിഭാഗം ഉണ്ടാകും, അവർ വ്യഭിചാരവും, പട്ടും, മദ്യവും, മ്യൂസിക്കും അനുവദനീയമാക്കുന്നതാണ്" (ബുഖാരി)

അതായത്: മുസ്‌ലീങ്ങളിൽ നിന്ന് തന്നെ ഒരു വിഭാഗം വ്യഭിചാരം, പട്ട് ധരിക്കൽ, മദ്യപാനം, സംഗീതം എന്നിവ അനുവദനീയമാക്കുന്നതാണ്, എന്നാൽ അവ മുഴുവനും ഇസ്‌ലാമിൽ നിഷിദ്ധമാണ് താനും. ഇവിടെ **معازف** 'മഹാസിഫ്' എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് ഇന്ന് സംഗീതത്തിന് ഉപയോഗിക്കുന്ന മുഴുവൻ മ്യൂസിക് ഉപകരണങ്ങ

ളുമാകുന്നു. പ്രവാചകൻെറ ഹദീസ് പ്രകാരം ബെൽ (മ ണിനാദം) വരെ ഇതിൽ പെടുന്നു എന്നാണ് മനസിലാകു ന്നത്. തിരുമേനി(ﷺ) പറയുന്നു:

**(الْجرس مزاِمير الشيطْان ) (مسلم)**

“ബെൽ(മണിനാദം) പിശാചിൻെറ ശബ്ദ(സംഗീത)ത്തിൽ പെട്ടതാകുന്നു” (മുസ്ലിം)

ഇത് സൂചിപ്പിക്കുന്നത് ബെല്ലിൻെറ ശബ്ദം പോലും വെ റുക്കപ്പെട്ടതാണെന്നാണ്. മൃഗങ്ങളുടെ കഴുത്തിൽ ബന്ധി പ്പിക്കുന്ന ബെല്ലിൻെറ ശബ്ദവും, രൂപവും കൃസ്ത്യാനിക ൾ ഉപയോഗിക്കുന്നതിനോട് സാമ്യമായതാണ്. അതുകൊ ണ്ട് തന്നെ അത് ഓരോ മുസ്ലിമും ഒഴിവാക്കേണ്ടതാണ്.

4- ഇമാം ശാഫിഈ(റ) തൻെറ ‘അൽ ഖളാഅ്’ എന്ന ഗ്ര ന്ഥത്തിൽ പറയുന്നു: “സംഗീതം വെറുക്കപ്പെട്ട വി നോദ മാകുന്നു, അത് നിരർത്ഥകമായതിനോട് സാമ്യപ്പെടുക യും ചെയ്യുന്നു. അത് അധികമായി കേൾക്കുന്നവൻ വി ഢ്ഢിയും, അവൻെറ സാക്ഷ്യം അസ്വീകാര്യവുമാണ്”.

## ആധുനിക കാലത്തെ സംഗീതം

1- ആധുനിക കാലത്ത് സംഗീതം കൂടുതലും ഉപയോഗിച്ച് വരുന്നത് കല്യാണ സദസ്സുകളിലും, മറ്റു ഉത്സവ പരിപാ ടികളിലുമാണ്. അതുപോലെ ആധുനിക വാർത്താ മാധ്യമ ങ്ങളിലൂടെയും സംഗീതം അനിയന്ത്രിതമായി ഒഴുകുകയും ചെയ്യുന്നു. ഇങ്ങനെയുള്ള സംഗീതങ്ങളിലെല്ലാം വിഷയീഭ വിക്കുന്നത് സ്നേഹം, പ്രേമം, ദേഹേഛകൾ, ചുംബനം, ശരീര സൗന്ദര്യം, സംഗമിക്കൽ, കവിളിൻെറയും ചുണ്ടുക ളുടെയും വിശേഷണം തുടങ്ങി യുവാക്കളെ ഇക്കിളിപ്പെടു ത്തുകയും, വികാരം കൊള്ളിക്കുകയും, അവരെ ഫിത്ന യിലേക്കും, വ്യഭിചാരത്തിലേക്കും തള്ളിവിടുകയും, അതി

ന് പ്രേരിപ്പിക്കുകയും, സൽസ്വഭാവം പാടെ നശിപ്പിക്കുക യും ചെയ്യുന്നവയാകുന്നു.

2- ആധുനിക യുവത ഇന്ന് സംഗീതം പഠിക്കുവാനായി മറ്റു രാഷ്ട്രങ്ങളിലേക്കും യാത്ര ചെയ്യുകയും കലയുടെ യും, അഭിനയത്തിന്‍റെയും പേര് പറഞ്ഞ് സമ്പത്തുകൾ ധൂർത്തടിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാനാവുന്നത്. ആധുനിക തലമുറ യൂറോപ്പിലേക്കും മറ്റും സമ്പത്തുകളു മായി യാത്ര പോകുകയും, നടി നടന്മാരുടെയും, നർത്ത കി നർത്തകന്മാരുടെയും പിന്നാലെ കൂടുകയും, വികാര ത്തെ ഇളക്കി വിടുന്ന സിനിമകൾ കാണുകയും, ഫിത്ന യിലകപ്പെടുകയും ചെയ്യുന്നതായി നമുക്ക് കാണാവുന്ന താണ്. ഇതിൽ നിന്നും നാം നമ്മുടെ യുവതലമുറയെ ര ക്ഷിച്ചില്ലെങ്കിൽ വളരെ വലിയ അപകടമായിരിക്കും വന്ന് ഭവിക്കുക. അത്കൊണ്ട് നാം നമ്മുടെ യുവ തലമുറയെ ശരിക്കും നിരീക്ഷിക്കുകയും, വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതുണ്ട്.

3- ഇസ്‌ലാമിക ഗാനമാണെന്ന് പറഞ്ഞ് കൊണ്ട് ഇറങ്ങു ന്നതിൽ പോലും മ്യൂസിക്കുകളും, അതുപോലെ ഇസ്‌ലാമി ക വിശ്വാസത്തിന് നിരക്കാത്ത കാര്യങ്ങളും, കളവുകളും മറ്റും കാണാവുന്നതാണ്. അത് കൊണ്ട് അങ്ങിനെയുള്ള തിൽ നിന്നും നാം നമ്മുടെ വിശ്വാസത്തെയും, മതത്തെ യും രക്ഷപ്പെടുത്തേണ്ടതുണ്ട്.

## പാട്ടിൽ നിന്നും, സംഗീതത്തിൽ നിന്നുമുള്ള രക്ഷ:

1- സംഗീതം റേഡിയോവിൽ നിന്നോ, ടെലിവിഷനിൽ നി ന്നോ മറ്റു ഉപകരണങ്ങളിൽ നിന്നോ കേൾക്കാതിരിക്കുക. പ്രത്യേകിച്ച് മ്യൂസിക്കുകളടങ്ങിയിട്ടുള്ള അശ്ലീല ഗാനങ്ങ ൾ ഒരിക്കലും കേൾക്കാതിരിക്കുക.

2- സംഗീതത്തിൽ നിന്നും രക്ഷ നേടുവാൻ അധികമായി അല്ലാഹുവിനെ ഓർക്കുകയും, ഖുർആൻ പാരായണം ചെയ്യുകയും ചെയ്യുക. പ്രത്യേകിച്ച് സൂറത്തുൽ ബഖറ. കാരണം തിരുമേനി(ﷺ) പറയുന്നു:

**(إن الشيطانَ ينفر من البيتِ الذي تقرأ فيه سورةُ البقرة)** (مسلم)

"സൂറത്തുൽ ബഖറ പാരായണം ചെയ്യുന്ന വീട്ടിൽ നിന്നും പിശാച് ഓടിയൊളിക്കുന്നതാണ്" (മുസ്ലിം)

അല്ലാഹു പറയുന്നു:

**(ياأيها الناس قد جاءتكم موعظةٌ من ربكم وشفاءٌ لما في الصدور وهدى ورحمةٌ للمؤمنين) (يونس: ٥٧)**

"മനുഷ്യരെ, നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സദുപദേശവും, മനസ്സുകളിലുള്ള രോഗത്തിന് ശമനവും നിങ്ങൾക്ക് വന്നു കിട്ടിയിരിക്കുന്നു. സത്യവിശ്വാസികൾക്ക് മാർഗദർനവും കാരുണ്യവും (വന്നുകിട്ടിയിരിക്കുന്നു)" (യൂനുസ്: 57)

3- പ്രവാചക ചരിത്രവും, പ്രവാചകൻെറ സ്വഭാവങ്ങളും, സ്വഹാബാക്കളുടെ ചരിത്രവും പഠിക്കുകയും, വായിക്കുകയും ചെയ്യുക.

## സംഗീതത്തിൽ നിന്ന് അനുവദനീയമായത്:

1- പെരുന്നാൾ ദിനത്തിൽ അനുവദനീയമാത്. അതിനുള്ള തെളിവ് ആയിശാ(റ)യുടെ ഹദീസാണ്.

( عن عائِشةَ: أن رسولَ اللهِ صلى الله عليهِ وسـلم دخـلَ عليهـا وعِندها جارِيتان تضرِبان بِدفين فَانتهرهما أبو بكْرٍ، فَقَالَ النبِي صلى الله عليهِ وسلم: دعهن فَإِن لِكُل قَومٍ عِيدا) (النسائي)

"റപവാചകൻ(ﷺ) ആയിശാ(റ)യുടെ അടുത്ത് ചെന്നു, അപ്പോൾ അവരുടെയടുക്കൽ രണ്ട് അടിമ പെൺകുട്ടികൾ ദഫ്ഫ് മുട്ടി പാട്ട് പാടുന്നുണ്ടായിരുന്നു. ആ സമയം അബൂബക്കർ(رضي الله عنه) അവരെ ആക്ഷേപിച്ചു, അപ്പോൾ തിരുമേനി(ﷺ) പറഞ്ഞു: അവരെ വെറുതെ വിടുക, എല്ലാ സമൂഹത്തിനും ഉൽസവങ്ങളുണ്ട്" (നസാഇ)

2- നിക്കാഹിൻെറ സമയത്ത് ദഫ്ഫുകൾ മുട്ടി പാട്ടുകൾ പാടാവുന്നതാണ്. ഇതിനുള്ള തെളിവ് താഴെ വരുന്ന ഹദീസാകുന്നു:

( قَالَ رسولُ اللهِ صلى الله عليهِ وسلم: فَصلٌ بـين الْحـلاَلِ والْحرامِ الدف والصوت فِي النكَاحِ ) (أحمد)

"ഹലാലിൻെറയും ഹറാമിൻെറയുമിടയിലുള്ള വ്യത്യാസം വിവാഹവേളയിലെ ദഫ്ഫും, ശബ്ദവുമാകുന്നു" (അഹ്മദ്) (ഇത് പെൺകുട്ടികൾക്ക് മാത്രമാകുന്നു)

3- ജോലി ചെയ്യുന്ന സമയത്ത് ഉൽസാഹത്തിന് വേണ്ടി ആലപിക്കുന്ന ഇസ്ലാമിക ഗാനങ്ങൾ. പ്രത്യേകിച്ച് പ്രാർത്ഥനകളടങ്ങിയ ഗാനങ്ങൾ. പ്രവാചകനും സ്വഹാബികളും കിടങ്ങ് കുഴിച്ചപ്പോൾ അപ്രകാരം ചെയ്തതായി നമുക്ക് കാണാവുന്നതാണ്.

اللهـــــــم لاَ عيش إِلا عيش الآخِـــــــــره

فَأَصلِـــــــح الأنصار والْمهاجِـــــــــره

“അല്ലാഹുവെ, പരലോക ജീവിതമല്ലാതെ മറ്റൊരു ജീ വിതമില്ല;
മുഹാജിറുകളെയും, അൻസാറുകളെയും നന്നാക്കേണമേ”
അൻസാറുകളും,മുഹാജിറുകളും ഇതിന് മറുപടിപറയുന്നു:

نحـــــــــــن الذِين بايعوا محمــــــــــــــدا

علـــــــــى الجِهادِ ما بقِينا أبـــــــــــــــدا

“ഞങ്ങളാണ് മുഹമ്മദിന് ബൈഅത്ത് ചെയ്തവർ; ഞങ്ങ ൾ ജീവിച്ചിരിക്കുന്ന കാലമത്രയും ധർമ്മസമരത്തിനായി”
പ്രവാചകതിരുമേനി(ﷺ) തൻെറ അനുചരന്മാരോടൊപ്പം കിടങ്ങ് കുഴിക്കുന്ന വേളയിൽ ഇങ്ങനെ പാടിയിരുന്നു:

واللهِ لـــــــــــولا الله ما اهتدينـــــــــــــــا

ولا تصدقنــــــــا ولا صلينــــــــــــــــــا

فأنزلـــــــــــن سكِينةً علينــــــــــــــــــا

وثبـــــــــــتِ الأقْدام إنْ لاقينــــــــــــــــا

والمشـــــــــــركُونَ قد بغوا علينــــــــــــــا

إذَا أرادوا فِتنـــــــــــةً أبينــــــــــــــــــا

“അല്ലാഹു തന്നെയാണ് സത്യം! അല്ലാഹുവില്ലായിരുന്നുവെ ങ്കിൽ ഞങ്ങൾ സന്മാർഗത്തിലാവുകയോ, ഞങ്ങൾ സ്വദ ഖകൾ നൽകുകയോ, നമസ്കരിക്കുകയോ ചെയ്യില്ലായി രുന്നു, ഞങ്ങളിൽ നീ സമാധാനം ചൊരിയേണമേ, ശത്രു ക്കളെ കണ്ട്മുട്ടുമ്പോൾ ഞങ്ങളുടെ കാൽപാദങ്ങളെ നീ ഉറപ്പിച്ച് നിറുത്തേണമേ, മുശ്രിക്കുകൾ ഞങ്ങളിൽ അതി ക്രമം പ്രവർത്തിച്ചിരിക്കുന്നു, അവർ ഞങ്ങൾക്ക് ഫിത്ന

ഉദ്ദേശിച്ചപ്പോൾ ഞങ്ങളത് വിസമ്മതിക്കുകയും ചെയ്തിരിക്കുന്നു”

ഇതിന് മറുപടിയായി തിരുമേനി(ﷺ) ഇത് ആവർത്തിച്ച് കൊണ്ടേയിരുന്നു:

**أبيْنــــــــــــــــا ... أبيْنــــــــــــــــــا**

“ഞങ്ങൾ വിസമ്മതിച്ചിരിക്കുന്നു... ഞങ്ങൾ വിസമ്മ തിച്ചിരിക്കുന്നു...” (ബുഖാരി, മുസ്‌ലിം)

4- അല്ലാഹുവിൻെറ ഏകത്വത്തെ സംബന്ധിച്ചും, പ്രവാചകൻ(ﷺ)യോടുള്ള സ്നേഹവും, അദ്ദേഹത്തിൻെറ സ്വഭാവ സവിശേഷതകളും, അല്ലാഹുവിൻെറ മാർഗത്തിലുള്ള ജിഹാദും, അതിൽ ഉറച്ച് നിൽക്കുവാനുള്ള പ്രേരണയും, സ്വഭാവ സംസ്കരണവും, പരസ്പര സ്നേഹത്തിലേക്കുള്ള ക്ഷണവും, മുസ്‌ലീങ്ങൾക്കിടയിൽ തൗഹീദിലധിഷ്ടിതമായ ഐക്യവും, ഇസ്‌ലാമിൻെറ നന്മകളും, അടിസ്ഥാന കാര്യങ്ങളും, സമൂഹത്തിൻെറ നന്മകളും ഉൾകൊള്ളുന്ന ഗാനങ്ങൾ (മ്യൂസിക്കിൻെറ ചേരുവയില്ലാത്ത) അനുവദനീയമാണ്.

5- പെരുന്നാളിനും, നിക്കാഹിനും ദഫ്ഫ് അനുവദനീയമായിട്ടുള്ളത് സ്ത്രീകൾക്ക് മാത്രമാണ്. പുരുഷന്മാർക്ക് ഒരു സന്ദർഭത്തിലും അനുവദനീയമല്ല. കാരണം പ്രവാചകൻ(ﷺ) തൻെറ ജീവിതത്തിൽ ഒരിക്കൽ പോലും അത് ഉപയോഗിച്ചിട്ടില്ല, അത്പോലെ പ്രവാചകൻെറ സ്വഹാബികളും അത് ഉപയോഗിച്ചിട്ടില്ല. എന്നാൽ ചില സൂഫികളും, മറ്റും ദഫ്ഫ് അനുവദനീയമാക്കുകയും, ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ഇത് ബിദ്അത്താണ്. പ്രവാചകൻ(ﷺ) പറയുന്നു:

**(وإياكُم ومحدثَاتِ الأُمور فَإِن كُل محدثَةٍ بِدعةٌ وكُل بِدعةٍ ضلاَلةٌ)**

"കാര്യങ്ങളിൽ പുതുതായി ഉണ്ടാക്കുന്നതിനെ നിങ്ങൾ സൂക്ഷിക്കുക, കാരണം പുതുതായി ഉണ്ടാക്കുന്നതെല്ലാം ബിദ്അത്തുകളാണ്, എല്ലാ ബിദ്അത്തുകളും വഴികേടാകുന്നു" (തിർമിദി)

## حكم الصور والتماثيل

## രൂപങ്ങളുടെയും, ഫോട്ടോകളുടെയും വിധി.

1- ഇസ്‌ലാം ജനങ്ങളെ മുഴുവനും ക്ഷണിക്കുന്നത് അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലേക്കാണ്. ഔലിയാക്കളെയോ, സദ്‌വൃത്തരെയോ, വിഗ്രഹങ്ങളേയോ, ബിംബങ്ങളെയോ, രൂപങ്ങളെയോ, ചിത്രങ്ങളെയോ, ഖബറുകളെയോ, ജാറങ്ങളെയോ ഒന്നിനെയും ആരാധിക്കുവാൻ പാടില്ല. സൃഷ്ടികളെ ആരാധിക്കാതെ സ്രഷ്ടാവിനെ മാത്രം ആരാധിക്കുക.

പ്രബോധനം ചെയ്യുവാനായി ഭൂമിയിലേക്ക് അല്ലാഹു നിയോഗിച്ച മുഴുവൻ പ്രവാചകന്മാരും പ്രധാനമായും പ്രബോധനം ചെയ്തത് ഈ കാര്യം തന്നെയായിരുന്നു. അല്ലാഹു പറയുന്നു:

(ولَقَد بعثْنا ِفي كُل أُمةٍ رسولاً أن اُعبدوا الله واجتِنبوا الطاغُوت) (النحل:٣٦)

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുക യും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന്‌വേണ്ടി)” (നഹ്‌ൽ:36)

സൂറത്ത് നൂഹിൽ അല്ലാഹു പറയുന്നത് നൂഹ് (ﷺ)ൻെറ ജനത അവരിലുണ്ടായിരുന്ന സ്വാലിഹീങ്ങളുടെ രൂപങ്ങൾ ഉണ്ടാക്കി അവരെ ആരാധിച്ചിരുന്നുവെന്നാണ്. ഇതിനെ സംബന്ധിച്ച് ഇമാം ബുഖാരി ഉദ്ദരിക്കുന്നു. ഇബ്നു അബ്ബാസ്(ﷺ) താഴെ വരുന്ന ആയത്തിനെ വിശദീക രിച്ച് പറയുന്നു:

وقَالُوا لاَ تذَرن آَلِهتكُم ولاَ تذَرن ودا ولاَ سـواعا ولاَ يغـوثَ ويعوق ونسرا (*) وقَد أَضلوا كَثِيرا) (نوح:٢٣-٢٤)

“അവർ പറഞ്ഞു: (ജനങ്ങളെ,) നിങ്ങൾ നിങ്ങളുടെ ദൈവ ങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്. അങ്ങനെ അവർ വളരെയധികം ആളുകളെ വഴിപിഴപ്പിച്ചു” (നൂഹ്:23-24)

(هذه أَسماءُ رِجالٍ صالِحِين مِن قَومِ نوحٍ فَلَما هلَكُـوا أَوحـى الشيطَانُ إِلَى قَومِهم أَن انصِبوا إِلَى مجالِـسِهِم الَّتِـي كَـانوا يجلِسونَ أَنصابا وسموها بِأَسمائِهِم فَفَعلُوا فَلَم تعبـد حتـى إِذَا هلَك أُولَئِك وتنسخ الْعِلْم عبِدت ) (بخاري)

“ഈ പേരുകളെല്ലാം നൂഹ്നബി(ﷺ)ന്റെ സമുദായത്തിലെ സദ്വൃത്തരുടേതായിരുന്നു. അവർ മരിച്ച്പോയപ്പോൾ നിങ്ങൾ ഇരിക്കുന്ന സ്ഥലത്ത് അവരെപ്പറ്റി ഓർക്കുവാനായി അവരുടെ രൂപങ്ങൾ ഉണ്ടാക്കിവെക്കുകയെന്ന് പിശാച് അവർക്ക് ദുർബോധനം നൽകി. അങ്ങനെ അവരത് ചെയ്തു. അവർ ആ രൂപങ്ങളെ ആരാധിച്ചിരുന്നില്ല. അവർ മരിച്ച്പോയി, അടുത്ത തലമുറവന്നു, മഹാന്മാരെ ഓർക്കാനാണ് രൂപങ്ങൾ ഉണ്ടാക്കിയതെന്ന കാര്യം അറിയാതെ അവർ ആ രൂപങ്ങളെ ആരാധിക്കുവാൻ തുടങ്ങുകയും ചെയ്തു” (ബുഖാരി)

ഈ സംഭവം നമ്മെ ബോധ്യപ്പെടുത്തുന്നത്, നേതാക്കന്മാരുടെ രൂപങ്ങൾ ഉണ്ടാക്കിയതാണ് അല്ലാഹുവല്ലാത്തവർ ആരാധിക്കപ്പെടുവാൻ കാരണ മെന്നാണ്.

ഈ ആധുനിക കാലത്ത് ജനങ്ങളിലധികവും വിചാരിക്കുന്നത് രൂപങ്ങളും, ചിത്രങ്ങളും മറ്റും ഉണ്ടാക്കി വെക്കുന്നത് അനുവദനീയമാണെന്നാണ്, അതിനവർ കാരണമായി പറയുന്നത് ഈ കാലത്ത് ആരും രൂപങ്ങളെയും ചിത്രങ്ങളെയും ആരാധിക്കുന്നില്ലായെന്നാണ്. എന്നാൽ ഈ വാദം ഒട്ടനവധി കാരണങ്ങളാൽ നിരർത്ഥകമാണെന്ന് നമുക്ക് കാണാവുന്നതാണ്.

1- ഈ കാലത്ത് രൂപങ്ങളെയും, ചിത്രങ്ങളെയും ആരാധിക്കുന്നവർ ഉണ്ട്. ഈസാ നബി(ﷺ)യേയും, അവരുടെ മാതാവായ മറ്യമിനെയും ആരാധിക്കുന്നു. അതുപോലെ കുരിശിന് പോലും നമസ്കാരം അർപ്പിക്കുന്നവരെ നമുക്ക് കാണാവുന്നതാണ്!!

ഈസ(ﷺ)യാണെന്നും, കന്യാമറ്യമാണെന്നും പറഞ്ഞ് വളരെ ഭംഗിയായി രൂപങ്ങൾ വരക്കുകയും, വലിയ വില നൽകി വാങ്ങി ജനങ്ങളത് ചർച്ചുകളിലും വീടുകളി

ലും തൂക്കുകയും അവയെ ആരാധിക്കുകയും ചെയ്യു ന്നുണ്ട്.
2- ഭൗതികമായി മുന്നിൽ നിൽക്കുകയും, ആത്മീയമാ യി വളരെ പിന്നിൽ നിൽക്കുകയും ചെയ്യുന്ന പല നാടുകളി ലും അവരുടെ നേതാക്കന്മാരുടെ രൂപങ്ങൾ റോഡുകളി ലും, പൊതു സ്ഥലങ്ങളിലും കൊത്തിയുണ്ടാക്കുകയും, നാട്ടുകയും ചെയ്യുന്നു. അങ്ങിനെ അതിലൂടെ നടന്ന്പോ കുന്ന ആളുകൾ അതിൻെറ മുന്നിൽ വണങ്ങുകയും പ്ര ണാ മങ്ങളർപ്പിക്കുകയും ചെയ്യുന്നതായി നമുക്ക് കാണാം. ഉദാഹരണമായി റഷ്യയിൽ ലെനിൻെറയും കാറൽ മാർക് സിൻെറയും മറ്റും ഫോട്ടോകളും, രൂപങ്ങളും. അതുപോ ലെ അമേരിക്കയിൽ ജോർജ് വാഷിംഗ്ട്ടൻെറയും മറ്റും രൂ പങ്ങൾ. ഈ സംസ്കാരം പല അറബി നാടുകളും അവി ശ്വാസികളെ മാതൃകയാക്കികൊണ്ട് കടമെടുത്തിട്ടുണ്ട്. (ന മ്മുടെ നാടുകളിലാണെങ്കിൽ ഏതെങ്കിലും ഉയർത്തപ്പെട്ട ഖബറുകളിലോ, മഖ്ബറകളിലോ, മൺകൂനയിലോ പോ യി ജനങ്ങൾ അവിടെ കാണിക്കകളും, നേർച്ച സാധന ങ്ങളും, മറ്റും അർപ്പിക്കുകയും, അവിടെ ചുറ്റിപ്പറ്റി ജീവി ക്കുന്നവർക്ക് തങ്ങൾ കഷ്ടപ്പെട്ട് സമ്പാദിച്ച സമ്പത്തും നൽകുന്ന ദയനീയ കാഴ്ച നമുക്ക് കാണാവുന്നതാണ്. ഇങ്ങനെയുള്ള ജാറങ്ങളിൽ പോയി അവിടെയുള്ള പുരോ ഹിതന്മാർക്ക് നമ്മൾ നമ്മുടെ കാശും, വിശ്വാസവുമാണ് നൽകുന്നത്. അങ്ങിനെ ചെയ്യുന്നവർ ഇസ്ലാമിൽ നിന്ന് തന്നെ പുറത്ത്പോകുന്ന പാതകമാണ് ചെയ്യുന്നത്. അത് നാം വളരെ ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. അല്ലാഹു അങ്ങിനെയുള്ള ഫിത്നയിൽ നിന്ന് നമ്മെ കാ ത്ത് രക്ഷിക്കുമാറാവട്ടെ... വിവ:) ഇങ്ങനെ അല്ലാഹുവല്ലാ ത്തവരെ ആരാധിക്കുകയും മറ്റും ചെയ്യുന്ന സ്ഥലങ്ങളിൽ നാം ചിലവഴിക്കുന്ന സമ്പാദ്യം നാം ഇഹലോകത്തും പര

ലോകത്തും പ്രതിഫലം ലഭിക്കുന്ന കാര്യങ്ങൾക്ക് വേണ്ടി ചിലവഴിക്കേണ്ടതാണ്.

3- വരച്ചുണ്ടാക്കുന്നതും, കൊത്തിയുണ്ടാക്കുന്നതുമായ രൂപങ്ങൾക്ക് മുന്നിൽ കാലങ്ങൾക്ക്ശേഷം ജനങ്ങൾ വണങ്ങുവാനും, ആരാധനകളർപ്പിക്കുവാനും ആരംഭിക്കും. ഇതാണ് നമുക്ക് പല യൂറോപ്യൻ രാജ്യങ്ങളിലും മറ്റും കാണാൻ സാധിക്കുന്നത്. അതിന്മുമ്പ് നൂഹ്(عليه السلام)യുടെ സമുദായത്തിലും ഇത് തന്നെയാണ് സംഭവിച്ചത്. അവർ ആദ്യം തങ്ങളുടെ നേതാക്കന്മാരെ ഓർക്കുവാനായി അവരുടെ രൂപങ്ങളുണ്ടാക്കുകയും, പിന്നീടതിനെ ആദരിക്കുകയും, തുടർന്ന് വണങ്ങുകയും പിന്നെ ആരാധിക്കുവാനും തുടങ്ങി.

4- ചില ഇസ്ലാമിക രാജ്യങ്ങളിലും, മറ്റും ഔലിയാക്കളുടെയും മഹാന്മാരുടെയും ജാറങ്ങളും, മഖാമുകളും, പുണ്യസ്ഥലങ്ങളും ഉണ്ടാക്കുകയും അവിടെ പ്രാർത്ഥനകളും, ബലിയർപ്പിക്കലും, ത്വവാഫും ആരാധനയുടെ മറ്റു ഇനങ്ങളും അർപ്പിക്കപ്പെടുന്നത് നമുക്ക് കാണാവുന്നതാണ്. അതുപോലെ ചില മരങ്ങൾക്ക് പുണ്യം കൽപിക്കുകയും, അതിൽ ആഗ്രഹ സഫലീകരണത്തിന് ആണികൾ തറക്കുകയും, കയറുകൾ ബന്ധിപ്പിക്കുകയും, വാതിലിൽ കുതിരലാടങ്ങൾ കെട്ടിതൂക്കുകയും, വാഹനങ്ങളിൽ ഒറ്റച്ചെരിപ്പ് തൂക്കിയിടുകയും, കണ്ണേറിൽ നിന്നും മറ്റു ഉപദ്രവങ്ങളിൽ നിന്നും കുട്ടികളെ രക്ഷിക്കുവാനായി നൂലും മറ്റും കെട്ടുന്നതും നമുക്ക് ഇന്ന് കാണാവുന്നതാണ്. ഇതെല്ലാം വെറുക്കപ്പെട്ട കാര്യങ്ങളും ശിർക്കിൽ പെട്ടതുമാകുന്നു. ഇതെല്ലാം നാം വർജ്ജിക്കുകയും, ആളുകളെ അതിനെതിരെ ബോധവാന്മാരാക്കുകയും ചെയ്യുക.

5- പ്രവാചകതിരുമേനി(ﷺ) അലിയ്യുബ്നു അബൂത്വാലിബി(رضي الله عنه)നെ വിളിച്ച് കൊണ്ട് പറയുന്നു:

( لاَ تدع تمثَالاً إلا طَمسته ولاَ قَبرا مشرفًا إلا سويته ) (مسلم)

“ഒരു പ്രതിമയേയും തകർക്കാതെയും, കെട്ടിയുയർത്തപ്പെട്ട ഒരു ഖബറിനെയും തട്ടി നിരപ്പാക്കാതെയും നീ വിട്ടേക്കരുത്” (മുസ്‌ലിം)

ഇമാം അഹ്മദ് ഉദ്ധരിക്കുന്ന റിപ്പോർട്ടിൽ നമുക്ക് ഇങ്ങനെ കാണാവുന്നതാണ്:

( ولاَ صورةً إلا لَطختها ) أحمد

“ഒരു രൂപത്തെയും അതിൻെറ തല മായ്ച്ച് കളയാതെയും നീ വിട്ടേക്കരുത്”

പ്രവാചകൻ(ﷺ) പറയുന്നു:

(الصورة الرأس، فإذا قطع الرأس فلا صورة) (صححه الألباني في صحيح الجامع)

“രൂപം അത് തലയാണ്. അത് മുറിക്കുകയോ മായ്ച്ച് കളയുകയോ ചെയ്താൽ അത് (വിലക്കപ്പെട്ട) രൂപമല്ല.” (ഇമാം അൽബാനി തൻെറ സ്വഹീഹുൽ ജാമിഅ് എന്ന ഗ്രന്ഥത്തിൽ സ്വഹീഹാണെന്ന് വ്യക്തമാക്കിയതാണിത്)

## രൂപങ്ങളിലും, ഫോട്ടോകളിലും അനുവദനീയമായത്

1- മരങ്ങളുടെയും, നക്ഷത്രങ്ങളുടെയും, ചന്ദ്രൻെറയും, കുന്നുകളുടെയും, കല്ലുകളുടെയും, സമുദ്രങ്ങളുടെയും, നദികളിടെയും, ഭംഗിയുള്ള വസ്തുക്കളുടെയും, പവിത്രമാക്കപ്പെട്ട മക്ക മദീന മസ്ജിദുൽ അഖ്സ മറ്റു പള്ളികൾ എന്നിവയുടെയും ഫോട്ടോ എടുക്കലും, വരക്കലും അനുവദനീയമാണ്. അതിൽ മനുഷ്യരുടെയോ മൃഗങ്ങളുടെയോ, ആത്മാവുള്ളവയുടെയോ ഫോട്ടോ പാടില്ല. ഇതിനു

ള്ള തെളിവ് ഇബ്നു അബ്ബാസ്(ﷺ) റിപ്പോർട്ട് ചെയ്യുന്ന ഈ ഹദീസാണ്:

(إِنْ كُنت لاَ بد فَاعِلاً فَاصنع الشجر وما لاَ نفْس له ) (مسلم)

“നിനക്കത് ചെയ്യൽ നിർബ്ബന്ധമാണെങ്കിൽ മരങ്ങളുടേത് വരക്കുക, അതുപോലെ ആത്മാവില്ലാതിൻെറയും” (മുസ്ലിം)

2- തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് പോലെയുള്ള നിർബ്ബന്ധമായും ഫോട്ടോ പതിക്കേണ്ട സാഹചര്യം വരുമ്പോൾ നിർബ്ബന്ധിതാവസ്ഥ പരിഗണിച്ച് ഫോട്ടോയെടുക്കാവുന്നതാണ്.

3- കുറ്റവാളികളെയും, കള്ളന്മാരെയും, കൊലയാളികളെയും പിടിക്കുവാനും, ശിക്ഷിക്കുവാനും സഹായകമാകുന്നതിന് ഫോട്ടോയെടുക്കാവുന്നതാണ്. അതുപോലെ ചികിൽസയ്ക്ക് അനിവാര്യമായി വരുമ്പോഴും ഫോട്ടോയെടുക്കാവുന്നതാണ്.

4- ചെറിയ പെൺകുട്ടികൾക്ക് കളിക്കുവാനായി തുണികൊണ്ടോ, മറ്റു വസ്തുക്കൾ കൊണ്ടോ കുട്ടികളുടെ രൂപങ്ങളുണ്ടാക്കുക. അവരതിനെ വൃത്തിയാക്കുകയും, അതിന് വസ്ത്രമെടുപ്പിച്ച് കൊടുക്കുകയും ചെയ്ത് കൊണ്ട് ഭാവിയിൽ മാതാവാകാൻ പോകുന്നവർക്ക് എങ്ങിനെ കുട്ടികളെ പരിപാലിക്കാം എന്ന് പഠിക്കുവാൻ വേണ്ടി അത് അനുവദനീയമാണ്. ഇതിനുള്ള തെളിവ് ആയിശാ(റ)യുടെ ഹദീസാകുന്നു:

(كُنت أَلعب بِالْبنات عِند النبِي صلى الله عليه وسلم) (بخاري)

“ഞാൻ പ്രവാചകൻ(ﷺ)യുടെ സാനിധ്യത്തിൽ പെൺകുട്ടികളെ (പാവകൾ) കൊണ്ട് കളിക്കാറുണ്ടായിരുന്നു” (ബുഖാരി)

നമ്മുടെ കുട്ടികളുടെ സ്വഭാവം ചീത്തയാക്കുന്ന രൂപത്തിൽ വസ്ത്രം ധരിക്കുകയും, ശരീരഭാഗങ്ങൾ പുറത്ത്

കാണിക്കുകയും ചെയ്യുന്ന തരത്തിലുള്ള കളിപ്പാട്ടങ്ങൾ വാങ്ങുവാൻ പാടില്ല. കാരണം അത് നമ്മുടെ കുട്ടികൾ അനുകരിക്കുകയും, അതിലൂടെ സമൂഹം ദുഷിക്കുകയും ചെയ്യുന്നതാണ്.

## പുകവലി നിഷിദ്ധമാണോ?

കുട്ടികളെ പുകവലിയെ സംബന്ധിച്ച് താക്കീത് ചെയ്യൽ രക്ഷിതാക്കളുടെയും, പരിപാലകരുടെയും നിർബ്ബന്ധ ബാധ്യതയാകുന്നു.

പ്രവാചകൻ(ﷺ)യുടെ കാലത്ത് പുകവലിയു ണ്ടായിരുന്നില്ല. അത്കൊണ്ട് തന്നെ ശരീരത്തിന് ഹാനികരമായതും, കൂടെ കഴിയുന്നവരെ ഉപദ്രവിക്കുന്നതും, ധനം പാഴായി പോകുന്നതുമായ മുഴുവൻ കാര്യങ്ങളും ഇസ്‌ലാം നിഷിദ്ധമാക്കിയിട്ടുണ്ട്. ഇതിനുള്ള തെളിവ് താഴെ വിവരിക്കുന്നു:

1- അല്ലാഹു പറയുന്നു:

(ويحِل لهم الطيباتِ ويحرم عليهم الخبائثَ) (الأعراف:١٥٧)

“നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും, ചീത്ത വസ്തുക്കൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു” (അഅ്റാഫ്:157)

പുകവലി ചീത്തയും ഉപദ്രവമുള്ളതും, മ്ളേഛ വാസനയുള്ളതുമാകുന്നു.

2- അല്ലാഹു പറയുന്നു:

(ولاَ تلقُوا بِأيدِيكُم إِلى التهلُكَةِ ) (البقرة:١٩٥)

“നിങ്ങളുടെ കൈകളെ നിങ്ങൾ തന്നെ നാശത്തിൽ തള്ളിക്കളയരുത്” (അൽബഖറ:195)

പുകവലി ക്യാൻസർ പോലെയുള്ള നാശകാരികളായ രോഗത്തിന് കാരണമാകുന്നു.

3- അല്ലാഹു വീണ്ടും പറയുന്നു:

**(ولاَ تقْتلُوا أنفُسكُم ) (النساء:٢٩)**

“നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്” (നിസാഅ്:29)

പുകവലി പതിയെ, പതിയെ ശരീരത്തെ വധിക്കലാകുന്നു.

4- കള്ളിനേയും, ജൂതാട്ടത്തേയും സംബന്ധിച്ച് അല്ലാഹു പറയുന്നു:

**(وإثْمهما أكْبر مِن نفْعِهما) (البقرة:٢١٩)**

“എന്നാൽ അവയിലെ പാപത്തിന്റെ അംശമാണ് പ്രയോജനത്തിന്റെ അംശത്തെക്കാൾ വലുത്” (അൽബഖറ:219)

പുകവലിയിൽ അധികവും ഉപദ്രവമാണ്, അല്ല; മുഴുവനും ഉപദ്രവമാണ്, അതിൽ യാതൊരു നന്മയുമില്ല.

5- അല്ലാഹു പറയുന്നു:

**(إن المبذرين كانوا إخوانَ الشياطِين) (الإسراء:٢٧)**

“തീർച്ചയായും ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു” (ഇസ്രാഅ്:27)

പുകവലി പിശാചിൽ നിന്നുള്ള ദുർവ്യയമാകുന്നു.

6- പ്രവാചകൻ(ﷺ) പറയുന്നു:

**(لاَ ضرر ولاَ ضِرار ) (صحيح رواه إمام أحمد)**

“(മതത്തിൽ) ഉപദ്രവവും, ഉപദ്രവിക്കലുമില്ല” (അഹ്മദ്)

പുകവലി അടുത്തിരിക്കുന്നവനെ ഉപദ്രവിക്കലും, സ്വന്തം സമ്പത്ത് നശിപ്പിക്കലുമാണ്.

7- പ്രവാചകൻ(ﷺ) പറയുന്നു:

**(وكره (الله)إضاعةِ المال ) (متفق عليه)**

“ധനം നശിപ്പിക്കുന്നത് (അല്ലാഹു) വെറുത്ത കാര്യമാകുന്നു” (ബുഖാരി, മുസ്‌ലിം)
പുകവലിക്കുന്നവന് പുകവലികൊണ്ട് തന്റെ ധനം നശിപ്പിക്കലാണ് സംഭവിക്കുന്നത്. അത് അല്ലാഹു വെറുക്കുകയും നിഷിദ്ധമാക്കുകയും ചെയ്ത കാര്യമാണ്.
(ഇവിടെ വെറുക്കപ്പെട്ടത് എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത്: വിശുദ്ധഖുർആനിന്റെയും, തിരുസുന്നത്തിന്റെയും സലഫുകളുടെ അഭിപ്രായവുമനുസരിച്ച് നിഷിദ്ധത്തേയാണ് സൂചിപ്പിക്കുന്നത്).

8- തിരുമേനി(ﷺ) പറയുന്നു:

**(كُل أُمتي معافًى إلا المجاهِرين ) (متفق عليه)**

“എന്റെ സമുദായത്തിലെ മുഴുവനാളുകൾക്കും അല്ലാഹുവിൽ നിന്നുള്ള മാപ്പ് ലഭിക്കും, പരസ്യമായി കുറ്റം ചെയ്യുന്നവർക്കൊഴിച്ച്” (ബുഖാരി, മുസ്‌ലിം)

അതായത്: പുകവലിക്കുന്നവരെ പോലെയുള്ളവർ ഒഴിച്ച് മറ്റുള്ള മുഴുവൻ മുസ്‌ലീങ്ങൾക്കും തങ്ങളുടെ തെറ്റുകളെയും, പാപങ്ങളെയും അല്ലാഹു മായ്ക്കുന്നതാണ്, എന്നാൽ പുകവലിക്കുന്നവർ പരസ്യമായി അത് ചെയ്യുന്നത് കാരണം അവർക്കത് ലഭിക്കുകയില്ല. അതുപോലെ പരസ്യമായി ചെയ്യുന്നത് കാരണത്താൽ മറ്റുള്ളവർക്കും അതിനുള്ള പ്രേരണയാണ് അവർ നൽകുന്നന്നത്.

9- റസൂലുല്ലാഹ്(ﷺ) പറയുന്നു:

**(من كانَ يؤمِن بِاللهِ واليومِ الآخِرِ فَلا يؤذِي جاره) (بخاري)**

“ആരെങ്കിലും അല്ലാഹുവിലും അവസാന നാളിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ തന്റെ അയൽവാസിയെ ഉപദ്രവിക്കാതിരിക്കട്ടെ” (ബുഖാരി)

പുകവലിക്കുന്നവന്റെ വായിൽ നിന്നും വരുന്ന വെറുപ്പിക്കുന്ന വാസന കൊണ്ട് അവന്റെ ഭാര്യയും, സ

ന്താനങ്ങളും, അടുത്തിരിക്കുന്നവരും ബുദ്ധിമുട്ടനുഭവിക്കുന്നു. പ്രത്യേകിച്ച് മലക്കുകളും, കൂടെ നമസ്കരിക്കുന്നവരും.

## താടി വളർത്തൽ നിർബ്ബന്ധം

1- പിശാചിനെ സംബന്ധിച്ച് അല്ലാഹു പറയുന്നു:

(ولآمرنهم فَلَيغيرن خلْق اللهِ) (النساء:١١٩)

"ഞാനവരോട് കൽപിക്കുമ്പോൾ അവർ അല്ലാഹുവിൻെറ സൃഷ്ടി(പ്രകൃതി)യെ അലങ്കോലപ്പെടുത്തും" (നിസാഅ്:119) താടി വടിക്കുന്നത് അല്ലാഹുവിൻെറ സൃഷ്ടിപ്പിൽ മാറ്റം വരുത്തലാണ്, അതോടൊപ്പം പിശാചിനെ അനു സരിക്കലുമാകുന്നു.

2- പ്രവാചകൻ(ﷺ) പറയുന്നു:

(جزوا الشوارب وأرخوا اللحى خالِفُوا الْمجوس ) (مسلم)

"നിങ്ങൾ മീശ വെട്ടുകയും, താടി വളർത്തുകയും, മജൂസികളോട് എതിരാവുകയും ചെയ്യുക" (മുസ്ലിം)

അതായത് ചുണ്ടിലേക്കിറങ്ങുന്ന മീശ വെട്ടുകയും, താടി വളർത്തിക്കൊണ്ട് അവിശ്വാസികളോട് എതിരാവുകയും ചെയ്യുക.

3- തിരുമേനി(ﷺ) പറയുന്നു:

( عشر مِن الْفِطْرةِ: قَص الشارِبِ، وإِعفَاءُ اللحيةِ، والسواكُ، واستِنـشاق الْماءِ، وقَص الأَظْفَارِ، وغَسلُ الْبراجِمِ ،ونتف الْـإِبطِ، وحلْـق الْعانـةِ ، وانتِقَاص الْماءِ ) (مسلم)

"പത്ത് കാര്യങ്ങൾ ശുദ്ധ പ്രകൃതിയിൽ പെട്ടതാണ്. മീശ വെട്ടുക, താടി വളർത്തുക, ദന്തശുദ്ധീകരണം, വായിൽ വെള്ളം കൊപ്ളിക്കൽ, നഖം മുറിക്കൽ, വിരലുകൾക്കിട

യിലുള്ള വിടവുകൾ വൃത്തിയാക്കുക, കക്ഷ രോമം നീക്കുക, ഗുഹ്യരോമങ്ങൾ നീക്കുക, ശൗച്യം ചെയ്യുക" (മുസ്‌ലിം)

താടി വളർത്തുകയെന്നത് അല്ലാഹു നിശ്ചയിച്ച ശുദ്ധ പ്രകൃതിയിൽ പെട്ടതാണ്. അത്കൊണ്ട്തന്നെ അത് വടിക്കൽ നിഷിദ്ധവുമാണ്.

4- സ്ത്രീകളോട് സാമ്യം പുലർത്തുന്നവരെ നബി(ﷺ) ശപിക്കുന്നത് ശ്രദ്ധിക്കുക:

**(لَعن رسولُ اللهِ صلى الله علَيهِ وسلم الْمتشبهين مِن الرجال ِبالنساءِ ) (بخاري)**

"പുരുഷന്മാരിൽ നിന്ന് സ്ത്രീകളോട് സാദൃശ്യപ്പെടുന്നവരെ അല്ലാഹുവിൻെറ റസൂൽ ശപിച്ചിരിക്കുന്നു" (ബുഖാരി)

താടി വടിക്കുന്നത് സ്ത്രീകളോട് സാമ്യത പുലർത്തുന്നതും, അല്ലാഹുവിൻെറ കാരുണ്യത്തെ തടഞ്ഞ് നിറുത്തുന്നതുമാണ്.

5- തിരുമേനി(ﷺ) പറയുന്നു:

**(لكني أمرني ربي عز وجل أن أعفي لحيتي وأن أقُص شاربي) (حسن رواه إبن جرير)**

"പക്ഷേ, എൻെറ രക്ഷിതാവ് എന്നോട് താടി വളർത്തുവാനും, എൻെറ മീശ വെട്ടുവാനും കൽപിച്ചിരിക്കുന്നു" (ഇബ്നു ജരീർ ഉദ്ദരിച്ചത്)

താടി വളർത്തുകയെന്നത് അല്ലാഹുവിൻെറയും അവൻെറ ദൂതരുടെയും നിർബ്ബന്ധ കൽപനയാകുന്നു.

بر الوالدين

## മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ

ഇഹലോകത്തും പരലോകത്തും വിജയമാഗ്രഹിക്കുന്നവർ താഴെ വരുന്ന വസ്വിയ്യത്തുകൾ പ്രവർത്തിക്കട്ടെ.

1- മാതാപിതാക്കളോട് മര്യാദയോടെ സംസാരിക്കുക. അവരോട് 'ഛേ' എന്ന ഒരു വാക്കുപോലും പറയാതിരിക്കുക. അവർ പറയുന്നതിന് മറുത്തു പറയാതിരിക്കുക. അവരോട് മാന്യമായ വാക്കുകൾ പറയുക. അവരോട് വിനയം കാരുണ്യം കാണിക്കുകയും ചെയ്യുക.

2- തെറ്റുകളല്ലാത്ത മുഴുവൻ കാര്യങ്ങളിലും മാതാപിതാക്കളെ അനുസരിക്കുക, സ്രഷ്ടാവിനെ ധിക്കരിക്കുന്നതിൽ ആരെയും അനുസരിക്കുവാൻ പാടില്ല.

3- മാതാപിതാക്കളോട് അനുകമ്പയോടെ പെരുമാറുക. അവരോട് മുഖം ചുളിക്കാതിരിക്കുകയും, ദേഷ്യത്തോടെ അവരെ നോക്കാതിരിക്കുകയും ചെയ്യുക.

4- മാതാപിതാക്കളുടെ മാന്യതയും, അഭിമാനവും, അവരുടെ സമ്പത്തും കാത്ത് സൂക്ഷിക്കുക. അവരുടെ അനുവാദം

കൂടാതെ അവരുടെ സമ്പത്തുകളിൽ നിന്ന് യാതൊന്നും എടുക്കാതിരിക്കുക.

5- അവർ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്യുക. അവർ ആവശ്യപ്പെട്ടിട്ടില്ലെങ്കിലും കൂടി. ഉദാഹരണമായി അത്യാവശ്യ സാധനങ്ങൾ വാങ്ങുക, വിജ്ഞാനം അന്വേഷിക്കുക പോലെയുള്ള കാര്യങ്ങൾ.

6- പ്രവർത്തനങ്ങളിൽ മുഴുവനും അവരുമായി കൂടിയാലോചിക്കുക. അവരുടെ അഭിപ്രായത്തിന് എതിരായി വല്ലതും പ്രവർത്തിക്കണമെങ്കിൽ അവരോട് സമ്മതം ചോദിക്കുക.

7- മാതാപിതാക്കളുടെ വിളിക്ക് പുഞ്ചിരിക്കുന്ന മുഖവുമായി പെട്ടെന്ന് ഉത്തരം നൽകുക. എന്റെ ഉപ്പാ, എന്റെ ഉമ്മാ എന്ന് വിളി കേൾക്കുക. ഡാഡി, മമ്മി, ബാബാ, മാമായെന്ന വാചകങ്ങൾ ഒഴിവാക്കുക. അത് പാശ്ചാത്യൻ സംസ്കാരമാണ്.

8- മാതാപിതാക്കളുടെ ജീവിത കാലത്തും, അവരുടെ മരണത്തിന് ശേഷവും അവരുടെ കൂട്ടുകാരെയും, സുഹൃത്തുക്കളെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.

9- അവരോട് തർക്കിക്കുവാനോ, അവരുടെ വീഴ്ചകളെ ആക്ഷേപിക്കുകയോ ചെയ്യാതിരിക്കുക. മറിച്ച് മര്യാദയോടെ ശരി എന്തെന്ന് സൗമ്യമായി വ്യക്തമാക്കി കൊടുക്കുക.

10- മാതാപിതാക്കളോട് എതിര് പ്രവർത്തിക്കാതിരിക്കുകയും, അവരുടെ മുന്നിൽ വെച്ച് ശബ്ദം ഉയർത്താതിരിക്കുകയും ചെയ്യുക. അവർ സംസാരിക്കുമ്പോൾ നിശ:ബ്ദനായിരിക്കുകയും, അവരോട് മര്യാദയോടെ പെരുമാറുകയും ചെയ്യുക. മാതാപിതാക്കളോടുള്ള ബഹുമാനാർത്ഥം വീട്ടിലെ മറ്റുള്ളവരെ ബുദ്ധിമുട്ടിപ്പി ക്കാതിരിക്കുക.

11- മാതാപിതാക്കൾ വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ അവരെ ആദരിക്കുവാനായി എഴുന്നേൽക്കുകയും, അവരുടെ

തല ചുംബിക്കുകയും ചെയ്യുക. (അറബികൾക്കിടയിലെ ഒരാചാരം എന്നതിലുപരി മതത്തിൽ ഇതിന് രേഖയുള്ള തായി അറിയാൻ സാധിച്ചിട്ടില്ല. വിവ:)

12- വീട്ടിൽ ഉമ്മയെ സഹായിക്കുക. പിതാവിനെ ജോലി യിൽ സഹായിക്കുവാൻ മറക്കാതിരിക്കുകയും ചെയ്യുക.

13- പ്രധാനപ്പെട്ട കാര്യത്തിനാണെങ്കിൽ പോലും അവരുടെ അനുവാദമില്ലാതെ യാത്ര ചെയ്യാതിരിക്കുക. അനിവാര്യമാ ണെങ്കിൽ അവരോട് ക്ഷമ ചോദിക്കുക. യാത്രയിൽ അവ രുമായുള്ള ബന്ധം വിഛേദിക്കാതിരിക്കുക.

14- മാതാപിതാക്കളുടെയടുത്തേക്ക് അവരുടെ അനുവാദമി ല്ലാതെ പ്രവേശിക്കരുത്. പ്രത്യേകിച്ച് അവർ ഉറങ്ങുമ്പോ ഴും വിശ്രമിക്കുമ്പോഴും.

15- നിഷിദ്ധമായ പുകവലിക്ക് നീ പരീക്ഷിക്കപ്പെട്ടവനാ ണെങ്കിൽ അവരുടെ മുന്നിൽ വെച്ച് പുകവലിക്കാ തിരി ക്കുക. പുകവലി ഹറാമാകുന്നു.

16- അവർക്ക് മുമ്പ് ഭക്ഷണം കഴിക്കാതിരിക്കുക. ഭക്ഷണ വും പാനീയവും നൽകി അവരെ ആദരിക്കുക.

17- അവരോട് ഒരിക്കലും കളവ് പറയരുത്, നീ ഇഷ് ടപ്പെടാത്ത വല്ല കാര്യവും അവർ ചെയ്താൽ അവരെ നീ ആക്ഷേപിക്കരുത്.

18- മാതാപിതാക്കളെക്കാൾ നിൻെറ ഭാര്യക്കോ, നിൻെറ മക്കൾക്കോ നീ ഒരു കാര്യത്തിലും പ്രാധാന്യം നൽകരുത്. കാരണം മാതാപിതാക്കളുടെ തൃപ്തിയിലാണ് അല്ലാഹുവി ൻെറ തൃപ്തി, മാതാപിതാക്കളുടെ കോപത്തിലാണ് അല്ലാഹുവിൻെറ കോപവും.

19- മാതാപിതാക്കൾ ഇരിക്കുന്നതിനേക്കാൾ ഉയർന്ന സ്ഥലത്ത് ഇരിക്കാതിരിക്കുകയും, അവരുടെ സാന്നിദ്ധ്യ ത്തിൽ അഹങ്കാര സ്വഭാവത്തോടെ കാൽ നീട്ടിയിരിക്കാതി രിക്കുകയും ചെയ്യുക.

20- ഉന്നത ജോലിയിലാണെങ്കിലും നിൻെറ പിതാവിലേക്ക് ചേർത്തിപ്പറയുന്നതിൽ നീ ഒരിക്കലും വെറുപ്പ് കാണിക്കുവാൻ പാടില്ല. മാതാപിതാക്കളുടെ ഉപദേശം അവഗണിക്കുന്നതിനെയും, അവരെ ഒരു ചെറിയ വാക്ക് കൊണ്ട്പോലും ഉപദ്രവിക്കുന്നതും കരുതിയിരിക്കുക.

21- മാതാപിതാക്കൾ ആവലാതി ബോധിപ്പിക്കുന്ന രൂപത്തിൽ അവർക്ക് ചിലവഴിക്കുന്നതിൽ പിശുക്ക് കാണിക്കാതിരിക്കുക. അത് നിൻെറ പോരായ്മയാണ്. അതുപോലെ നിനക്ക് നിൻെറ സന്താനങ്ങളിൽ നിന്നും അത് ലഭിക്കും. കാരണം കണ്ട് പഠിക്കുന്നതാണ് അവർ ജീവിതത്തിൽ പ്രാവർത്തികമാക്കുക.

22- മാതാപിതാക്കളെ സന്ദർശിക്കുന്നത് അധികരിപ്പിക്കുകയും, അവർക്ക് പാരിതോഷികങ്ങളും മറ്റും നൽകുകയും ചെയ്യുക. നിന്നെ പരിപാലിച്ചതിനും, അതിനവർ സഹിച്ച ത്യാഗത്തിനും അവർക്ക് നന്ദി ചെയ്യുക. ഇതെല്ലാം സ്വന്തം ന്താനങ്ങളെ പഠിപ്പിക്കുകയും ചെയ്യുക.

23- ഏറ്റവും കൂടുതൽ നീ ആദരിക്കേണ്ടത് നിൻെറ മാതാവിനെയാണ്, പിന്നെ നിൻെറ പിതാവിനെ. മാതാപിതാക്കളുടെ കാൽകീഴിലാണ് സ്വർഗമെന്ന് നീ മനസ്സിലാക്കുക.

24- മാതാപിതാക്കളെ ഉപദ്രവിക്കുന്നതും, അവർ കോപിക്കുന്നതും നീ കരുതിയിരിക്കുക. കാരണമത് ഇഹലോകത്തും പരലോകത്തും ദൗർഭാഗ്യമാണ്. മാതാപിതാക്കളോട് നീ പെരുമാറുന്നത് പോലെയായിരിക്കും നിൻെറ സന്താനങ്ങൾ നിന്നോട് പെരുമാറുക.

25- മാതാപിതാക്കളോട് വല്ലതം ആവശ്യപ്പെടുകയാണെങ്കിൽ വളരെ അനുകമ്പയോടെ ചോദിക്കുക. അവർ നിനക്ക് നൽകിയാൽ അതിന് അവർക്ക് നന്ദി പറയുകയും, നൽകിയില്ലായെങ്കിൽ അവർക്ക് ക്ഷമിക്കുകയും ചെയ്യുക. ചോദിച്ച് അവരെ ബുദ്ധിമുട്ടിപ്പിക്കാതിരിക്കുക.

26- ഉപജീവന മാർഗം തേടാൻ കെൽപുള്ളവനാണെങ്കിൽ അത് നീ നിർവ്വഹിക്കുകയും, മാതാപിതാക്കളെ അതിൽ സഹായിക്കുകയും ചെയ്യുക.
27- നിനക്ക് നിൻെറ മാതാപിതാക്കളോട് ചില കടമകളും, നിൻെറ ഭാര്യയോട് ചില കടമകളുമുണ്ട്. എല്ലാവർക്കും അവരവരുടെ അവകാശങ്ങൾ നൽകുക. മാതാപിതാക്കൾക്കും ഭാര്യക്കുമിടയിൽ വല്ല ഭിന്നതകളും വന്നാൽ അവരെ യോജിപ്പിക്കുന്നതിനായി നീ പരിശ്രമിക്കുക. ഓരോരുത്തർക്കും രഹസ്യമായി പാരിതോഷികങ്ങളും മറ്റും നീ നൽകുക.
28- മാതാപിതാക്കൾ നിൻെറ ഭാര്യയോട് വല്ലവിധത്തിലും കയർത്ത് സംസാരിക്കുകയും, ആക്ഷേപിക്കുകയും ചെയ്താൽ നീ ഒരു വിധികർത്താവിനെപ്പോലെ വളരെ യുക്തിയോടെ അവർക്കിടയിൽ പെരുമാറുക. ഭാര്യയുടെ ഭാഗത്താണ് നീതിയും സത്യവുമെങ്കിൽ ഭാര്യയോട് പറഞ്ഞ് മനസിലാക്കി കൊടുക്കുക, ഞാൻ മാതാപിതാക്കളെ അനുസരിക്കുവാൻ ബാധ്യസ്ഥനാണ്, അത്കൊണ്ട്തന്നെ അവരെ ധിക്കരിക്കുവാൻ എനിക്ക് സാധ്യമല്ല. നീ ക്ഷമിക്കുകയെന്നൊക്കെ പറഞ്ഞ് ഭാര്യയെ സമാധാനിപ്പിക്കുക.
29- വിവാഹത്തിൻെറ കാര്യത്തിലോ, വിവാഹമോചനത്തിൻെറ കാര്യത്തിലോ മാതാപിതാക്കളുമായി ഭിന്നത വരുകയാണെങ്കിൽ ഇസ്ലാമിക ശരീഅത്തനുസരിച്ച് പ്രവർത്തിക്കുക. അതിലാണ് നന്മയുള്ളതും, നിൻെറ സഹായം കുടികൊള്ളുന്നതും.
30- മാതാപിതാക്കൾ നന്മയ്ക്കോ, തിന്മയ്ക്കോ പ്രാർത്ഥിച്ചാലും ഉത്തരം ലഭിക്കുന്നതാണ്. അത്കൊണ്ട് അവരോട് നന്മയ്ക്ക് വേണ്ടി പ്രാർത്ഥിപ്പിക്കുക. തിന്മയ്ക്ക്വേണ്ടി അവർ പ്രാർത്ഥിക്കുന്നതിനെ നീ കരുതിയിരിക്കുക.
31- ജനങ്ങളുമായി മര്യാദയോടെ പെരുമാറുക. ജനങ്ങളെ നീ ചീത്ത പറയുകയാണെങ്കിൽ അവർ നിന്നെയും, മാതാ

പിതാക്കളെയും ചീത്ത വിളിക്കുന്നതാണ്. പ്രവാചകൻ(ﷺ) പറയുന്നു:

(مِن الْكَبائِر شتم الرجل والِديهِ يسب أبا الرجل فَيسب أباه ويـسب أمه فَيسب أمه ) (متفق عليه)

"ഒരാൾ മാതാപിതാക്കളെ ചീത്ത പറയുന്നത് വൻ പാപത്തിൽ പെട്ടതാകുന്നു, ഒരാൾ മറ്റൊരാളുടെ പിതാവിനെ ചീത്ത പറയുമ്പോൾ അയാൾ ഇവൻെറ പിതാവിനെയും ചീത്ത പറയും, ഒരാൾ മറ്റൊരാളുടെ മാതാവിനെ ചീത്ത പറയുമ്പോൾ അയാൾ ഇവൻെറ മാതാവിനെയും ചീത്ത പറയുന്നതാണ്." (ബുഖാരി, മുസ്ലിം)

32- മാതാപിതാക്കളെ അവർ ജീവിച്ചിരിക്കുമ്പോഴും, അവർ മരിച്ചാലും സന്ദർശിക്കുകയും, അവരുടെ പേരിൽ സ്വദഖകളും, ദാനധർമ്മങ്ങളും അധികരിപ്പിക്കുകയും ചെയ്യുകയും, അവർക്ക്വേണ്ടി ധാരാളം പ്രാർത്ഥിക്കുകയും ചെയ്യുക. അവർക്ക്വേണ്ടി ഇങ്ങനെ പ്രാർത്ഥിക്കുക:

(رب اغْفِر لِي ولوالِدي) (نوح: ٢٨)

"എൻെറ രക്ഷിതാവെ, എനിക്കും എൻെറ മാതാപിതാക്കൾക്കും നി പൊറുത്ത് തരേണമേ" (നൂഹ്:28)

(رب ارحمهما كَما ربياني صغِيرا) ( الإسراء:٢٤)

"എൻെറ രക്ഷിതാവെ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയതു പോലെ ഇവരോട് നീ കരുണ കാണിക്കേണമേ എന്ന് നീ പറയുകയും ചെയ്യുക" (ഇസ്രാഅ്:24)

## الدعاء المستجاب

## ഉത്തരം ലഭിക്കുന്ന പ്രാർത്ഥന

ഉറക്കിൽ നിന്ന് ഞെട്ടി ഉണർന്നാൽ താഴെ വരുന്ന പ്രാർത്ഥന ചൊല്ലുക:

**عن عبادةُ بن الصامِتِ عن النبي صلى الله عليه وسلم قَالَ :من تعار مِن الليل فَقَالَ :لاَ إِله إلا الله وحده لاَ شريك له له الْملْك وله الْحمد وهو على كُل شيءٍ قَدِير الْحمد لِلهِ وسبحانَ اللهِ ولاَ إِله إِلا الله والله أَكْبر ولاَ حولَ ولاَ قُوةَ إِلا بِاللهِ ثُم قَالَ اللهم اغْفِر لِي أو دعا استجِيب له فَإِنْ توضأَ وصلى قُبِلَت صلاته) ( بخاري)**

ഉബാദത്തുബ്നു സ്വാമിത്തി(റ)ൽ നിന്നും നിവേദനം: പ്രവാചകതിരുമേനി(ﷺ) പറയുന്നു: "ആരെങ്കിലും രാത്രിയിൽ ഉണർന്നാൽ അവൻ ഇപ്രകാരം പറയട്ടെ: "അല്ലാഹുവല്ലാ

തെ ആരാധനക്കർഹനായി ആരുമില്ല. അവന് യാതൊരു പങ്കുകാരനുമില്ല. അവനാകുന്നു രാജാധികാരവും, സർവ്വ സ്തുതിയും, അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. അവനാണ് സർവ്വ സ്തുതികളും, അല്ലാഹു എത്രയോ പരിശുദ്ധൻ,അല്ലാഹുവല്ലാതെ ആരാധനക്കർഹനില്ല, അല്ലാഹുവാണ് ഏറ്റവും വലിയവൻ, അല്ലാഹുവിനെകൊണ്ടല്ലാതെ യാതൊരു കഴിവും, ശക്തിയുമില്ല" എന്നിട്ട് 'അല്ലാഹുവെ എനിക്ക് പൊറുത്ത് തരേണമേ', എന്നോ അല്ലെങ്കിൽ മറ്റാവശ്യങ്ങളോ പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കും. വുളുവെടുത്ത് കൊണ്ട് നമസ്കരിക്കുകയാണെങ്കിൽ ആ നമസ്കാരം സ്വീകരിക്കപ്പെടും." (ബുഖാരി)

1- എനിക്ക് രോഗമുണ്ടായപ്പോൾ അല്ലാഹുവിനോട് രോഗ ശമനത്തിനായി ഈ പ്രാർത്ഥന ഞാൻ പ്രാർത്ഥിച്ചപ്പോൾ അല്ലാഹു എനിക്ക് രോഗശമനം നൽകി.

2- ഭാരമേറിയ ജോലി ചെയ്തപ്പോൾ ഈ പ്രാർത്ഥന പാരായണം ചെയ്ത സമയത്ത് അല്ലാഹു എനിക്കത് എളുപ്പമാക്കി തന്നു.

3- ഞാൻ ഓരോ മുസ്ലിമിനോടും വസ്വിയ്യത്ത് ചെയ്യുന്നു -എന്ത് പ്രയാസങ്ങൾ നേരിട്ടാലും ഈ പ്രാർത്ഥന പ്രാർത്ഥിക്കുക.

## രോഗ ശമനത്തിന്റെ പ്രാർത്ഥന

1- ശരീരത്തിൽ വേദനിക്കുന്ന സ്ഥലത്ത് വലത് കൈ വെച്ച് താഴെവരുന്ന പ്രാർത്ഥന ചൊല്ലുക:

بِاسمِ اللهِ

'ബിസ്മില്ലാഹ്' (അല്ലാഹുവിൻെറ നാമത്തിൽ) എന്ന് മൂന്ന് പ്രാവശ്യം പറയുക:

(أعوذُ بِاللهِ وقُدرتِهِ مِن شر ما أَجِد وأُحاذِر ) (مسلم)

"ഞാൻ അനുഭവിക്കുകയും, ഭയപ്പെടുകയും ചെയ്യുന്ന മുഴുവൻ ബുദ്ധിമുട്ടുകളിൽ നിന്നും അല്ലാഹുവിനോട് അവന്റെ ശക്തികൊണ്ട് ഞാൻ ശരണം ചോദിക്കുന്നു" എന്ന് ഏഴു പ്രാവശ്യം പ്രാർത്ഥിക്കുക. (മുസ്ലിം)

2- താഴെ വരുന്ന പ്രാർത്ഥന ശ്രദ്ധിക്കുക:

**( اللهم رب الناس، أذْهِب الْباس، اشفِ أنت الشافِي، لاَ شـفاءَ إلا شِفَاءُك ، شفاءً لاَ يغادِر سقَما) (متفق عليه)**

"ജനങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ, പ്രായസത്തെ നീ നീക്കം ചെയ്യേണമേ, നീ രോഗം സുഖപ്പെടുത്തേണമേ നീയാണ് രോഗം സുഖപ്പെടുത്തുന്നവൻ, നിന്റെ ശമനമല്ലാതെ മറ്റൊരു ശമനവുമില്ല, യാതൊരു പ്രയാസവുമില്ലാത്ത രൂപത്തിൽ രോഗ ശമനം നൽകേണമേ" (ബുഖാരി, മുസ്ലിം)

3- ഇമാംബുഖാരി ഉദ്ദരിക്കുന്ന ഒരു പ്രാർത്ഥന ശ്രദ്ധിക്കുക:

**( أعوذُ بِكَلِماتِ اللهِ التامةِ مِن كُل شيطَانٍ وهامةٍ ومِن كُل عينٍ لاَمةٍ ) (بخاري)**

"എല്ലാ പിശാചിൽ നിന്നും, ഇഴ ജന്തുക്കളിൽ നിന്നും, ഉപദ്രവമുണ്ടാക്കുന്ന കണ്ണേറിൽ നിന്നും അല്ലാഹുവിന്റെ പരിപൂർണമായ കലിമത്തുകൾ (വചനങ്ങൾ) കൊണ്ട് ഞാൻ ശരണം ചോദിക്കുന്നു" (ബുഖാരി)

4- രോഗിയെ സന്ദർശിക്കുമ്പോൾ താഴെ വരുന്ന പ്രാർത്ഥന ഏഴ് പ്രാവശ്യം പ്രാർത്ഥിക്കുക:

**( أسألُ الله الْعظِيم رب الْعرش الْعظِيمِ أنْ يـشفِيك) (صـححه الحاكم ووافقه الذهبي)**

“മഹത്തായ സിംഹാസനത്തിൻെറ ഉടമയായ, ഉന്നതനായ അല്ലാഹുവിനോട് ഞാൻ ചോദിക്കുന്നു, രോഗശമനം പ്ര ദാനം ചെയ്യട്ടെ” അങ്ങിനെ ഏഴ് പ്രാവശ്യം പ്രാർത്ഥിച്ചാൽ അല്ലാഹു രോഗം ശിഫയാക്കുന്നതാണ്.

5- ആരെങ്കിലും ആപത്തുകളിൽ പ്പെട്ട വ്യക്തിയെ കണ്ടാൽ ഇങ്ങനെ പറയട്ടേ.

**( الْحمد ِللهِ الذِي عافَانِي ِمما ابتلاَكَ ِبهِ وفَضلَنِي علَى كَثِيرٍ ِممن خلَق تفْضِيلاً) (حسن رواه الترمذي)**

“നിന്നെ പരീക്ഷിക്കപ്പെട്ട കാര്യത്തിൽ നിന്നും എന്നെ രക്ഷിച്ച അല്ലാഹുവിനാണ് സ്തുതികളഖിലവും, അല്ലാഹുവിൻെറ അധികസൃഷ്ടികളേക്കാളും എന്നെ അവൻ ശ്രേഷ്ടനാക്കിയിരിക്കുന്നു.” (ഹസനായ ഹദീസ്, തിർമിദി റിപ്പോർട്ട് ചെയ്തത്) ഇത് പ്രാർത്ഥിച്ചാൽ അവന് ആ പരീക്ഷണം ബാധിക്കുകയില്ല.

6- സൂറത്തുൽ ഫാത്വിഅ:യും, സൂറത്തുൽ ഫലഖും, സൂറത്തുന്നാസും പാരായണം ചെയ്യുകയും അല്ലാഹുവിനോട് മാത്രം ശനമം ആവശ്യപ്പെടുകയും ചെയ്യുക. ചികിൽസയും പ്രാർത്ഥനയും സമന്വയിപ്പിക്കുക. സാധുക്കളെ സഹായിക്കുക എന്നാൽ അല്ലാഹുവിൻെറ അനുമതിയോടെ രോഗ ശമനമുണ്ടാവുന്നതാണ്.

7- സംസം വെള്ളം കുടിക്കുക. കാരണം പ്രവാചകൻ(ﷺ) പറയുന്നു:

**(إِ ا لَمبارَكةٌ، هي طَعام طُعم، وشفَاءُ سقم) (صحيح)**

“തീർച്ചയായും അത്(സംസം) അനുഗ്രഹീതമാകുന്നു, അത് ഭക്ഷിക്കുന്നവന് ഭക്ഷണവും, രോഗത്തിനുള്ള ശമനവുമാണ്” (സ്വഹീഹായ ഹദീസ്)

8- തേൻ ഉപയോഗിക്കുക. കാരണം അല്ലാഹു പറയുന്നു:

(فِيهِ شِفَاءٌ لِلناسِ) (النحل)

“അതിൽ ജനങ്ങൾക്ക് രോഗ ശമനമുണ്ട്) (നഹ്ൽ)

9- നബി(ﷺ) പറയുന്നു:

(الْحبةَ السوداءَ شِفَاءٌ مِن كُل داءٍ إلا مِن السامِ) (صحيح رواه الطبراني)

“കരിഞ്ചീരകം മരണം ഒഴികെ എല്ലാ രോഗത്തിനുമുള്ള ശിഫയാകുന്നു,” (ത്വബ്റാനി റിപ്പോർട്ട് ചെയ്ത സ്വഹീഹായ ഹദീസ്)

دعاء الإستخارة

<u>നന്മ തേടിക്കൊണ്ടുള്ള പ്രാർത്ഥന:</u>

عن جابِرِ بن عبدِاللهِ رضِي الله عنهما قَالَ: كَانَ رسولُ اللهِ صلى الله عليهِ وسلم يعلمنا الإِستِخارةَ فِي الْأمورِ كُلها كَما يعلمنا السورةَ مِن الْقُرآن يقُولُ إذَا هم أحدكُم بِالأَمرِ فَلْيركَع ركْعتين مِن غَيرِ الْفَرِيضةِ ثُم لِيقُل:( اللهم إني أستخِيرك بِعِلْمِك وأستقْدِرك بِقُدرتك وأسألُك مِن فَضلِك الْعظِيمِ فَإِنك تقْدِر ولاَ

أَقْدِر وتعلَم ولاَ أعلَم وأنت علام الْغيوبِ: اللهم إِنْ كُنت تعلَـم أن هذَا الأمر - ويسمي حاجته- خير لِي فِي دِينِـي ومعاشِـي وعاقِبةِ أمرِي وعاجِلِهِ وآجِلِهِ فَقَدره لِي ويسره لِي، ثُم بارك لِـي فِيهِ ،وإِنْ كُنت تعلَم أن هذَا الأمر شر لِي فِي دِينِـي ومعاشِـي وعاقِبةِ أمرِي وعاجِلِهِ وآجِلِهِ فَاصرِفْه عني ، واصرِفْنِي عنه واقْدر لِي الْخير حيثُ كَانَ، ثُم أرضِنِي بِهِ) (بخاري)

ജാബിർ(ؓ)വിൽ നിന്ന് പ്രവാചകൻ(ﷺ) ഞങ്ങളെ ഖൈറിനെ തേടുന്നതിനുള്ള പ്രാർത്ഥന ഖുർആനിലെ ഒരു സൂറത്ത് പഠിപ്പിക്കുന്നത്പോലെ പഠിപ്പിക്കാറുണ്ടായിരുന്നു. തിരുമേനി(ﷺ) പറയുന്നു: “നിങ്ങൾ ഒരു കാര്യം ഉദ്ദേശി ച്ചാൽ ഫർദ് നമസ്കാരമല്ലാത്ത രണ്ട് റകഅത്ത് നമസ്ക രിക്കുക, ശേഷം അവൻ പറയട്ടേ,

“അല്ലാഹുവെ, നിൻെറ അറിവ് കൊണ്ട് നിന്നോട് ഞാൻ നന്മ ചോദിക്കുന്നു. നിൻെറ കഴിവ് കൊണ്ട് നിന്നോട് ഞാൻ കഴിവ് ചോദിക്കുന്നു. മഹത്വമേറിയ നിൻെറ ഔ ദാര്യത്തിൽ നിന്ന് നിന്നോട് ഞാൻ ചോദിക്കുന്നു. തീർച്ച യായും നിനക്ക് കഴിയും എനിക്ക്കഴിയില്ല, നിനക്കറിയാം, എനിക്കറിയില്ല. നീ മറഞ്ഞ കാര്യങ്ങൾ സൂക്ഷ്മമായി അറി യുന്നവനാകുന്നു. അല്ലാഹുവെ, തീർച്ചയായും ഈ കാര്യം (ഇവിടെ കാര്യമെന്താണെന്ന് പറയുക) ദീനിലും ജീവിത ത്തിലും എൻെറ കാര്യത്തിൻെറ അവസാന ഫലത്തിലും അതിൽ -ക്ഷണികമായതിലും ശാശ്വതമായതിലും- എനിക്ക് ഗുണകരമാണെന്ന് നീ അറിയുന്നുവെങ്കിൽ അത് എനി ക്കു നീ നിർണ്ണയിക്കേണമേ. അതിൽ എനിക്ക് എളുപ്പമാ ക്കുകയും, അനുഗ്രഹം നൽകുകയും ചെയ്യേണമേ.

അല്ലാഹുവെ തീർച്ചയായും ഈ കാര്യം എൻെറ ദീനിലും ജീവിതത്തിലും എൻെറ കാര്യത്തിൻെറ അവസാന ഫല ത്തിലും, അതിൽ -ക്ഷണികമായതിലും ശാശ്വതമായതിലും- എനിക്ക് ദോഷമാണെന്ന് നീ മനസ്സിലാക്കുന്നതെങ്കിൽ എ ന്നിൽ നിന്ന് അതിനെയും അതിൽ നിന്ന് എന്നെയും അ കറ്റേണമേ. എനിക്കുത്തമമായത് ഏതാണോ അതെനി ക്ക് നീ നിർണ്ണയിക്കേണമേ. പിന്നെ അതുകൊണ്ടെന്നെ സംതൃപ്തനാക്കേണമേ" (ബുഖാരി)

മരുന്ന് സ്വയം കുടിക്കുന്നത്പോലെ മേൽ പറയ പ്പെട്ട നമസ്കാരവും പ്രാർത്ഥനയും സ്വയം തന്നെയാണ് നിർവ്വഹിക്കേണ്ടത്. അല്ലാഹു തനിക്ക് നൽകിയ കാര്യം അത് നന്മയായി തന്നെ തീർക്കുന്ന താണ്. നന്മയാണെ ന്ന് തിരിച്ചറിയുവാനുള്ള അടയാളങ്ങൾ അതിനുള്ള കാര ണങ്ങൾ എളുപ്പമായി തീരുന്നതാണ്. ഒരു കാര്യം ചെയ്യു വാനായി മാനദണ്ഡമാക്കുന്ന രീതി സ്വപ്നം കാണുകയെ ന്നതിനെ ഒഴിവാക്കുക. കാരണമത് ബിദ്അത്താണ്, മത ത്തിൽ അതിന് യാതൊരു അടിസ്ഥാനവുമില്ല.

# വിഷയ സൂചിക


| വിഷയം | رقـــم الصفحة | الموضوع |
|---|---|---|
| വിവർത്തക കുറിപ്പ് | 2 | كلمة المترجم |
| ലുഖ്മാനുൽഹകീം മകന് നൽകുന്ന ഉപദേശങ്ങൾ | 8 | وصايا لقمان الحكيم لإبنه |
| ആയത്തുകളിൽ നിന്നുള്ള ഗുണപാഠങ്ങൾ | 16 | من هداية الآيات |
| പ്രധാനപ്പെട്ട പ്രവാചക വസിയ്യത്തുകൾ | 19 | وصايا نبوية مهمة |
| ഹദീസിൽ നിന്നുള്ള ഗുണപാഠങ്ങൾ | 22 | من فوائد الحديث |
| ഇസ്ലാം കാര്യങ്ങൾ | 24 | أركان الإسلام |
| വിശ്വാസ കാര്യങ്ങൾ | 26 | أركان الإيمان |
| അല്ലാഹു സിംഹാസനത്തിന് മുകളിൽ | 28 | الله فوق العرش |
| വിസ്മയിപ്പിക്കുന്ന, ഉപകാരമുള്ള കഥ | 30 | قصة رائعة مفيدة |
| കഥയിൽ നിന്നുള്ള ഗുണപാഠങ്ങൾ | 31 | من فوائد القصة |
| മാതാപിതാക്കൾക്കും, സന്താനങ്ങൾക്കുമുള്ള പ്രവാചക ഉപദേശങ്ങൾ | 34 | نـصائح نبويـة للآبـاء والأبناء |

| | | |
|---|---|---|
| അധ്യാപകരുടെയും രക്ഷിതാക്കളുടെയും ഉത്തരവാദിത്തം | 38 | مسؤولية الأبوين والمعلم |
| നിഷിദ്ധങ്ങളെ തൊട്ട് താക്കീത് നൽകുക | 40 | التحذير من المحرمات |
| നമസ്കാരം പഠിപ്പിക്കൽ അനിവാര്യം | 43 | وجوب تعليم الصلاة |
| വസ്ത്രവും, പർദ്ദയും | 45 | الستر والحجاب |
| സ്വഭാവങ്ങളും മര്യാദകളും | 47 | الأخلاق والآداب |
| ധീരതയും, ആത്മ ധൈര്യവും | 49 | الجهاد والشجاعة |
| സന്താനങ്ങൾക്കിടയിൽ നീതി പാലിക്കുക | 51 | العدل في العطـاء بـين الأولاد |
| യുവാക്കളുടെ പ്രശ്നങ്ങൾ പരിഹരിക്കുക | 52 | حل مشاكل الشباب |
| സന്താന നിയന്ത്രണം | 57 | خطر تحديد النسل |
| നമസ്കാരത്തിന്റെ ശ്രേഷ്ടതയും അത് ഉപേക്ഷിച്ചാലുള്ള ശിക്ഷയും | 59 | فضل الصلوات والتحذير من تركها |
| വുദൂഉം, തയമ്മുമും | 62 | تعليم الوضوء والتيمم |
| കുട്ടികളെ നമസ്കാരം പഠിപ്പിക്കുക | 63 | تعليم الصلاة للأولاد |
| നമസ്കാരത്തിന്റെ വിധികളിൽ ചിലത് | 70 | من أحكام الصلاة |
| നമസ്കാരവുമായി ബന്ധപ്പെട്ട ഹദീസുകൾ | 74 | من أحاديث الصلاة |
| ജുമുഅ:യും ജമാഅ:ത്തും നിർബ്ബന്ധം | 77 | وجوب صـلاة الجمعـة والجماعة |

| | | |
|---|---|---|
| ജുമുഅ: നമസ്കാരവും, അതിന്റെ മര്യാദകളും | 80 | صلاة الجمعة وآدا ا |
| സംഗീതത്തിന്റെയും, മ്യൂസിക്കിന്റെയും വിധി | 82 | حكم الغناء والموسيقي |
| സംഗീതത്തിൽ നിന്ന് അനുവദനീയമായത്: | 86 | المستثنى من الغناء |
| രൂപങ്ങളുടെയും, ഫോട്ടോകളുടെയും വിധി. | 90 | حكم الصور والتماثيل |
| രൂപങ്ങളിലും, ഫോട്ടോകളിലും അനുവദനീയമായത് | 95 | الصور والتماثيل المسموح ا |
| പുകവലി നിഷിദ്ധമാണോ? | 97 | هل الدخان حرام؟ |
| താടി വളർത്തൽ നിർബ്ബന്ധം | 100 | إعفاء اللحية واجب |
| മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ | 102 | بر الوالدين |
| ഉത്തരം ലഭിക്കുന്ന പ്രാർത്ഥന | 108 | الدعاء المستجاب |
| രോഗ ശമനത്തിന്റെ പ്രാർത്ഥന | 109 | دعاء الشفاء |
| ഒരു കാര്യം തീരുമാനിക്കുവാനുള്ള പ്രാർത്ഥന: | 112 | دعاء الإستخارة |

# كيف نربي أولادنا

## وما هو واجب الآباء والأبناء

(باللغة  مليالم )

تأليف

**محمد بن جميل زينو**

ترجمة

**سيد سعفر صادق**

مراجعة

**محمد شمير مديني**

islamhouse.com

١٤٢٨هـ - ٢٠٠٧م

المكتب التعاوني للدعوة وتوعية الجاليات بالربوة

Islamic Propagation Office in Rabwah

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065
FAX: 4970126 - E-Mail: rabwah@islamhouse.com
http://www.islamhouse.com